309
R. Krishnan Nadar
Teacher
Kidarakuzhi

# ജൈത്രയാത്ര

309
JAWAHAR SMARAKA GRANDHA SALA
REG. No. 3273
VENGANOOR P.O.
KIDARAKUZHY



ഗ്രന്ഥകർത്താ-

തിരുനയിനാർകുറിച്ചി

**കെ. മാധവൻനായർ.**

CENTRAL PRESS, TRIVANDRUM.

പ്രസാധകർ,

ദി കേരളപബ്ലിസിററി കാർപ്പറേഷൻ (ക്ലിപ്തം)

തിരുവനന്തപുരം

1122

309
JAWAHAR SMARAKA KIDARAKUZHI GRANDHASALA
309

# രണ്ടുവാക്ക്

മഹാത്മജിയുടെ ബംഗാൾപര്യടനത്തെ സംബന്ധിച്ചുള്ള വാർത്തകൾ ദിനംപ്രതി പത്രപംക്തികളിൽ പ്രസിദ്ധീകൃതങ്ങളായി കണ്ടിരുന്നതുകൊണ്ടു് "ജൈത്രയാത്ര"യുടെ ആവിർഭാവത്തിൽ പുതുമയൊന്നും ഉദ്ദേശിച്ചിട്ടില്ല. അദ്ദേഹം ആചരിക്കുന്ന ആ മഹായജ്ഞത്തിന്റെ പരമോദ്ദേശവും പ്രായോഗികതയും ഇതിനകം പലേ വിശിഷ്ടഫലങ്ങളേയും വിളയിച്ചു കഴിഞ്ഞു. ലോകശാന്തിക്കുവേണ്ടി പ്രാണസമർപ്പണം ചെയ്യുന്ന ഒരു പരമയോഗിയുടെ തപസ്സാണു് ഈ തീർത്ഥാടനം. ദുഷ്കരമെന്നു കരുതപ്പെടുന്ന അഹിംസാസിദ്ധാന്തം സ്വജീവിതം കൊണ്ടു സുകരമാക്കുന്ന ഒരു സമ്പ്രദായം. അതെ ആ തീർത്ഥയാത്ര ഒരു ജൈത്രയാത്രതന്നെയാണെന്നുള്ളതിൽ തർക്കമില്ല. വിജയം അതിന്റെ പരമലക്ഷ്യമാണു്.

പത്രങ്ങളിലും മററും പ്രസിദ്ധീകൃതമായിരുന്ന ആ യാത്രാപരിപാടികളുടെ യഥാർത്ഥമായ ഒരു അനുക്രമണിക സൃഷ്ടിക്കുവാൻ മാത്രമേ ഞാൻ ശ്രമിച്ചിട്ടുള്ളു. അതിനുവേണ്ടി പലേ പത്രങ്ങളേയും പ്രസ്താവനകളേയും ശരണം പ്രാപിച്ചിട്ടുണ്ടു്. അവയുടെ നേരിയവെളിച്ചത്തിൽ കൂടി ബംഗാളിനേയും വർഗ്ഗീയലഹളകളേയും പാകിസ്ഥാൻ വാദത്തേയും പററി ചെറുതായ ഒരു പരിശോധന നടത്തുവാനും ശ്രമിച്ചിട്ടുണ്ടു്. തന്റെ ഈ യാത്രയെക്കുറിച്ചു് "എന്റെ ഏററവും വലിയതും ഒടുവിലത്തേതുമായ പരീ

ക്ഷണം" എന്നു മഹാത്മജിതന്നെ പറയുന്ന സ്ഥിതിയ്ക്കു ഈ ചെറുപുസ്തകത്തിന്റെ വിഷയഗൌരവം നിശ്ചയമാണല്ലോ. ലോകസമാധാനത്തിന്റെ സർവ്വശാഖകൾക്കും ജീവൻ നൽകിക്കൊണ്ടിരിക്കുന്ന ആ അവതാരപുരുഷന്റെ ഹിന്ദുമുസ്ലിംസമുദായമൈത്രി തന്നെയാണു് ഈ എളിയ കൃതിയുടെയും ഉദ്ദേശം.

പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിലും പുതുമയിലും വിജയം ഞാൻ നിശ്ചയിച്ചിട്ടില്ല. ഒരു പുതിയ പുസ്തകാലയത്തിന്റെ ആവിർഭാവത്തിൽ അകമഴിഞ്ഞു സന്തോഷിക്കുകയാണു്. വെറും സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം കെട്ടിപ്പടുത്തിട്ടുള്ള എത്രയോ പുസ്തകശാലകൾ നമ്മുടെ നാട്ടിലുണ്ടു്. പക്ഷേ, അവയുടെ അഭിവൃദ്ധി ഭാഷയെ ഒരു വിധത്തിൽ അധഃപതിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. വെറും പരസ്യവും പഞ്ചാംഗവും മൂന്നാം കിടയിലുള്ള പുസ്തകങ്ങളും കൊണ്ടു് അവയുടെ അന്തരീക്ഷം മ്ലാനമായിരിക്കുന്നു. ക്രയവിക്രയക്കണക്കുകളുടെയല്ലാതെ, സാഹിത്യത്തിന്റെ പ്രാഥമികപാഠംപോലും അഭ്യസിച്ചിട്ടില്ലാത്ത ഏതാനും സമ്പന്നന്മാർക്കു് സാഹിത്യവ്യാപാരം അങ്ങനെ ലാഭകരമായിത്തീർന്നു. ആ ദുരന്തദശാസന്ധിയിൽ നിന്നും ഭാഷയെ വിമോചിപ്പിക്കുന്നതിനും, അഭിമാനകരമായ ഭാഷാസേവന വിധികളിൽ വ്യാപരിക്കുന്നതിനും രംഗപ്രവേശം ചെയ്തിട്ടുള്ളതാണു് "ദി കേരള പബ്ളിസിററി കാർപ്പറേഷൻ." വിദ്യാസമ്പന്നരും സേവന സന്നദ്ധരുമായ ഏതാനും പ്രശസ്തവ്യക്തികളുടെ

309

സമുചിതമായ ഒരുസമാരംഭം. അവരിൽനിന്നും ഭാഷയ്ക്കും നാട്ടിനും അഭിമാനപ്രദമായ സംഭാവനകൾ സിദ്ധിക്കുമെന്നുതന്നെ നിശ്ചയിക്കാം. ആ പുതിയ പുസ്തകാലയത്തിന്റെ മലയാളഭാഷയിലുള്ള ആദ്യത്തെ പ്രസിദ്ധീകരണമാണ് ഈ ജൈത്രയാത്ര. എന്നെ പ്രോത്സാഹിപ്പിക്കുവാനുണ്ടായ ആ മഹത്തുക്കളുടെ ഔദാര്യത്തിൽ ഞാൻ കൃതജ്ഞനാവുകയും, പുസ്തകത്തിന്റെ വിജയത്തിൽ പൂർണ്ണസാഫല്യം ദർശിക്കുകയും ചെയ്യുന്നു. ഈ പുതിയ പ്രസിദ്ധീകരണ ശാലയുടെ ജൈത്രയാത്ര ജയലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനും, തുടർന്ന് അനേകമനേകം വിശിഷ്ട ഗ്രന്ഥങ്ങൾ സംഭാവന ചെയ്ത ഭാഷാദേവതയെ സമ്പന്നയാക്കുന്നതിനും സംഗതിയാകട്ടെ എന്നു പ്രാർത്ഥിയ്ക്കുന്നു.

ഗ്രന്ഥകാരൻ.

# പ്രസാധകക്കുറിപ്പ്

'ജൈത്രയാത്ര'യുടെ കർത്താവായ തിരുനയിനാർ കുറിച്ചി (ശ്രീ. കെ. മാധവൻ നായർ) ഒരു കവി, ഗ്രന്ഥകാരൻ, നാടകകർത്താവ് എന്നീ വിവിധനിലകളിൽ കേരളീയർക്ക് സുപരിചിതനായ ഒരു യുവാവാണ്. ഉത്സാഹശീലനും വാസനാസമ്പന്നനുമായ അദ്ദേഹം കൈരളിയുടെ സേവനത്തിൽ സദാ ജാഗരൂകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അപ്രകാരമുള്ള ഒരു ചെറുപ്രയത്നത്തിൻെറ ഫലമാണ് ഈ "ജൈത്രയാത്ര."

"കേരളപബ്ലിസിററി കാർപ്പറേഷൻ" ഉൽകൃഷ്ടമായ പല ആദർശങ്ങളോടും ഉദ്ദേശത്തോടുംകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു കമ്പനിയാണ്. വിപരീതശക്തികളുടെ ഉറച്ച നിലകൊണ്ട് ഇതേവരെ ഞങ്ങൾക്ക വളരെയൊന്നും പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശാസ്ത്രം, സംസ്കാരം, സാഹിത്യം, രാജ്യതന്ത്രം എന്നീ വിവിധവിഷയങ്ങളെ അധികരിച്ച് പ്രയോജനകരങ്ങളായ ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യണമെന്ന് ഞങ്ങൾക്കാഗ്രഹമുണ്ട്. അച്ചടിക്കുള്ള സൗകര്യങ്ങൾ ലഭിക്കുന്നതോടുകൂടി പ്രസിദ്ധീകരണകാര്യത്തിലും ഞങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നതാണ്. എന്നാൽ മനുഷ്യസമുദായത്തിൻെറ സംസ്കാരത്തെ ഏതെങ്കിലും തരത്തിൽ അല്പമെങ്കിലും പ്ര

തിധ്വനിപ്പിക്കുന്നതിനുതകാത്ത ഗ്രന്ഥങ്ങൾക്കു യാതൊരുപ്രോത്സാഹനവും ഞങ്ങൾ നൽകുന്നതല്ല. ഗ്രന്ഥരൂപത്തിൽ ഞങ്ങളുടെ ആദ്യത്തെ മലയാളപ്രസിദ്ധീകരണമായ ഈ "ജൈത്രയാത്ര"യെ കേരളീയർ അർഹിക്കുന്ന ബഹുമാനത്തോടുകൂടി സ്വീകരിക്കുമെന്നു് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

എന്നു്,

പ്രസാധകർ

# ജൈത്രയാത്ര

അതാ—നോക്കുക; ആ കല്ലും കരടും ചേറും ചെടിയും നിറഞ്ഞ കണ്ടകമാർഗ്ഗങ്ങളിൽക്കൂടി ആ എഴുപത്തേഴു വയസ്സുകാരൻ മുന്നോട്ടു നീങ്ങിത്തുടങ്ങി. തനിക്കാവശ്യമുള്ള ആഹാരവിഭവങ്ങളും ഉപകരണങ്ങളും സഞ്ചയിച്ചിട്ടുള്ള ഒരു സഞ്ചിക ഇടതുകൈകൊണ്ടും, യാത്രയ്ക്കു ലാഘവം നൽകുവാൻ തന്നോളംതന്നെ ദൈർഘ്യംപോരുന്ന ഒരു നെടുവടി വലതുകൈ കൊണ്ടും താങ്ങിയെടുത്തു് നഗ്നപാദനായ ആ തീർത്ഥയാത്രികൻ നടന്നുപോവുകയാണു്. മുട്ടോളം മാത്രമെത്തുന്ന ഒരു പരുപരുത്ത ഖദർ മുണ്ടുടുത്തിട്ടുണ്ടു്. അത്രയുംതന്നെ വിസ്താരംകുറഞ്ഞ ഒരു ഉത്തരീയം എല്ലുന്തിയ ഇടതുതോളിൽ മടക്കിയിട്ടിരിക്കുന്നു. സമയത്തിന്റെ ഗതിവേഗം കുറിക്കുവാനായിരിക്കാം അരയിൽ തിരുകിയിരിക്കുന്ന ആ ഘടികാരം.

അതേ, ആ യാത്രയെ സാഹസപ്പെടുത്തുവാൻ അത്രമാത്രം സജ്ജീകരണങ്ങളേ ഉണ്ടായിരുന്നുള്ളു. വാർദ്ധകവിലക്ഷണമായ ഒരു അസ്ഥിരൂപത്തിന്റെ സജീവസഞ്ചാരം. അനാഡംബരവും, സാധാരണവുമായ ഒരു വൃദ്ധന്റെ യാത്ര. പക്ഷേ, അകലെ ആ സഞ്ചാരത്തിനു വിജയമാശംസിച്ചുകൊണ്ടു ആയിരമായിരം കരസാരസങ്ങൾ തൊഴുതുയരുകയാണു്.......നാല്പതുകോടി ജനങ്ങളുടെ ആശയാനന്ദങ്ങൾ ആ വൃദ്ധന്റെ മുമ്പേ നടക്കുകയാണു്.....“ജയ്ഹിന്ദ്” “ജയ്ഭാരത്” “വന്ദേമാതരം!”

അതു രാഷ്ട്രീയ മുക്തിക്കുവേണ്ടിയുള്ള ഒരു തീർത്ഥയാത്ര യായിരുന്നു. സ്നേഹത്തിനും ത്യാഗത്തിനും ജീവിതം നൽകുവാൻ സ്നേഹഗായകനായ ഒരു സത്യാഗ്രഹിയനുഷ്ഠിക്കുന്ന അനശ്വരവും പവിത്രവുമായ തീർത്ഥയാത്ര. അഹിംസയുടേയും അക്രമരാഹിത്യത്തിൻെറയും അജയ്യശക്തികൾ ആയുധബലത്തെ അടിമപ്പെടുത്തുന്നതാണെന്ന് ലോകസമക്ഷം പ്രത്യക്ഷമാക്കുവാൻ കരുതിക്കൂട്ടിയ ഒരു മഹാപ്രസ്ഥാനം, അഥവാ കർമ്മയോഗം. ആരാധകരേയോ അമ്പലങ്ങളേയോ അഭിമുഖീകരിച്ചല്ല, സിദ്ധിയും മുക്തിയും ചിന്തിച്ചിട്ടല്ല ആ സിദ്ധാർത്ഥൻെറ തീർത്ഥയാത്ര. ഐശ്വര്യലാളിതങ്ങളായ ആലയപ്രാന്തങ്ങളിൽനിന്നും ആരുമാരുമില്ലാത്ത ഗ്രാമഭൂമികളിലേക്ക് അദ്ദേഹം നടന്നുപോകുകയാണ്. കാണുവാൻ സമയം കാത്തുനില്ക്കുന്ന കൗബേരലക്ഷങ്ങളെ കടാക്ഷിക്കുവാൻ കരുതാതെ, അകലെ അങ്ങങ്ങോ മൂലയിൽ അഭയം തേടിയുഴലുന്ന ദരിദ്രനാരായണന്മാരുടെ മുമ്പിലേക്കു അദ്ദേഹം കുമ്പിട്ടുപോവുകയാണ്. സത്യത്തിൻെറയും സമതയുടെയും സകലാരാധ്യമായ ചൈതന്യസ്വരൂപൻ. അതാ, സ്നേഹസന്ദേശവുമായി ജീവലോകത്തു വ്യാപരിക്കുകയാണ്. ഒരിക്കൽ ബുദ്ധനും, ക്രിസ്തുവും മാത്രം അവലംബിച്ചിട്ടുള്ള ആ ഒട്ടവിലത്തെ സത്യപരീക്ഷണം.... മഹാത്മാമോഹനദാസ് കരംചന്ദ് ഗാന്ധി അനുവർത്തിക്കുകയാണ്.

ഒരു മഹായുദ്ധത്തിൻെറ ബദ്ധപ്പാടിൽ വീർപ്പുമുട്ടിയലോകം സ്വാതന്ത്ര്യത്തിൻെറ സമുദയം ദർശിയ്ക്കുവാൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഭാരതത്തിൻെറ

ഭാഗധേയം നിണ്ണയിക്കുന്ന സുപ്രധാനസംഭവങ്ങൾ ഡൽഹിയിലും ലണ്ടനിലും ലോകശ്രദ്ധയെ ആകഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആഗാമികമായ മറെറാരാപത്തിനെ ശങ്കിച്ച്, സഹനശക്തി കൈവെടിഞ്ഞു, പടക്കളത്തിൽ ചാടിയിറങ്ങുവാൻ പരസ്സ്തം ഭാരതീയർ വെമ്പിക്കൊണ്ടിരിക്കുകയായിരുന്നു. ഓരോ നിമിഷവും അടുത്തുനടക്കുവാൻ പോകുന്ന സ്ഥിതിവിശേഷങ്ങളെ അഭ്യൂഹിക്കുന്നതിൽ ഉൽക്കണ്ഠാകുലമായിരിക്കുന്നു. സ്വാതന്ത്ര്യം! സ്വാതന്ത്ര്യം!....എങ്ങും എപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നത് ആ ഒരൊററമന്ത്രം മാത്രമായിരുന്നു. ഭാരതം സ്വതന്ത്രമാകുവാൻ ഇനിയും ഒരൊററ നിമേഷം മതി....അല്ലെങ്കിൽ,.... അതു അചിന്ത്യവും അതിഭയങ്കരവുമായ മറെറാരു മഹാപ്രശ്നം!

അപ്പോഴത്തേയ്ക്കും, അതാ, അന്നുവരെ ഭാരതസ്വാതന്ത്ര്യ സമരത്തിനു ചരടുപിടിച്ചിരുന്നതു ഏതൊരുമഹാനാണോ—അടിമത്വത്തിൽനിന്നും ഭാരതാംബയെ മോചിപ്പിക്കുവാനും ആനന്ദിപ്പിക്കുവാനുംവേണ്ടി അഭികാമ്യമായ ആത്മസുഖങ്ങൾ സകലവും സന്ത്യജിച്ച്, ബാംബിനും ബയണററിനും മാറിടംമലത്തിക്കാണിച്ച്, ശത്രുവിൻെറ മുമ്പിൽ കടന്നുചെല്ലുവാൻ കരൾക്കരുത്തു നേടിയിരുന്ന സഹനധീരൻ ആരായിരുന്നോ, വിദേശീയ ഭരണം അവസാനിപ്പിച്ച് ഭാരതത്തിൽ സ്വാതന്ത്ര്യസുന്ദരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി അവതീണ്ണനായ ആ മഹാപുരുഷൻ, മഹാത്മാഗാന്ധി, "എന്തു ചെയ്യണം—എന്തുചെയ്യണം!" എന്നു ഉപദേശം നേട

വാൻ നേതാക്കന്മാർ വെമ്പിയെത്തിക്കൊണ്ടിരുന്ന ആ സുപ്രധാന പ്രതിസന്ധിഘട്ടത്തിൽ, ആ സ്വാതന്ത്ര്യ ചിന്തകളിൽനിന്നും അവയിലൊന്നും പങ്കില്ലാത്തതു പോലെ അകന്നുമാറി നിസ്സംഗനും, നിർഭയനും, നിശ്ചിതനും എന്നപോലെ ഭാരതത്തിന്റെ പൗരസ്ത്യ മേഖലകളിലേക്ക് പോവുകയാണ്. സ്ഥാനമഹത്വമല്ല, സ്വാതന്ത്ര്യവാഞ്ഛയല്ല—സത്യവും ത്യാഗവും കൈകോർത്തു ചാർത്തിയ അഹിംസയുടെ അനശ്വരസന്ദേശം വിശ്വമെങ്ങും വ്യാപരിപ്പിക്കുവാൻ—സമാധാനത്തിന്റെ, സ്വർഗ്ഗത്തിന്റെ, സർവ്വതന്ത്ര സ്വാതന്ത്ര്യത്തിന്റെ പ്രവാചകൻ, സ്നേഹഗായകൻ—അങ്ങനെ തീർത്ഥയാത്രക്കൊരുമ്പെട്ടു.

“വാളിനെ വാളുകൊണ്ടെ”തിർക്കുന്നതല്ല. വിജയത്തിന്നനിദാനം. അഹിംസാസിദ്ധാന്തം “അക്രമത്തെ അക്രമരാഹിത്യംകൊണ്ടെതിർക്കുക” എന്നുള്ളതാണ്. ബാംബിനും ബയണററിനും അടിച്ചമർത്തുവാൻ കഴിയാത്ത പൗരുഷം അതിന്റെ ശക്തിയാണ്. ആ ശക്തിയുടെ അജയ്യതയ്ക്കു ലോകം കീഴ്‌വണങ്ങുന്നു. ഭൗതികാധികാരവശ്യങ്ങൾ വർദ്ധിപ്പിച്ചു, മനുഷ്യൻ സ്വാർത്ഥമാത്രപ്രസക്തനായിത്തീരുമ്പോൾ ഒരു മഹായുദ്ധം സംഭവിക്കും—അതിന്റെ സ്വതസ്സിദ്ധമായ മാരകത്വം ലോകത്തെ വിറപ്പിക്കും. നിണച്ചാലിൽ അഹങ്കാരംനശിച്ച് പതിഞ്ഞുകിടക്കാനിടയാകുന്ന ലോകത്തെ ഉദ്ധരിക്കുവാൻ ഒരു സ്നേഹഗായകനബുദ്ധനോ, ക്രിസ്തുവോ അവതരിക്കും. അവരുടെ അമൃതവാണികളിൽക്കൂടി അഹിംസയുടെ സന്ദേശങ്ങൾ

ലോകത്തുവ്യാപിക്കുന്നതോടുകൂടി, സമാധാനം വീണ്ടും സ്ഥാപിതമാകും. "അഹിംസാപരമോധർമ്മഃ"

സ്വരാജ്യസമ്പാദനത്തേക്കാൾ മഹാത്മജി അധികമധികം ആശിക്കുന്നതു സമുദായമൈത്രിയാണു്. ഹിന്ദുമുസ്ലീം മൈത്രിയാണു് അദ്ദേഹത്തിൻെറ മന്ത്രം. ആരംഭംമുതൽ അവസാനംവരെയുള്ള അദ്ദേഹത്തിൻെറ തീവ്രയത്നം ആ ബന്ധം സുദൃഢമാക്കുന്നതിനാണു്. ആ മൈത്രിക്കു ബാധകമായിനിൽക്കാവുന്ന ഏതൊന്നിനേയും അദ്ദേഹം എതിർക്കും. ഏതു പ്രതിരോധശക്തിയേയും അദ്ദേഹം തട്ടിത്തകർക്കും! സ്നേഹം, സ്നേഹം! അദ്ദേഹം ആ ഗാനശകലം സർവ്വസമുദായ ഹൃദയത്തിലും അലിയിച്ചുചേർക്കും...

ഭാരതത്തിൻെറ രാഷ്ട്രീയമോക്ഷം വിദേശീഭരണം അവസാനിപ്പിക്കുന്നതിലല്ല, ആഭ്യന്തര സമാധാനം സ്ഥാപിക്കുന്നതിലാണെന്നു് അദ്ദേഹം ഗ്രഹിച്ചുകഴിഞ്ഞിരുന്നു.—സഹോദരഹത്യയാകുന്ന പാതകത്തിൽ നിന്നും സഹോദരന്മാരെ മോചിപ്പിക്കുക—സാഹോദര്യവും, സമത്വവും, ഭാരതീയഹൃദയങ്ങളിൽ അങ്കുരിപ്പിക്കുക! സകലരും ജാതി മത ഭേദമെന്യേ, സർവ്വതന്ത്രസ്വതന്ത്രരായി, അയ്യായിരം വർഷങ്ങൾക്കുമുമ്പേ അവസാനിച്ചുപോയ ആ "രാമരാജ്യത്തിൽ" പ്രവേശിക്കുക. അതിനുള്ള പ്രഥമോപാധി വിദേശീഭരണം അവസാനിപ്പിക്കലാണു്. വിദേശീഭരണം സമുദായബന്ധത്തിനു വിഘാതകരമായിരുന്നു. ഭിന്നിപ്പിച്ചുഭരിക്കുന്നതിനും ഭേദബുദ്ധിയങ്കുരിപ്പിക്കുന്നതിനും ഹേതുഭൂതമാകുന്നു. ചൂഷണവും, മർദ്ദ

നവും, കള്ളവും, ചതിയും, ക്രൂരതയും, അതിൻെറ വിജയസി ദ്ധിക്കുള്ള ആയുധങ്ങളുമാകുന്നു! ആ വിദ്വേഷകരമായ അടിമത്വത്തിൽ നിന്നും ആദ്യമേ ഭാരതത്തെ മോചിപ്പിക്കുക. വ്യക്തികൾ ജാതിയിലേക്കും ജാതികൾ സമുദായങ്ങളിലേക്കും സമുദായങ്ങൾ സംഘടനകളിലേക്കും, സംഘടനകൾ രാഷ്ട്രീയരക്ഷയ്ക്കുവേണ്ടിയും നിലകൊള്ളുന്നതിനുള്ള ആ ഉത്തരവാദബോധം ജനഹൃദയങ്ങളിൽ ജാതമാകുമ്പോൾ അഹിംസയുടേയും ശാന്തിയുടേയും ഏക ദൈവബോധത്തിൻേറയും തത്വങ്ങൾ അവരുടെ ഹൃദയത്തിൽ പ്രവത്തനം തുടങ്ങും. അതു് അനന്തരപരമ്പരകളിൽക്കൂടി പരമലക്ഷ്യമാകുന്ന! ശാശ്വതശാന്തിയിൽ വിലയം പ്രാപിക്കും.

സബർമതിയിൽ നിന്നും സത്യഗ്രഹസന്ദേശവുമായി അദ്ദേഹം ലോകരംഗത്തു പ്രവേശിച്ചു. മാനുഷികവും ബാലിശവുമായ കേവലാവേശം മാത്രമല്ലായിരുന്നു അതു്. പടയും വെടിയും കണ്ടു് പൊട്ടിപ്പോകുന്ന ഹൃദയമല്ലായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. "ജന്മം നേടിയതിൻെറ പ്രയോജനം വേണമെങ്കിൽ ജന്മഭൂമിയുടെ കണ്ണീർതുടക്കുക—നിവർന്നില്ക്കുവാനും നടക്കുവാനും പഠിക്കുക- സ്നേഹംകൊണ്ടു് ക്രയവിക്രയം നടത്തുക' അതായിരുന്നു അദ്ദേഹത്തിൻെറ സന്ദേശം. ഓരോ ഭാരതീയ ഹൃദയങ്ങളിലും ആ മഹാ മന്ത്രം പ്രചരിപ്പിക്കുന്നതിനും സത്യം, ത്യാഗം, സഹനശക്തി് സത്യഗ്രഹം തുടങ്ങിയ സനാതനമാർഗ്ഗങ്ങളിൽക്കൂടി അവരെ സ്വാതന്ത്ര്യഗോപുരത്തിലേക്കു് നയിക്കുന്നതിനും വേണ്ടി അദ്ദേഹം ജീവിച്ചു.

അക്രമത്തെ അക്രമരാഹിത്യം കീഴടക്കി. ഹിംസയെ അഹിംസ കൈവശപ്പെടുത്തി. സമരം സഹനസമരത്തിൻെറ മുമ്പിൽ മുട്ടുകുത്തി. ആദിത്യനസ്തമിക്കാത്ത ആ മഹാസാമ്രാജ്യം, ആറടിമാത്രം ദൈർഘ്യമേലുന്ന ആത്മവീര്യസ്വരൂപത്തിൻെറ കാലടികളിൽ സാഷ്ടാംഗം പ്രണാമിച്ചു.

'അതാ—അനേകശതം സംവത്സരങ്ങളായി പാരതന്ത്ര്യംഅനുഭവിച്ചുകൊണ്ടിരുന്ന ഭാരതത്തിൻെറഹൃദയാംബരത്തിൽ സ്വരാജ്യമാകുന്ന വെള്ളിനക്ഷത്രം പ്രകാശം വീശിത്തുടങ്ങി.'....

ജീവിതം ജീവിക്കുന്നതിനു വേണ്ടിയുള്ളതാണു്. ജീവിച്ചു എന്നഭിമാനിക്കണമെങ്കിൽ സ്വാതന്ത്ര്യംവേണം രക്തംകൊടുത്തും സ്വാതന്ത്ര്യം സ്വീകിരക്കുക. ജീവിക്കുക അല്ലെങ്കിൽ മരിക്കുക!" ഇതായിരുന്നു സ്വാതന്ത്ര്യസന്ദേശം. മഹാത്മാഗാന്ധി കത്തിജ്വലിപ്പിച്ച ആ സഹനസമരവഹ്നി രാഷ്ട്രം മുഴുവൻ വ്യാപിച്ചു. അന്ധതയിൽ മയങ്ങിക്കിടന്ന ഭാരതിയർ ഉണർന്നെണീററു.—"ദില്ലി—ചലോ! ജയ്ഹിന്ദ്!"........

ഇനിയും ഭാരതത്തെ അമർത്തിവയ്ക്കുവാൻ സാദ്ധ്യമല്ല. ഭാരതം സ്വാതന്ത്ര്യമായേ കഴിയൂ—ഇനി ഏതിലാണു് പിടിച്ചുനില്ക്കേണ്ടതു്? ചതിയും ചപലതയും കൊണ്ടു രാജ്യം നേടുവാൻ സന്നദ്ധരായ ആ മഹാ ബുദ്ധിമാന്മാർ, ഇൻഡ്യയിൽ ആഭ്യന്തരവൈരം വളർത്തിവിടുവാൻ ശ്രമിച്ചു.

സകല ഭാരതീയരേയും ഒന്നുപോലെ പ്രതിനിധീകരിക്കുന്ന ഒരു സംഘടനയാണ് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ്. രാഷ്ട്രീയമോക്ഷമാകുന്ന ഏകോദ്ദേശത്തോടുകൂടി ഹിന്ദുവും, മുസൽമാനും, പാർസിയും, സിക്കും, ക്രിസ്ത്യനും അതിൽചേന്ന് പടവെട്ടുന്നു. ചോദ്യം ചെയ്യപ്പെടാത്ത ആ ഏകസംഘടനയിൽ ഭിന്നത വളത്തുവാനുള്ള അവരുടെ നീചാഭിലാഷം. ഏതാനും വിരുദ്ധസംഘങ്ങളെ വിഭാവനം ചെയ്തു. ഒരു പ്രബല ന്യൂനപക്ഷമായ മുസൽമാൻസമുദായം, അതിൻെറ കഴിഞ്ഞ കാലത്തെ രാഷ്ട്രസേവനസന്നദ്ധതയെവിസ്മരിച്ചു. ഭാരതം ഹിന്ദുസ്ഥാനെന്നും പാകിസ്ഥാനെന്നും രണ്ടായി വിഭജിക്കപ്പെടണമെന്ന് അവർ ശഠിച്ചു. തീരെ അനത്ഥവും അപ്രായോഗികവുമായ ആ മുടന്തൻവാദം. അതിൽ പററിപ്പിടിച്ച് ഏതാനും കാലംകൂടി ഇൻഡ്യയിൽ കഴിച്ചുകൂട്ടാമെന്നായിരുന്നു സ്വേച്ഛാപ്രഭുക്കളായ ബ്രിട്ടീഷധികൃതരുടെ ഉദ്ദേശം. ആ ഉദ്ദേശത്തോടുകൂടിയ അവരുടെ പ്രയത്നം വരുത്തിവെച്ച പ്രത്യാഘാതങ്ങൾ—ഭയങ്കരങ്ങളായിരുന്നു!.....

കാൺഗ്രസ്സിൻെറ ചരിത്രത്തിൽ പ്രത്യക്ഷ ദിനങ്ങൾ അനേകമായിരുന്നു. സഹനസമരസംരംഭങ്ങൾ ആക്രമിച്ചടക്കിയ യുവജീവിതങ്ങൾ അസംഖ്യങ്ങളായിരുന്നു. വൈരിയുടെവെടിയുണ്ടകൾക്ക് മാറ്ത്തടം മലത്തിക്കാണിച്ച ധീരസിംഹങ്ങൾ എത്രയെത്രവീരകഥകൾ നിർമ്മിച്ചിട്ടുണ്ട്? പക്ഷേ, അവയെല്ലാം ആ ആത്മാത്ഥതയും കൃതാത്ഥതയുമുണ്ടായിരുന്നു—രാജ്യത്തിനുവേണ്ടി ജനിച്ചു, ജീവിച്ചു,

മൺമറഞ്ഞുമിന്നുന്ന ആ മഹാത്മാക്കൾ രാഷ്ട്രത്തിന്റെ യശഃസ്തംഭങ്ങളായിരുന്നു. അവർ അവക്കുവേണ്ടിയല്ലായിരുന്നു ആത്മരക്തം ചോർത്തുകളഞ്ഞതു്. അടിമത്വത്തിൽ ആണ്ടുകിടക്കുന്ന ആയിരമായിരം സഹോദരന്മാക്കുവേണ്ടി.

1946-ആഗസ്റ്റ് പതിനാറാംതീയതി പ്രഖ്യാപനം ചെയ്യപ്പെട്ട മുസ്ലീംലീഗിന്റെ പ്രത്യക്ഷസമരദിനം ഭാരതത്തിന്റെ യശോനഭസ്സിൽ കാർമേഘം വാരിവിതറി. ഏററവും അഭിശപ്തമായ ഒരു ദുർദ്ദിവസമായിരുന്നു അതു്. ചരിത്രത്തിൽ മായാത്ത കരിപ്പാടുകൾ വരച്ചുകഴിഞ്ഞ ആ സമരപരിപാടികൾ അക്രമവും അനീതിയും അഴിച്ചുവിടുകയായിരുന്നു ചെയ്തതു്. അന്ധവും ആവേശകരവുമായ ഒരു സമരപരിപാടി. അഹോ ലജ്ജാവഹം! അക്രമംകൊണ്ടു സ്വാതന്ത്ര്യംനേടാമെന്നുള്ള അന്ധബുദ്ധിത്വം അതിന്റെ ഓരോ ചലനങ്ങളിലും നിഴലിച്ചിരുന്നു. അന്നുവരെ സാഹോദര്യം പുലത്തിയിരുന്ന വിജാതീയരായ അയൽവാസികൾ, അതാ, പിശാചുക്കളായി മാറുന്നു. പാകിസ്ഥാൻ അനുവദിച്ചില്ലെങ്കിൽ ഇൻഡ്യയുടെ ഭാവി ഇതായിരിക്കുമെന്നു് സ്പഷ്ടമാക്കുമെന്നപോലെ, മുസൽമാൻസഹോദരന്മാർ മുഷ്കരത്വം തുടങ്ങി. ഭൂരിപക്ഷങ്ങൾ ന്യൂനപക്ഷങ്ങളെ നിഷ്കരുണം കഴുത്തറുത്തും, കശാപ്പുചെയ്തും കഴിഞ്ഞുകൂടിയ അന്നത്തെ സംഭവങ്ങൾ ദാരുണങ്ങളായിരുന്നു.

പ്രത്യക്ഷസമരപരിപാടികൾ സ്വീകരിച്ച മുസൽ

മാൻ ഭൂരിപക്ഷമുള്ള ഭാരതംമുഴുവൻ ചോരക്കടലായി രൂപാന്തരപ്പെട്ടു. സഹോദരന്മാരെ കശാപ്പുചെയ്യുന്നതിനു പ്രത്യേകം താല്പര്യമുള്ളതുപോലെ ദയാശൂന്യരായ ജനങ്ങൾ അലറിവിളിച്ചു. കത്തിയുംകൈയുമായി കടന്നുചെന്നു കണ്ണിൽകണ്ടവരെയെല്ലാം കൊന്നൊടുക്കുന്നതിനും കൊള്ളക്കൊല ചെയ്യുന്നതിനും അക്രമികൾ ഉത്സാഹം പ്രദർശിപ്പിച്ചു. നാടും നഗരവും താറുമാറായി. ജനങ്ങൾ ചത്തുചത്തുവീണ് തെരുവീഥികൾ നിറഞ്ഞു. ഓരോ നിമിഷവും മരണത്തെഭയപ്പെട്ടുകൊണ്ട് ജനങ്ങൾ സംഭ്രാന്തരായി അങ്ങിങ്ങുപാഞ്ഞു. സമൃദ്ധസുന്ദരങ്ങളായിരുന്ന അനേകം ഗ്രാമനഗരങ്ങൾ, രക്തരൂഷിതങ്ങളും, ബീഭത്സങ്ങളും ജനവർജ്ജിതങ്ങളുമായി കാണപ്പെട്ടു. ബാംബേ, കൽക്കത്താ എന്നീ മഹാനഗരങ്ങൾ നരകത്തിലെ കശാപ്പുശാലകളായി രൂപം മാറിയിരുന്നു. ജനങ്ങൾതമ്മിലും, ഗവർമ്മെൻറും അധീശശക്തിയും വേറേവേറെ മാറിനിന്നുകൊണ്ട് അക്രമശക്തികളെ വർദ്ധിപ്പിക്കുവാനായിരുന്നു ശ്രമിച്ചിരുന്നതു്.

പക്ഷേ അവയിലൊക്കെ ഏററവും ഭയങ്കരങ്ങളായ കശാപ്പുകൾ നടന്നതു്, ബംഗാളിലായിരുന്നു. മററുള്ള സ്ഥലങ്ങളിലെ കലാപങ്ങൾ ശമിപ്പിക്കുവാൻ ഗവമ്മെൻറുകൾ സ്വീകരിച്ചിരുന്ന സത്വരനടപടികൾ ലീഗുഗവർമ്മെൻറിനു സ്വീകാര്യമായിരുന്നില്ല. ഭൂരിപക്ഷം ആക്രമിച്ചു അലങ്കോലപ്പെടുത്തുന്ന ഗ്രാമഭൂമികളേയും, സഹോദരവർഗ്ഗത്തേയും ഏതാണ്ടുമന്ദസ്മേരത്തോടുകൂടി മാറിനിന്നു കടാക്ഷിക്കുവാൻ മാത്രമേ ബംഗാൾ ഗവൺമ്മെ

ൻറുകരുതിയിരുന്നുള്ളു. ബംഗാൾ ക്രമേണ ഒരു ചോരക്കടലായി മാറി. ഹിന്ദുക്കളെ ഒന്നടങ്കംസംഹരിച്ചുകളഞ്ഞാൽ ഹിന്ദുസ്ഥാനം പാകിസ്ഥാനമായി മാററുവാൻ കഴിയുമെന്നുള്ള കരുതലായിരിക്കും ലീഗുഗവർമ്മെൻറിന്നുണ്ടായിരുന്നതു്. സംഘംചേർന്ന സന്നദ്ധഭടന്മാർ പാഞ്ഞുപാഞ്ഞു സംഹാരകൃത്യം നടത്തിവന്ന ആ ദാരുണ സംഭവങ്ങൾ ലോകത്തിൻെറ കർണ്ണപുടങ്ങളെ വിറപ്പിച്ചുകൊണ്ടിരുന്നു. കൽക്കട്ടായിൽക്കൂടി ആ സമരദിനഘോഷം നർമ്മദയിലേയ്ക്കു കടന്നപ്പോൾ അതിൻെറ പൂർണ്ണരൂപം ലോകം ദർശിച്ചു. ചിന്തിക്കുവാൻപോലും അറപ്പുനൽകുന്ന ഭയങ്കരദർശനങ്ങൾ അവിടെയുണ്ടായി. അതിൻെറ ഏകദേശവിവരണമെങ്കിലും, നൽകുവാൻ പര്യാപ്തമായ ഒരു ദൃക്സാക്ഷിയുടെ വിവരണം ചുവടേചേർക്കുന്നു.

# * നരവേട്ടനടന്ന നൗഖാലി!

നൗഖാലിയിലും മററും കൊലയാളികളുടെ കൂട്ടങ്ങൾ കാട്ടിക്കൂട്ടിയ രാക്ഷസീയത വർണ്ണിക്കുവാനുള്ള കരുത്തോ കഴിവോ എനിക്കില്ല. മരണത്തിൻെറ ആ പൈശാചികനൃത്തത്തെ വർണ്ണിക്കാൻ വല്ലപിശാചും ഒരു പുതിയ നിഘണ്ഡുതന്നെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കിഴക്കേ ബംഗാളിൽ ദുരിതമനുഭവിച്ചജനങ്ങളെ ഞാൻ നേരിട്ടു കണ്ടു. അവിടത്തെ നിരപരാധികളുടേയും പാവങ്ങളുടേയും ഭവനങ്ങളും കുടിലുകളും കത്തിയെരിച്ചതീജ്വാലകൾക്കു ഞാൻ ദൃക്സാക്ഷിയാണു്. അതുകൊണ്ടു് അവിടെ നടന്ന സംഭവങ്ങളുടെ ഒരു വിവരണം ഞാൻ എങ്ങിനെയെങ്കിലും നൽകാം.

അക്രമികളുടെ സംഘങ്ങൾ ജനങ്ങളുടെ ജീവനും വസ്തുവകകളും കൊണ്ടുനടത്തിയ സംഹാരക്കളിയുടെഫലമായി നാശമടഞ്ഞ സ്ഥലങ്ങളിൽ രാഷ്ട്രപതി കൃപലാനി, മിസ്സസ്സ് സുചേതാകൃപലാനി, ശരത് ചന്ദ്രബോസ് എന്നിവരോടൊത്തുസഞ്ചരിക്കാൻ ഇടയായതു് എൻെറ ഒരു പ്രത്യേകഭാഗ്യമായിരുന്നു. ഞങ്ങൾ ഒക്ടോബർ പതിന്നാലാംതീയതി അലഹബാദിൽ നിന്നു കൽക്കട്ടയ്ക്കുപറന്നപ്പോൾ ഒരു നല്ല ശീതോഷ്ണസ്ഥിതിയല്ലായിരുന്നു. ഇരുളടഞ്ഞ മേഘങ്ങൾക്കും അനിഷ്ടകരമായ കാലാവസ്ഥകൾക്കും ഇടയിൽക്കൂടി വൈമാനികന്മാർ വി

* പുരുഷോത്തമദാസ് താണ്ഡൻെറ ഒരു വിവരണത്തിൽ നിന്നു്.

ജയപൂർവ്വം വിമാനത്തെ മുന്നോട്ടുനയിച്ചു. ഉച്ചതിരിഞ്ഞു ഞങ്ങൾ കൽക്കട്ടായിൽ എത്തി. മഴ ചാറിക്കൊണ്ടിരുന്നു. പുരുഷന്മാരും സ്ത്രീകളും ഉൾപ്പെട്ട ആഹ്ളാദകരമായ ഒരാൾക്കൂട്ടം അവരുടെ പുതിയരാഷ്ട്രപതിയെ സ്വാഗതം ചെയ്യുവാൻ മനോഹരങ്ങളായ പുഷ്പഹാരങ്ങളും വഹിച്ചുകൊണ്ട് അവിടെക്കൂടിയിരുന്നു. എന്നാൽ ഈ സന്തോഷകരമായ സ്വാഗതത്തിൻെറ പിന്നിൽ കദനത്തിൻെറ കണ്ണുനീരുണ്ടായിരുന്നു. ബംഗാളിനെ ബാധിച്ച ഈ ഭീകരമായ ശോകനാടകം കാണുവാനാണ് അവരുടെ രാഷ്ട്രപതി വന്നിരിക്കുന്നതെന്നു് ജനങ്ങൾ മനസ്സിലാക്കിയിരുന്നു. ഇതുംനിറഞ്ഞ രൂക്ഷമായ അന്തരീക്ഷം. ഏതാനും നിമിഷങ്ങൾക്കകം ഞങ്ങൾ ഞങ്ങളുടെ വസതികളിലേക്കു് കാറോടിച്ചുപോയി.

"എല്ലാം കേൾക്കുവാനും കണ്ടുമനസ്സിലാക്കുവാനുമാണ് ഞാൻ ഇവിടെ വന്നിട്ടുള്ളതു്. നിങ്ങൾ ആത്മവിശ്വാസമുള്ളവരായിരിക്കുക. ഇപ്പോൾ അവരെ സഹായിക്കാൻ നിങ്ങൾ കഴിവുള്ളഎല്ലാസഹായങ്ങളുംവിനിയോഗിക്കുക" ജനങ്ങൾ അതുകേട്ടു് പിരിഞ്ഞുപോയി. അതിനുശേഷം അദ്ദേഹവും പത്നിയും മററുള്ളവരും കൂടിയിരുന്നു് അടുത്തദിവസത്തെ പരിപാടികളെപ്പററി ചർച്ചചെയ്തു.

ഞങ്ങൾ "ഡംഡം"വിമാനത്താവളത്തിൽ നിന്നും കാറോടിച്ചുപോയി. ഏതാനും കൊല്ലങ്ങൾക്കുമുൻപു് ബംഗാൾ ഗവർണ്ണരുടെ നേരേ വെടിവയ്ക്കുകയും ഈയിടെ മാത്രം തടവിൽനിന്നും വിമുക്തയാവുകയും ചെയ്ത

ആ സുപ്രസിദ്ധ വിപ്ലവകാരി—ആ മെലിഞ്ഞ വീരമഹിള—ബീനാദാസ് ഞങ്ങളുടെ കൂടെ കാറിൽ ഉണ്ടായിരുന്ന സംഭാഷണമദ്ധ്യേ അവർ ഇപ്രകാരം പറഞ്ഞു. "സന്ദർഭോചിതമായ ഈ സമാഗമത്തിനു് ബംഗാൾ, കാൺഗ്രസ്സ് പ്രസിഡൻറിനോടു് കൃതജ്ഞതയാണു്. നേതാക്കന്മാർ ബംഗാളിലേയ്ക്കു് വരട്ടെ. ഞങ്ങൾ ഈ പ്രവിശ്യയിൽ അനാഥരാണെന്നു ഞങ്ങൾക്കു തോന്നാതിരിക്കട്ടെ. ബംഗാൾ അവളുടെ നേതാക്കന്മാരെ വിളിക്കുകയാണു്."

ഞങ്ങൾ കൽക്കട്ടയിൽ പോയി. അവിടെ സർവ്വത്ര ശൂന്യതയും മങ്ങലും വ്യാപിച്ചിരുന്നു. മാരകമായ മുറിവിൻെറ പാടുകൾ ഇപ്പോഴും അവിടെ കാണാം. നിർബന്ധം പ്രയോഗിച്ചല്ലാതെ ആളുകൾ വീട്ടിനുപുറത്തിറങ്ങാറില്ല. റോഡിലൂടെ നടക്കുമ്പോൾ അവരെ ആക്രമിക്കാൻ അടുത്തെവിടേയോ മരണം കാത്തുനില്പുണ്ടെന്നു് അവർക്കു തോന്നുന്നു. കൽക്കട്ടായിലെ കൂട്ടക്കൊലയിൽ ആയിരമായിരം ശരീരം നശിച്ചിട്ടുണ്ടു്. എന്നാൽ അതു മനുഷ്യൻെറ ആത്മാവിനെത്തന്നെ മുറിവേല്പിച്ചു എന്നുള്ളതാണു് കൂടുതൽ ദോഷമായിത്തീർന്നതു്. ബംഗാളിലെ മറ്റെല്ലാ വ്യസനങ്ങളെക്കാളും ഇതു വലുതാണു്. എപ്പോഴും മരണത്തെ ഭയപ്പെട്ടുകൊണ്ടാണു് ജനങ്ങൾ ജീവിക്കുന്നതു്. അവർക്കു് സ്വാതന്ത്ര്യമായി ശ്വസിക്കുവാൻപോലും കഴിവില്ല. സുരക്ഷിതത്വത്തെക്കുറിച്ചു് അവർക്കുയാതൊരു വിശ്വാസവുമില്ല. എപ്പോഴും മരണം അവരെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു.

ഒക്ടോബർ 19-ാംനു-ഞങ്ങൾ വിമാനത്താവളത്തിൽ പോയി. ഗവർണ്ണരെ കാണുന്നതിനായി ഫെന്നിയിലേക്കു പറക്കാൻ ഉദ്ദേശിച്ചു. എന്നാൽ ഞങ്ങൾക്കെതിരായി ഒരു ഗൂഢാലോചനയുള്ള പോലെ തോന്നി. ഫെന്നിയിലെ വിമാനത്താവളം വെള്ളത്തിൽ മുങ്ങിപ്പോയെന്നും അതിനാൽ അവിടെ ഇറങ്ങാൻ ഒക്കുകയില്ലെന്നും അവർ ഞങ്ങളോടുപറഞ്ഞു. ഞങ്ങൾ ഭാഗ്യം പരീക്ഷിക്കുവാൻ തന്നെ നിശ്ചയിച്ചു. എങ്കിലും യുക്തിവാദങ്ങളൊന്നും ഫലപ്രാപ്തങ്ങളായില്ല. ഞങ്ങൾ വിലക്കപ്പെട്ടുകയും ഗത്യന്തരമില്ലാതെ കോമില്ലായിലേക്കുപറക്കുകയും ചെയ്തു.

ഞങ്ങൾ യാത്രതിരിക്കുന്നതിനു് മുമ്പു് അപകടത്തേയും ആപത്തിനേയും പററിധാരാളം സംസാരമുണ്ടായി. ലഹളസ്ഥലങ്ങളിലേയ്ക്കു് പോകാതിരിക്കാൻ ആളുകൾ പരോക്ഷമായി രാഷ്ട്രപതിയെ പ്രേരിപ്പിച്ചു. എന്നാൽ അതുകൊണ്ടു് യാതൊരുഫലവുമുണ്ടായില്ല. ഞങ്ങൾ അപകടത്തെപ്പററി സംസാരിക്കുകയായിരുന്നു. യഥാർത്ഥത്തിൽ അപകടം വരികതന്നെ ചെയ്തു. വിമാനംതാവളംവിട്ടുംമുൻപു് കാലാവസ്ഥ പ്രതികൂലമായിരുന്നിട്ടും ഞങ്ങൾ പറക്കുകയാണെന്നു് വൈമാനികർ ഒരു പ്രമാണം ഒപ്പിട്ടു. വിമാനത്തിൻെറ പെട്ടോൾക്യാപ്പു യാദൃശ്ചികമായി തുറന്നുകിടന്നിരുന്നു. വിമാനം അന്തരീക്ഷത്തിൽ ഉയരുകയും ചെയ്തു. അല്പം കഴിഞ്ഞു് പെട്ടോൾ ചോർന്നൊഴുകുന്നതായി ഞങ്ങളിലൊരാൾ വിളിച്ചുപറഞ്ഞു. വൈമാനികരുടെ ശ്രദ്ധ ക്ഷണിക്കപ്പെട്ടു. അവർ വളരെസൂക്ഷിച്ചു് വിമാനം താവളത്തിലേക്കു്

താഴ്ത്തി. ചോർച്ച ആ സമയത്തു് കാണാതിരുന്നെങ്കിൽ വിമാനം തീപിടിക്കുകയും ഞങ്ങൾ ജീവനോടെ പൊരിഞ്ഞുപോകുകയും ചെയ്യുമായിരുന്നു.

ഒരു മണിക്കൂർകഴിഞ്ഞു് ഞങ്ങൾ വീണ്ടും കോമില്ലായിലേക്കു് പറന്നു. ഞങ്ങൾ പറന്നുപോകുമ്പോൾ അനേകം വീടുകൾ കത്തിയെരിച്ചുകൊണ്ടു് ചുവന്ന തീജ്വാലകൾ ആകാശത്തിലേക്കു് കുതിച്ചുപൊങ്ങിയതായി കണ്ടു. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പരക്കംപായുന്നുണ്ടായിരുന്നു. ഞങ്ങൾക്കു് വല്ലാതെ വേദനതോന്നി. ആ പുക നിറഞ്ഞ ഗ്രാമങ്ങളിൽ ഇറങ്ങുവാൻ ഞങ്ങൾ ആഗ്രഹിച്ചു. യാതൊരു പരിതസ്ഥിതിയിലും അവിടെ ഇറങ്ങുവാൻ സാധ്യമല്ലെന്നു് വൈമാനികർ തടുത്തുപറഞ്ഞു.

വൈകിട്ടു് ഞങ്ങൾ കോമില്ലായിലെത്തി. വിമാനത്താവളത്തിൽ അനേകമാളുകൾ തിങ്ങിക്കൂടി. കാൺഗ്രസ്സ് അവർക്കുവേണ്ടി എന്തുചെയ്യുവാൻ തീരുമാനിച്ചു. എന്നു് അവർ ചോദിക്കുകയുണ്ടായി. നിസ്സഹായതയും, നിരാശയും, വേദനയും അവരുടെ മുഖങ്ങളിൽ വലിയക്ഷരങ്ങളിൽ എഴുതപ്പെട്ടിരുന്നു. അവർക്കു്യാതൊരാപത്തും വരികയില്ലെന്നുള്ളതിനു് ഒരു ഉറപ്പു് അവർ ആവശ്യപ്പെട്ടു. അവരിലൊരാൾ പറയുകയാണു്:—

"നാളെരാവിലെ ജീവനോടുകൂടി ആരെല്ലാം ഉണരുമെന്നു് ഞങ്ങൾക്കു് നിശ്ചയമില്ല. അങ്ങേക്കു് ഞങ്ങളെ രക്ഷിക്കാൻ കഴിയുമല്ലോ? ദയവുചെയ്തു് അഭയാർത്ഥികളുടെ ക്യാമ്പിൽവന്നു് ജനങ്ങൾക്കു് സംഭവിച്ചതെന്തെല്ലാം എന്നു നോക്കുക"

## ബംഗാറം എരിഞ്ഞുകൊണ്ടിരുന്നപ്പോറം പ്രധാനമന്ത്രി വീണമീട്ടി

കോമില്ലാ വിമാനസങ്കേതത്തിൽ നിന്നും ഞങ്ങറം നേരേ അഭയാത്ഥികളുടെ താവളങ്ങളിലേയ്ക്കാണുപോയത്ു്. ഉദ്ദേശം മൂവായിരം സ്ത്രീ പുരുഷന്മാരേയും കുട്ടികളേയും അവിടെ പാർപ്പിച്ചിരുന്നു. അവരിൽ പലരേയും നേരിട്ടുകാണുകയും അവരുടെ ഭയജനകങ്ങളായകഥകറം കേറംക്കയും ചെയ്തു. നൗഖാലിയിൽ ജീവരക്ഷാത്ഥം ഒരു വൻമരത്തിൻെറ മുകളിൽ കയറിയിരിക്കാൻ നിർബ്ബന്ധിതനാവുകയും, തളന്നും വിശന്നും അവിടെ കഴിച്ചുകൂട്ടേണ്ടിവരികയും അവസാനം ഏതാണ്ട് മൃഗപ്രായനായിനിലംപതിക്കാൻ കാരണമാവുകയും ചെയ്ത ഒരു കഥ എന്നോട്ട് ഒരാറം പറഞ്ഞു. നിലംപതിച്ചനിമിഷത്തിൽ ഏതാനും കൊലയാളികറം അയാളെകൊല്ലുവാൻ രംഗത്തിലേയ്ക്കുപാഞ്ഞു. അവരുടെ കൈകളിൽനിന്നും ഒഴിഞ്ഞുമാറാൻ അയാറം ആദ്യം ശ്രമിച്ചു എന്നുള്ളതാണ് അയാറം ചെയ്തതെററ്. മൃഗീയമായി അവർ അയാളെകൈകാര്യംചെയ്തു. പക്ഷേ, അവർ സമീപിക്കുംമുമ്പുതന്നെ അയാളുടെ ജീവൻഅകന്നുകഴിഞ്ഞിരുന്നു. അവരുടെകോടാലിവെട്ടിൻെറ വേദനയിൽനിന്നും അങ്ങനെ അയാറം വിമോചിതനായി.

ഏതുവിധേനയോ രക്ഷപ്പെട്ട ഒരു ഗർഭിണിയുടെ കഥയാണ് ആരേയും നടുക്കുന്ന മറെറാരു സംഭവം. അക്രമികറം അവരുത്തുതള്ളിയിരുന്ന അവരുടെ സീമന്തപുത്രൻെറ

കൈയ്യുമായി ആ സ്ത്രീ ഭവനത്തിൽനിന്നും ഓടുകയായിരുന്നു. ഏതാനും വാര ദൂരം ഓടിയപ്പോഴേക്കും, ഓമനമകൻെറ ദാരുണമായ കൊലയെക്കുറിച്ചുള്ളഓർമ്മയും വിഭക്തമായിരുന്ന ആ കൈത്തണ്ടിൻെറ കാഴ്ചയും അവരെ അത്ര കണ്ടുനടുക്കുകനിമിത്തം പെട്ടെന്നു് നിലംപതിച്ചു് ചരമമടയുകയാണുണ്ടായതു്.

രാഷ്ട്രപതി കൃപലാനിയും, പത്നിയും, ശരത്ബാബുവും അഭയാർത്ഥികളെ സമീപിച്ചു. ഭയവിഹ്വലരായ ജനങ്ങൾക്കു സുചേതാദേവി കാരുണ്യത്തിൻെറ ദേവദൂത തന്നെയായിരുന്നു. വംഗദേശത്തിൻെറ മകളായ അവൎക്ക് ആ സാധുജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാനും അവരുടെ ഭാഷയിൽ സമാശ്വസിപ്പിക്കുവാനും കഴിഞ്ഞു. സുപ്രധാനമായ ഒരു പരീക്ഷണഘട്ടത്തിൽ ആരും ആത്മവിശ്വാസവും ധൈര്യവും കൈവെടിയരുതെന്നും അവർ ഉപദേശിച്ചു.

ഞങ്ങൾ കോമില്ലായിൽ ആ രാത്രികഴിച്ചുകൂട്ടുകയും വളരെ പേരെ കാണുകയും ചെയ്തു. ശതക്കണക്കിനു് ജനങ്ങൾ ജീവരക്ഷാർത്ഥം വനാന്തരങ്ങളിലേക്കുപാഞ്ഞിരുന്നു. ആ കൂട്ടക്കൊലക്കാലത്തു് ഏററവും സംഭ്രമിപ്പിച്ചതു് തിട്ടുക്കമേറിയ പുതിയ ആയുധങ്ങളുടെ പ്രയോഗമായിരുന്നു എന്നു് ഒരു അഭയാൎത്ഥി ഞങ്ങളോടുപറഞ്ഞു. കിഴക്കേബംഗാളിൽനിന്നും ന്യൂനപക്ഷസമുദായത്തെ നാമാവശേഷമാക്കുവാൻ അസാധാരണമായ ആയുധങ്ങളാണ് പ്രയോഗിച്ചിരുന്നതു്. അയാൾപറഞ്ഞു—

KIDANGAKUZHI

"ജനങ്ങൾ സഹായത്തിനുവേണ്ടി മുറവിളികൂട്ടി. പക്ഷെ, അതു വനരോദനമായിട്ടാണ് കലാശിച്ചതു്. സമയത്തുതന്നെ അധികൃതരോട്ട് സഹായാഭ്യർത്ഥനചെയ്തു. എന്നാൽ അവർ തിരിഞ്ഞുനോക്കിയില്ല. സഹായത്തിനുവേണ്ടി ഞങ്ങൾ നിലവിളിച്ചു. പക്ഷേ ഞങ്ങളുടെ നിലവിളി നിഷ്ഫലമായിരുന്നു. പോലീസുകാർ വന്നില്ല. പകരം വന്നതു് സംഘംചേർന്നഅക്രമികളായിരുന്നു. അവർക്കുമതിവരുവോളം കുട്ടികളേയും സ്ത്രീകളേയും പുരുഷന്മാരേയും കശാപ്പുചെയ്തു. സഹോദരന്മാരുടെ മുമ്പിൽവച്ചു സഹോദരികളേയും പുത്രന്മാരുടെ മുമ്പിൽവച്ചു അമ്മമാരേയും ബലാൽസംഗംചെയ്തു. അവരെ നഗ്നമായി നിറുത്തി പരസ്പരം മൂത്രംകുടിക്കാൻ നിർബ്ബന്ധിച്ചു. അവരെ നിലത്തുകിടത്തി കൗതുകപൂർവ്വം കുത്തി, ചെഞ്ചോര കയ്യിൽ പുരട്ടി, ആ ചോരകൊണ്ടു് സ്ത്രീകളുടെ മുഖത്തിനു നിറപ്പകിട്ടേകി തുടർന്നു വീണ്ടും ബലാൽസംഗം ചെയ്തു."

ഈ കഥ വിവരിക്കവേ അയാൾക്കുതന്നെ ശ്വാസം മുട്ടുന്നതുപോലെ തോന്നി. പെട്ടെന്നുതേങ്ങിക്കരഞ്ഞുകൊണ്ടു് അയാൾ പറഞ്ഞു— "അവിടെ മരണമടഞ്ഞവരുടെ കൂട്ടത്തിൽ എന്റെ...............ഉൾപ്പെടുന്നു". അയാളുടെ ആത്മബന്ധു ഏററവും നിർദ്ദയമായവിധം മരണത്തിനു വിധേയമായകഥ ഞാൻ പിന്നീടറിഞ്ഞു.

ഇത്തരം കശാപ്പുപെട്ടെന്നുചെയ്തിട്ടുള്ളതല്ല. സുനിശ്ചിതമായ പരിപാടികളോടു കൂടി നിർവ്വഹിക്കപ്പെട്ടിട്ടുള്ളതാണു്. പാകിസ്ഥാന്റേയും ലീഗിന്റേയും നാമത്തിൽ

നടത്തിയിരുന്ന സമ്മേളനങ്ങളിൽ ആയിരക്കണക്കിന് ജനങ്ങളെ ക്ഷണിക്കുമായിരുന്നു. പതിവായി പ്രഭാഷണങ്ങൾ നടത്തുകയും പദ്ധതികൾ വെളിപ്പെടുത്തുകയും സമ്മേളനാന്ത്യത്തിൽ രക്തപാനോത്സുകമായ ജനത പല വഴികളിലായി സംഘംചേന്നു പാഞ്ഞു കൊല, കൊള്ള ബലാൽസംഗം തുടങ്ങിയവ ഏററവും പൈശാചികമായി പ്രവൎത്തിക്കുകയും പതിവായിരുന്നു. തീവെയ്പും കശാപ്പും വ്യഭിചാരവും കവച്ചയും നൗഖാലിയിലും മററുസ്ഥലങ്ങളിലും ഏതാനും ദിവസങ്ങളിലേക്കു സർവ്വസാധാരണമായിരുന്നു.

ഭീകരതയും കൂട്ടക്കൊലയും വിവരണാതീതമായ അക്രമവും കിഴക്കേബംഗാളിൽ കൊടുങ്കാററുവീശി. എന്നാൽ ഗവർണ്ണരും സുഹ്യവർദ്ദിയും "ഡാർജിലിംഗ്" കാലാവസ്ഥയിൽ രസിച്ചുകൊണ്ടു് പരസ്പരം കഴിവുകളേയും സാമൎത്ഥ്യങ്ങളേയും വാഴ്ത്തുകയായിരുന്നു. ബംഗാളിൻെറ വേദനാജനകമായ രോദനത്തിൽ ബധിരത്വം പൂണ്ടിരുന്ന ആ ഗവണ്ണരുമായി സമ്പക്കം പുലർത്തുവാൻ ഞങ്ങൾക്കു അത്യാകാംക്ഷയുണ്ടായി. അദ്ദേഹത്തിൻെറ സഞ്ചാരപരിപാടികളെ കുറിച്ചുശരിയായ വിവരണങ്ങൾ ഉദ്യോഗസ്ഥന്മാർ നൽകായ്കനിമിത്തം അദ്ദേഹത്തെക്കണ്ടുപിടിക്കാൻ ഞങ്ങൾക്കു് ഒരു ശരിയായ വേട്ടതന്നെ നടത്തേണ്ടിവന്നു. അവസാനത്തിൽ ആചാൎയ്യകൃപലാനിയും ശരത്ബോസും ഒക്ടോബർ 20-ാംതീയതി അദ്ദേഹത്തെ ചിററഗാംഗിൽവച്ചു് സന്ദർശിച്ചു. ഏതാണ്ടു് സുദീർഘമായ ഒരു സംഭാഷണംതന്നെ അവർ നടത്തി.

എല്ലാററിനും അദ്ദേഹം "എല്ലാംശരി" എന്നും കാര്യങ്ങൾ നേരേയാകുമെന്നും പറഞ്ഞു. അദ്ദേഹവും മി; സുഹ്യവർദ്ദിയും സ്ഥിതിഗതികൾ നിയന്ത്രണാധീനമാകുന്നതിന്ന് ആത്മാർത്ഥമായ ശ്രമങ്ങളൊന്നും ചെയ്യാതെ, ആ ദാരുണസംഭവത്തിൻെറ ഗൗരവം ലഘൂകരിക്കുന്നതിന്ന് ഉററുശ്രമിക്കുകയായിരുന്നു.

## സുഹ്യവർദ്ദി

ഈ യാത്രയിൽ ഏററവും അംബരപ്പിക്കുന്ന അനുഭവം മി. സുഹ്യവർദിയുമായി നടന്ന സംഭാഷണമായിരുന്നു. അദ്ദേഹത്തിനു കല്ലുകൊണ്ടുള്ള ഒരു കഠിനഹൃദയമാണുണ്ടായിരുന്നതു്. അവിടെ സംഭവിച്ചസകലതിനും അദ്ദേഹം പ്രദർശിപ്പിച്ച അനാസ്ഥ ഭയങ്കരമായിരുന്നു. അദ്ദേഹത്തിൻെറ അലംഭാവം ആരെയും അമ്പരപ്പിക്കുക തന്നെ ചെയ്യും. നൂറുപേർ മാത്രമേ കൊല്ലപ്പെട്ടിട്ടുള്ളൂ എന്ന് അദ്ദേഹം എന്നോടുപറഞ്ഞു. അപ്പോൾ "അമൃതബസാ"റിൻെറ പത്രാധിപരായ മി. സി. കെ. ഭട്ടാചാര്യ ഇങ്ങനെചോദിച്ചു:—

"നിങ്ങൾ എന്തിനെപ്പററിയാണുസാസാരിക്കുന്നതെന്നറിയാമോ?'

അതിനു മി. സുഹ്യവർദ്ദി ഇപ്രകാരം മറുപടിപറഞ്ഞു:—"എൻെറ പ്രിയപ്പെട്ടസേ്നഹിതാ! നിങ്ങൾ എപ്പോഴും അതിശയോക്തിപരമായാണ് സംസാരിക്കുന്നതു്.

നിങ്ങളോടുരഹസ്യമായി ചിലതു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.”

ഊർജ്ജസ്വലനായ പത്രാധിപർ തൻ്റേടത്തോടു കൂടി മറുപടിപറഞ്ഞു:— “നോക്കൂ, സുഹ്രവർദി; എന്നെ സമ്മതിപ്പിക്കുവാൻ ശ്രമിക്കേണ്ട. നിങ്ങളെ എനിക്കു നല്ലതുപോലെ അറിയാം”. അങ്ങനെ ആ സംഭാഷണം അവസാനിച്ചു.

പ്രധാനമന്ത്രിയോട് അദ്ദേഹം അർഹിക്കുന്ന അവജ്ഞയോടെ ആ പത്രാധിപർ പെരുമാറിയതിൽ ഞാൻ അത്യധികം സന്തോഷിച്ചു. എന്നാൽ മി. സുഹ്രവർദി കാര്യം സമ്മതിക്കുവാൻ ഒരുക്കമില്ലായിരുന്നു. ഭയങ്കരമായി യാതൊന്നും സംഭവിച്ചില്ലെന്നും, ലീഗുവിരുദ്ധഘടകങ്ങൾ സംഗതികളെ അതിശയോക്തികലർത്തി പ്രസ്താവിക്കുകയാണെന്നും ഞങ്ങളെ ധരിപ്പിക്കുവാൻ അദ്ദേഹം മുഴുവൻ സമയവും പരിശ്രമിച്ചു.

കയ്യും കളവുമായി പിടിച്ചഅക്രമികളെ ജാമ്യത്തിൽ വിടുകയുണ്ടായെന്ന് ഞങ്ങൾ മി. സുഹ്രവർദിയോടുപറഞ്ഞപ്പോൾ അദ്ദേഹം കോപാകുലനായിഇപ്രകാരം ഗർജ്ജിച്ചു:

“ഇപ്പോൾ എന്നോട് കഥകൾ പറയരുത്. ഇതു അസാദ്ധ്യമാണ്”

ഞങ്ങളുടെ കണ്ണുകെട്ടുവാൻ ശ്രമിക്കരുതെന്ന് ഇട

ക്കുകയറിപ്പറഞ്ഞുകൊണ്ടു് ഞാൻ തുടന്നു:— "എന്നോടു കൂടി വരിക. ഇപ്പോഠം ഇവിടെവച്ചു വാസ്തവങ്ങഠം കണ്ടു പിടിക്കുവാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. കോമില്ലായിലെ മജിസ്രേട്ടിനു ഫോൺചെയ്തു ഞങ്ങഠം നിങ്ങളോടുപറയുന്നതു് ശരിയാണോ എന്നു് അന്വേഷിക്കുക!"

"ശരിതന്നെ. ശരിതന്നെ. ഞാൻ അതു് നോക്കിക്കൊള്ളാം." എന്നുപ്രസ്താവിച്ചുകൊണ്ടു് ബംഗാളിലെ പ്രധാനമന്ത്രി ഹാരം കയ്യിലെടുത്തു് കളിച്ചുകൊണ്ടിരുന്നു— ഗവർണ്ണരുടെ പത്നിയുടെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ള ചിററഗാംഗിലെ ഒരു ആശുപത്രി സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിൻെറ കഴുത്തിൽ എറിഞ്ഞു്കൊടുത്തതാണു് പ്രസ്തുതഹാരം—

പാതകപ്പരിഷകളുടെ ക്രോധത്തിൽ ബംഗാഠം ദഹിച്ചുകൊണ്ടിരുന്നപ്പോഠം അവിടത്തെ പ്രധാനമന്ത്രിസുഖകരമായ ഡാർജിലിംഗു കാലാവസ്ഥയെ ആസ്വദിച്ചു. ഗവർണ്ണരുടെ പത്നിയുടെപേരിൽ നടത്തപ്പെടുന്ന ആശുപത്രിയും സന്ദർശിച്ചു്, അവരെ പ്രീതിപ്പെടുത്തിക്കൊണ്ടു് കഴിഞ്ഞുകൂടുകയായിരുന്നു. ഇതെല്ലാം ചെയ്യുവാൻ സുഹ്റവർദ്ദിക്കു് സമയമുണ്ടായിരുന്നു. പക്ഷേ, നൗഖാലി സന്ദർശിക്കുവാനും, സൈനികസഹായം ഏർപ്പെടുത്തുവാനും നിവൃത്തിയില്ലാത്ത വിധം അദ്ദേഹത്തിനു് ജോലിത്തിരക്കായിപ്പോയി. ബംഗാഠം എരിഞ്ഞുകൊണ്ടിരുന്നു. പ്രധാനമന്ത്രി സുഹ്റവർദ്ദി വീണമീട്ടി.

കോമില്ലായിലെ ചില തൊപ്പികഠം എന്നെ കാ

ണിച്ചു. പാകിസ്ഥാൻ അടയാളപ്പെടുത്തിയിരുന്ന ഇൻഡ്യയുടെ പടവും ലീഗിൻെറ കൊടിയും അവയിൽ വരച്ചിരുന്നു. നൗഖാലിയിലെ കൊലയാളികൾക്ക് ഇരയായിത്തീർന്നവർ മതപരിവർത്തനത്തിന് ശേഷം ഈ തൊപ്പികൾ ധരിക്കാൻ നിർബ്ബന്ധിതരായി. ഈ ആജ്ഞയനുസരിക്കാൻ വിസമ്മതിച്ചവരെയെല്ലാം കൊല്ലുകയാണ് ചെയ്തതു്. ഞാൻ ഈ കഥകൾ സുഹ്രവർട്ടിയോടുപറഞ്ഞു. പുഞ്ചിരിയോടുകൂടി അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"എൻെറ സ്നേഹിതാ! അതിൽ യാതൊന്നുമില്ല. തലയിൽ തൊപ്പിയിട്ടതുകൊണ്ടുമാത്രം ആളുകളെ മതം മാററാൻ കഴിയുമോ? എന്നാൽ അതു് അക്രമികളുടെ സ്വഭാവത്തെയോ ജനസമൂഹത്തിൻെറ നിയോഗങ്ങളേയോ സൂചിപ്പിക്കുന്നില്ല"

"മി: സുഹ്രവർട്ടി! നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയുമെങ്കിൽ അതിനുവളരെ അർത്ഥമുണ്ടു്" എന്ന് ഞാൻ പറഞ്ഞു. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹത്തിന് യാതൊരു ഫലവുമുണ്ടായില്ല. അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ടെഴുന്നേററു.

"നിങ്ങൾ വളരെ ക്ഷോഭിച്ചിരിക്കുന്നതായിക്കാണുന്നു. കൂടുതൽ ശാന്തത കാണിക്കുക!"

സുഹ്രവർട്ടി സംസാരിച്ച രീതി എന്നെ അമ്പരപ്പിച്ചു. അദ്ദേഹത്തിൻെറ ഭാവം അതിശയകരമായിരുന്നു. നിർദ്ദയമായ ഒരു അശ്രദ്ധയാണദ്ദേഹം പ്രകടിപ്പിച്ചതു്. രാജ്യത്തിൻെറ രക്ഷകർത്താ!

മി: സുഹ്രവർദ്ദിക്ക് എല്ലാററിനും പ്രത്യേകമായ ഒരു വ്യാഖ്യാനവും വിശദീകരണവുമുണ്ടായിരുന്നു. ഗ്രാമങ്ങളിൽ ആയിരക്കണക്കിനുള്ള വീടുകൾ അക്രമിസംഘങ്ങൾ നശിപ്പിക്കുന്നു എന്നു് പറഞ്ഞപ്പോൾ അദ്ദേഹംപറഞ്ഞതു്, മിക്കവാറുംസംഭവങ്ങളിൽ,തങ്ങളുടെ വസ്തുവകകൾ കൂടുതൽ സുരക്ഷിതമാകുമെന്നുള്ള പ്രതീക്ഷയോടെവിട്ടുപോകുമ്പോൾ ഹിന്ദുക്കൾ തന്നെ സ്വന്തവീടുകൾ വലിച്ചു് പൊളിക്കുകയാണു് ചെയ്തിട്ടുള്ളതു് എന്നാണു്. അദ്ദേഹം തുടന്നു—

"അവർ അങ്ങനെചെയ്തതു് ബുദ്ധിപൂർവ്വമാണു്. അവർ ഗ്രാമങ്ങളിലേക്കുതിരിച്ചുവരുമ്പോൾ അവരുടെ വസ്തുവകകൾ വീണ്ടുകിട്ടാനിടയുണ്ടു്"

മി: സുഹ്രവർദ്ദി! അത്ഭുതം തന്നെ അത്ഭുതം!

വരാൻ പോകുന്ന സംഗതികളെപ്പററി തങ്ങൾക്കു് യാതൊരു മുന്നറിയിപ്പുമില്ലായിരുന്നു എന്നു് മുടന്തൻ സമാധാനം എടുത്തു് ചാണ്ടുവാൻ ഗവമ്മെൻറിനു് സാദ്ധ്യമല്ല. അക്രമികൾ കലാപമുണ്ടാക്കുവാൻ തന്നെ നിലകൊള്ളുന്നു എന്നും യഥാസമയം നിയന്ത്രിച്ചില്ലെങ്കിൽ അവർ നാശമുണ്ടാക്കുമെന്നും പത്രങ്ങൾ ലീഗുമന്ത്രിസഭയോടു് ആവത്തിച്ചാവത്തിച്ചു പറഞ്ഞിട്ടുണ്ടു്. കിഴക്കേബംഗാളിൽ ഉണ്ടാകുവാൻ പോകുന്ന കലാപങ്ങളെ നേരിടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു് നേതാക്കന്മാർ മന്ത്രിസഭയെ ഉദ്ബോധിപ്പിച്ചുകൊ

ങ്ങിരുന്നു. എന്നാൽ ഇവയെല്ലാം പൊട്ടൻകാതുകളിലാണു് ചെന്നുവീണതു്.

എൻെറ സഞ്ചാരത്തിൽ ഞാൻ ഒരു മജിസ്ട്രേട്ടിനെ കണ്ടു. അയാൾ വിളറി മെലിഞ്ഞിരുന്നു. വല്ലാതെ ക്ഷോഭിച്ചിരുന്ന അയാൾക്കു് എന്തുചെയ്യണമെന്നു് അറിഞ്ഞുകൂടായിരുന്നു. സ്വന്തം ജീവൻപോലും അപകടത്തിലാണെന്നായിരുന്നു അയാളുടെ തോന്നൽ.

"ഈ കലാപങ്ങളെ നേരിടാനും അക്രമികളെ അമർച്ചചെയ്യാനും ആവശ്യമുള്ള പോലീസ്സുകാർ നിങ്ങൾക്കില്ലേ?" എന്നു് ഞാൻ ചോദിച്ചു. അദ്ദേഹം ഇങ്ങനെ മറുപടിപറഞ്ഞു. "ഞങ്ങൾക്കു് ഒന്നുംചെയ്യുവാൻ നിവൃത്തിയില്ല. എൻെറരക്ഷയ്ക്കുപോലും മതിയാകുന്ന പോലീസ്സ്കാർ എൻെറ കൂടെയില്ലെന്നു് എനിക്കു് തോന്നുന്നു. കൂടുതൽ പോലീസ്സും പട്ടാളവും വേണമെന്നു് ഞാൻ അപേക്ഷിച്ചു. എന്നാൽ എനിക്കു്യാതൊരു മറുപടിയും കിട്ടിയിട്ടില്ല."

ഇതു് പരമാർത്ഥമായ ഒരു പ്രസ്താവനയായിരുന്നു. യഥാസമയം കലാപങ്ങൾ അമർത്തുവാൻ ബംഗാൾ ഗവർമ്മെൻറിനു് അത്രവളരെ ശ്രദ്ധയുണ്ടായിരുന്നില്ല. ലഹളസ്ഥലങ്ങളിലെ ആളുകൾ അനേകദിവസം ആഹാരമില്ലാതെ കഷ്ടപ്പെട്ടു. ചിലർ മരിക്കുകയും ചെയ്തു. എന്നാൽ അധികാരികൾ യാതൊരു സഹായവും ചെയ്തുകൊടുത്തില്ല. മുറിവേററവർ ചോരയും ഒലിപ്പിച്ചുകൊണ്ടു്

വിണിടത്തുതന്നെ കിടന്നു. അവക്ക് യാതൊരു ചികിത്സയും ലഭിച്ചില്ല. ദുരിതാശ്വാസപ്രവത്തകക്ക് യാതൊരു സഹായവും ചെയ്തുകൊടുത്തിരുന്നില്ലെന്നു് മാത്രമല്ല അവരുടെ പ്രവത്തനങ്ങളെ പ്രതിബന്ധപ്പെടുത്തുകയും ചെയ്തു. ജനങ്ങളുടെ സന്മാൎഗ്ഗബോധത്തെ പൂൎണ്ണമായി തകത്തുതാഴ്ത്തി. അവരുടെ വിശ്വാസങ്ങളെ താറുമാറാക്കി.

ഇന്നത്തേപ്പോലെ മുമ്പ് ഒരിക്കലെങ്കിലും ബംഗാൾ സാന്മാൎഗ്ഗികമായി ഇത്രവളരെ അധഃപതിച്ചിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. ബംഗാളിന്റെ ആത്മാവ് വേദനകൊണ്ട് പുളയുകയാണ്. "എന്തുചെയ്യണം—എവിടെപ്പോകണം?" ഇതാണ് നിരാശരായ ജനങ്ങളുടെ ചോദ്യം.

ചിററഗാംഗിലേയ്ക്കു തിരിച്ചുപോയപ്പോൾ മി. സുഹ്റവർദ്ദിയും ഞങ്ങളുടെകൂടെ വിമാനത്തിലുണ്ടായിരുന്നു. റാംഗഞ്ചു്, ഫാറിദ്പൂർ, ചാന്ദ്പൂർ, രാജ്പൂർ, കിഴക്കേ റാംഗഞ്ചു് എന്നീ സ്ഥലങ്ങളുടെ മുകളിൽകൂടി ഞങ്ങൾ പോകുമ്പോൾ ഒന്നിനുപുറകേ ഒന്നായി വീടുകൾ വെന്തെരിയുന്നതുകണ്ടു. ഞങ്ങൾ അതിലേയ്ക്കു സുഹ്റവർദ്ദിയുടെ ശ്രദ്ധയെ ക്ഷണിച്ചു. വൈമനസ്യത്തോടുകൂടി ആ തീജ്വാലകൾ കണ്ടുകൊണ്ടു അദ്ദേഹം പറഞ്ഞു;—

"ശരി! ഏതാനും വീടുകൾക്കു തിപിടിപ്പിച്ചിരിക്കുന്നു. എന്നാൽ അവയിൽ ആളുകൾ ആരും ഇല്ല!"

ഒരു പക്ഷേ, ഉണ്ടായിരുന്നെങ്കിൽ ഇത്രയും അകലത്തുനിന്നും അവരെ എങ്ങനെ കാണാനാണ്?

അതിയായ ഖേദത്തോടും കൺറിതത്തോടുംകൂടി ഞങ്ങൾവീണ്ടും അന്നുവൈകിട്ടുകൽക്കട്ടായിൽതിരിച്ചെത്തി. യാത്ര വളരെ ക്ലേശകരമായിരുന്നു. ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി കാര്യമായി യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലല്ലോ എന്ന തോന്നൽ ഞങ്ങൾക്കു മനസ്സിനിടിവുണ്ടാക്കിയിരുന്നു.

ആചാര്യകൃപലാനിയും പത്നിയുംവീണ്ടും ഉൾനാട്ടുകളിലേയ്ക്കു പോകുവാൻതന്നെ അടുത്തദിവസം രാവിലെ തീർച്ചപ്പെടുത്തി. ശ്രേഷ്ഠവും ധീരവുമായ ഒരു തീരുമാനം ആയിരുന്നു അതു്. അതു് വലുതായ പല അഭിനന്ദനങ്ങൾക്കും പാത്രമായി. രാഷ്ട്രപതിയുടെ സാന്നിദ്ധ്യം ബംഗാളിലെ ജനങ്ങൾക്കു് കൂടുതൽ മനോവീര്യംനൽകി. യാതനകളുടേയും ആപത്തുകളുടേയും നിമിഷത്തിൽ ആ മഹത്സംഘടനയുടെ തലവൻ തങ്ങളുടെകൂടെ ഉള്ളതു് അവക്കു ആഹ്ളാദകരമായിരുന്നു. ഈ നേത്രുമെലിഞ്ഞ ആചാര്യകൃപലാനി എന്തുമാത്രം സജീവതയും ചൈതന്യവും അദ്ദേഹത്തിൽ ഒളിച്ചുവച്ചിരിക്കുന്നു എന്നു് ഞാൻ അത്ഭുതപ്പെട്ടു. നാലുദിവസത്തെ നിരന്തരമായ വിമാനയാത്രകൊണ്ടു് ഞങ്ങൾ നന്നേ ക്ഷീണിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ മുഖത്തു് ക്ഷീണത്തിൻെറ യാതൊരു ലക്ഷണവുമുണ്ടായിരുന്നില്ല.

"നമുക്കുമുന്നോട്ടുപോകാം" ഇതായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം.

ഈ സഞ്ചാരത്തിൽ അദ്ദേഹത്തിൻെറ ഭാര്യ, പതിഭക്തയും സമർത്ഥയുമായ സുചേതാദേവി, അദ്ദേഹത്തി

ന്ന ഒരു വലിയ സഹായമായിരുന്നു. ജനങ്ങളെ സഹാ യിക്കുന്നതിലുള്ള അവരുടെ ഉന്മേഷം പ്രചോദനജനക മായിരുന്നു.

ഒക്ടോബർ 21-ാംതീയതി വിമാനം തിരികെ കൽക്ക ട്ടായിലെത്തി. അവിടത്തെജനങ്ങൾ നൽകിയിരുന്ന മുന്ന റിയിപ്പുകളെ വകവെയ്ക്കാതെ ആചാര്യജിയും പത്നിയും ചാന്ദ്പുരിയിലേക്കുപോയിരിക്കുന്നു എന്ന വാത്ത എന്നെ വല്ലാതെ വ്യാകുലപ്പെടുത്തി. എന്നാൽ നമ്മുടെ നേതാക്ക ന്മാർ വിധിയുടെ വളർത്തുപുത്രന്മാരാണ്. പാതകികളുടെ പങ്കിലമായ കൈകൾ അവരെ തൊടുവാൻ ധൈര്യപ്പെ ടുകയില്ല. അവക്ക് നിറവേറേണ്ട ഒരു സന്ദേശമുണ്ട്. അത് പൂത്തിയാകുന്നതുകണ്ടാനന്ദിക്കാൻ ജീവിച്ചിരിക്കയും ചെയ്യും.

നൗഖാലിയിലെ ഈ ആസുരമായ ദുരന്തത്തിന്റെ ഇരുണ്ടനിമിഷത്തിൽ മി. രാജേന്ദ്രലാൽറായിയുടെ പരാ ക്രമം വലിയ പ്രചോദനം നൽകുന്ന ഒരു ദൃഷ്ടാന്തമാണ്. അക്രമികളുടെ മൃഗീയതകൾക്കു നിശ്ശബ്ദനായി കീഴട ങ്ങാൻ അദ്ദേഹം വിസമ്മതിച്ചു. തന്റെ കുടുംബത്തിലുള്ള യാതൊരുസ്ത്രീയേയും (താൻ ജീവിച്ചിരിക്കുമ്പോൾ) അപ മാനിക്കുവാൻ അനുവദിക്കുകയില്ലെന്നും അവസാനംവരെ സമരം ചെയ്യുമെന്നും അദ്ദേഹം അവരോടുപറഞ്ഞു. കേവ ലമായ ധൈര്യംകൊണ്ടും സമയോചിതമായ പ്രവൃത്തി കൊണ്ടും അദ്ദേഹം രണ്ടുതവണ ജനക്കൂട്ടത്തെ പിന്നോട്ടു പായിച്ചു. ആവശ്യമുള്ള സഹായങ്ങൾ ലഭിക്കാത്തപക്ഷം താനും തന്റെ കുടുംബവും കശാപ്പുചെയ്യപ്പെടുമെന്ന് അ ദ്ദേഹത്തിനു തീർച്ചയായപ്പോൾ അദ്ദേഹം പോലീസുകാ രുടെ സഹായം അഭ്യർത്ഥിച്ചു. പോലീസ്സുകാർ വന്നില്ല.

മൂന്നാമത്തെ തവണ ജനക്കൂട്ടം അദ്ദേഹത്തിൻെറ വീടാക്രമിച്ചു. ആ കുടുംബാംഗങ്ങളെ മുഴുവനും വെട്ടിനുറുക്കി. ഈ ധീരനായ മനുഷ്യനെപ്പററി രാഷ്ട്രപതി ഉജ്ജ്വലമായ പ്രശംസകൾ ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ പരാക്രമപരമായ പ്രതിരോധത്തെ അക്രമരാഹിത്യത്തോടുള്ള ഏററവും വലിയസമീപനമായി അദ്ദേഹം ചിത്രീകരിക്കുകയും ചെയ്തു.

ബംഗാൾ ഇപ്പോൾ ഒരു മഹാവിപത്തിൻെറ പിടിയിൽ പെട്ടിരിക്കുകയാണ്. ബംഗാളിനെ ഒരു നിണക്കടലായി മാററുന്ന മറെറാരു മഹാവിപത്തിനെയാണു ഞാൻ കൂടുതൽ ഭയപ്പെടുന്നതു്. നൗഖാലിയിലെ കൊലയാളികളുടെ കടുംകൈകളിൽ ബംഗാളിലെ ജനങ്ങൾ വളരെ ക്ഷോഭിച്ചിട്ടുണ്ട്. നൗഖാലിയിലേക്കുപോകുവാനും ഈ കൊലയാളികളെ ഒരു നല്ല പാഠം പഠിപ്പിക്കുവാനും ബംഗാളിലെ അനേകശതം യുവാക്കന്മാർ അനുവാദം ആവശ്യപ്പെടുന്നു. സമാധാനത്തിൻേറയും അക്രമരാഹിത്യത്തിൻേറയും മഹത്തായ പരിധികളിൽ കാൺഗ്രസ്സ് അവരെ തടഞ്ഞു നിർത്തിയിരിക്കുകയാണ്. എന്നാൽ ഉഗ്രമായ അക്ഷമയുടേയും വേദനയുടേയും അടയാളങ്ങൾ ഞാൻ അവരുടെ മുഖത്തു തെളിഞ്ഞുകണ്ടു. അവർ രാഷ്ട്രപതിയുടെയടുത്തുവന്ന് അവരുടെ കെട്ടിനിൽക്കുന്ന വികാരങ്ങൾ പ്രകടിപ്പിക്കുകയും ഉപദേശം ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ രാഷ്ട്രപതി അവരോട്ട് ശാന്തരായിരിക്കുവാൻ അഭ്യർത്ഥിച്ചു. അവരുടെ ക്ഷമ കഠിനമായി പരീക്ഷിക്കപ്പെടുന്നു എന്നും അതു മിക്കവാറും നശിക്കാറായിരിക്കുന്നു എന്നും ഞാൻ ഭയപ്പെടുന്നു. അവരുടെ നിസ്സഹായത അ

വരെ മർദ്ദിക്കുകയാണ്. അവർ കഠിനമായ ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്നു. വീണ്ടും ജ്വലിപ്പിക്കുകയോ പ്രകോപിപ്പിക്കുകയോ ചെയ്താൽ അവർ അക്രമരാഹിത്യത്തിൻേറയും സമാധാനത്തിൻേറയും പാഠങ്ങൾ മറക്കുവാനും "വന്ദേമാതര"ത്തിൻെറ ജന്മഭൂമിയെ കശാപ്പുശാലയായി മാററിയ മൃഗങ്ങളോടു ഭയങ്കരമായ ഒരു സമരത്തിനുതന്നെ സന്നദ്ധരാകുവാനും ഇടയുണ്ട്. അപകടത്തിൻെറ അടയാളം ഇതാ കണ്ടുകഴിഞ്ഞു. ഭീകരമായ കുറിപ്പുകൾ ഇതാ ചുവരുകളിൽപ്രത്യക്ഷമായിരിക്കുന്നു. ഒരു മഹത്തായമുന്നറിയിപ്പ് ഇതാ വന്നുകഴിഞ്ഞു. ബംഗാൾ ഒരു ചോരക്കടലായിമാറാതിരിക്കാൻ നേതാക്കന്മാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എല്ലാ സമുദായത്തിലും പെട്ട നേതാക്കന്മാർ ഈ മുന്നറിയിപ്പുകൾ ചെവിക്കൊള്ളുകയും ചുവരുകളിലെ അക്ഷരങ്ങൾ മായ്ക്കുകയും ചെയ്യട്ടെ. ബംഗാളിനെ രക്ഷിക്കാൻ ഓരോരുത്തരും അവരുടെ പരമാവധി കഴിവുകൾ പ്രയോഗിക്കട്ടെ.

ബംഗാൾ അപകടത്തിലാണ്.

---

അങ്ങനെ, നൗഖാലി ആസുരമായ നരവേട്ടയുടെ നടനരംഗമായിത്തീർന്നു. ലോകത്തിൻെറ മുമ്പിൽ ഹിന്ദുവും മുസൽമാനും ലജ്ജാഭാരംകൊണ്ടു് തലകുനിക്കേണ്ട ഒരു സംഭവമായിരുന്നു അതു്. പരിഷ്കൃത രാജ്യങ്ങളിലെന്നുമാത്രമല്ല, മനുഷ്യഭുക്കുകളെന്നുപറയപ്പെടുന്ന കാനിബാൾകാരുടെ നാട്ടിൽപോലും ഇത്തരം രാക്ഷസീയ കർമ്മങ്ങൾ നടന്നിട്ടുള്ളതായി കാണുന്നില്ല. തീരെ വിശ്വസിക്കുവാൻ വയ്യാത്ത ദയനീയ പരിണാമം. പക്ഷേ,

ജിന്നാസാഹിബ്ബിൻെറ പ്രസ്താവനകൾ പരിശോധിക്കു മ്പോൾ അദ്ദേഹം അതുതന്നെ പ്രതീക്ഷിച്ചിരുന്നുവെന്ന് കാണാം. ദരിദ്രലക്ഷങ്ങളുടെ നേരേ പാകിസ്ഥാൻെറ പേരിൽ നടത്തിയ ഈ രാക്ഷസീയാക്രമം ബുദ്ധൻെറ ജന്മഭൂമിയിൽ കറുത്തമഷികൊണ്ടു് കളങ്കം കുറിച്ചുകഴി ഞ്ഞു. അഹിംസയുടേയും, അക്രമരാഹിത്യത്തിൻെറയും സ്നേഹത്തിൻേറയും, ത്യാഗത്തിൻേറയും, പരാത്മമതിക ളായ പരശ്ശതം ഭാരതീയർ പരമ്പരയായി പടുത്തുപൊ ക്കിയ ആ സംസ്കാരസൗധം അര വിനാഴികക്കുള്ളിൽ അങ്ങനെ തകൎന്നുവീണു. അബലകളും അനാഥരുമായ സ്ത്രീകളെ സ്വസഹോദരന്മാരുടെ മുമ്പിൽ നഗ്നകളാ ക്കിനിറുത്തി വ്യഭിചരിക്കുകയും കുത്തിച്ചുകളയുകയും ചെയ്ത മനുഷ്യാധമന്മാർ, ശത്രുവിനെപ്പോലും സ്നേഹിക്കാൻ പ ഠിപ്പിക്കുന്ന സനാതനസ്ഥാനത്തിൽ, സംസ്കാര ഭൂമിയിൽ സ്വാത്മമതികളായി സഹജരക്തം ചോൎത്തുകളഞ്ഞുവെ ന്നോ—? കേട്ടാൽ കരൾവെന്തു് കണ്ണുനീരൊഴുകുന്ന ഇ ത്തരം ബീഭത്സ സംഘട്ടനങ്ങൾ ബീഹാറിനെയും ബം ഗാളിനെയും ഹിന്ദുവിൻേറയും മുസൽമാൻേറയും മതഭ്രാ ന്തിൻെറ മകുടോദാഹരണമായ രണ്ടു ചിത്രങ്ങളായി അന്യരാഷ്ട്രങ്ങളിൽ വിററഴിഞ്ഞു. അഹോ, ത്യാഗവും സ്നേഹവും പാലും തേനുമൊഴുക്കിയ പുണ്യഭൂമിയി ലാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നതെങ്കിൽ മനുഷ്യ ജീവിതത്തെപ്പററി ലജ്ജിക്കുകയേ തരമുള്ളു.

ഏതുപ്രേരണകൊണ്ടായാലും ശരി, ഒരിക്കലും ഉണ്ടാ കുവാൻപാടില്ലാത്ത ആ ദയനീയാധഃപതനം ഉണ്ടാകുക

തന്നെ ചെയ്തു. അതു് അനേകായിരം സംവത്സരങ്ങളുടേയും, അനേകം പരാർത്ഥമതികളായ പരമഹംസന്മാരുടേയും പരാജയം രേഖപ്പെടുത്തുകയാണു് ചെയ്തതു്. മനുഷ്യനെ മനുഷ്യൻ മതത്തിൻെറയും, സ്വാതന്ത്ര്യത്തിൻെറയും പ്രേരണകൾക്കുവഴങ്ങി വേട്ടയാടിയ ഇത്തരം സംഭവങ്ങൾ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. ബലവാൻ ബലഹീനനെ അടിച്ചമർത്തുകയല്ല, ഭൂരിപക്ഷം ന്യൂനപക്ഷത്തെ കൊന്നൊടുക്കുന്ന ഘോരസമരമാണു് ബംഗാളിൽ നടമാടിയതു്. ഓടി രക്ഷപ്പെടുന്നതിനുപോലും പൈശാചികാവേശംപൂണ്ടു പാഞ്ഞുവന്ന രക്തരക്ഷസ്സുകൾ അനുവദിച്ചില്ല. അർത്ഥവും ആവശ്യവും ചിന്തിച്ചിട്ടില്ല.—"കൊല്ലുക! കൊല്ലുക!" അതായിരുന്നു ആ ഘോരനരാധമന്മാരുടെ ആവശ്യം!—

കാവൽക്കാരെ അരിഞ്ഞു വീഴ്ത്തി, കതകുകൾ അടച്ചുപൂട്ടി, വീട്ടിനകത്തിട്ടു് ആളുകളെ വീർപ്പു മുട്ടിച്ചു ചുട്ടുകളയുന്നതിനു് കരുതുമ്പോൾപോലും, ആ പ്രവൃത്തി അന്യദൃഷ്ടിയിൽനിന്നും മറയ്ക്കുന്നതിനു് ശ്രമിക്കുന്നതു് ഏതായാലും ലജ്ജാവഹമായിരുന്നു. കണ്ടതു കണ്ടില്ലെന്നു നടിക്കുന്നതോ പോകട്ടെ, അതേസമയം കാണാത്തതിനെ കണ്ടതായി കരുതുന്നതിനുള്ള കാപട്യം മനുഷ്യത്വത്തിൻെറ അടയാളമല്ല. ശ്രീ. പുരുഷോത്തമദാസ് താണ്ഡൻെറ വിവരണത്തിൽനിന്നും ശത്രുക്കളെ വിളിച്ചുവരുത്തി സ്വന്തം ബന്ധുമിത്രാദികളുടെ സംഹരണത്തിനു് താല്പര്യപ്പെടുന്ന ഏതോ ചതിയാലോചനയിൽ സുഹ്രവർദ്ദി—ലീഗു് പ്രധാനമന്ത്രി—മുഴുകിയിരുന്നതായി കാ

ണാം. ഏതായാലും അദ്ദേഹത്തിൻെറ പ്രവൃത്തി ഹൃദയ ശൂന്യതയ്ക്കും, ഭയങ്കര ഭവിഷ്യത്തുകൾക്കും പ്രേരകമായി പാകിസ്ഥാനം സമ്പാദിക്കുകയല്ല, മതം പ്രചരിപ്പിക്കുകയല്ല-പാവപ്പെട്ട, നിരക്ഷരകുക്ഷികളായ, സാധുജനതയെ പിശാചായി പരിവർത്തനം ചെയ്യിക്കുന്നതിനുള്ള മഹാപാതകം അതിൻെറ ഫലമായിത്തീൎന്നു. "പാകിസ്ഥാൻെറയും ലീഗിൻെറയും നാമധേയത്തിൽ പതിവായി സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും, പ്രഭാഷണങ്ങൾ ചെയ്യുകയും, അവയുടെ അന്ത്യത്തിൽ രക്തപാനോത്സുകമായ ജനത പൈശാചികാവേശം പൂണ്ടു് പലവഴിയും പാഞ്ഞുചെന്നു് കൊല, കൊള്ള, ബലാൽസംഗം തുടങ്ങിയ പ്രവൃത്തികൾചെയ്യാൻ ഉത്സാഹിക്കുകയും ചെയ്യുക പതിവായിരുന്നു.!" എത്രതന്നെ മറക്കുവാനും മായ്ക്കുവാനും ശ്രമിച്ചാലും ഇത്തരം സംഭവങ്ങൾ പരസ്യമാവുകതന്നെ ചെയ്യും.

"ബംഗാൾ ഒരു ചോരക്കടലായി രൂപാന്തരപ്പെടാതെങ്കിൽ നേതാക്കന്മാർ വേഗം അങ്ങോട്ടുപോവുക!—" "അക്രമികളോട്ടു് അക്രമംകൊണ്ടുതന്നെ പകരം ചോദിക്കാൻ ആയിരക്കണക്കിനുള്ള യുവാക്കന്മാർ ഇതാ, ബംഗാളിലേയ്ക്കുപോകുന്നു!" "ഈ അനീതിയോട്ടു് എതിരിടാൻ സാധിച്ചില്ലെങ്കിൽ ജീവിതംകൊണ്ടു് പ്രയോജനമില്ല!" "ഹിന്ദുക്കൾ പ്രത്യേകം സംഘടിക്കട്ടെ—" "നൗഖാലിയിലേക്കു് കടന്നുചെല്ലട്ടെ!"

ന്യൂനപക്ഷങ്ങളെ തിന്നു തടിച്ചുവീൎത്ത നൗഖാലിയിലെ ഭൂരിപക്ഷത്തെ, മറെറാരു ഭൂരിപക്ഷം വരുന്ന

മഹായോഗം ഇതാ ആക്രമിക്കുവാൻ ആവേശംകൊള്ളുന്നു. എന്തായിരിക്കാം ഇതിന്റെയൊക്കെ അർത്ഥം? ഈ രീതിയിൽ മുന്നോട്ടു പോവുകയാണെങ്കിൽ—മതി, പിന്നെ എഴുതുവാനും ചിരിക്കുവാനും യാതൊന്നും അവശേഷിക്കുകയില്ല. എല്ലാം സമാപ്തം!—വിദേശശക്തികൾ ആഗ്രഹിച്ചതും ഇതായിരിക്കുമോ?—

നൗഖാലിയിലും, ബീഹാറിലും നടന്ന ഏതാദൃശ ദുരന്തദുരദൃഷ്ടങ്ങൾ ഗാന്ധിജിയുടെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിൽ അത്യന്താപേക്ഷിതമായ ഹിന്ദുമുസ്ലിം മൈത്രി സമ്പാദിക്കണമെന്നുള്ളതായിരുന്നു ആദ്യമേയുള്ള അദ്ദേഹത്തിന്റെ പരമാഭിലാഷം. ഇന്നാകട്ടെ, ആ മൈത്രീബന്ധം തകർന്നുപോവുകയാണു ചെയ്തിരിക്കുന്നതു്. "ഭൂരിപക്ഷഭയമാണു് പാകിസ്ഥാന്റെ ഉത്ഭവവും അടിസ്ഥാനവും. ഭയവും, ശങ്കയും, ഭരണഘടനാവ്യവസ്ഥകൾകൊണ്ടോ യുക്തിവാദങ്ങൾ കൊണ്ടോ അകററാവുന്നതല്ല. ഭയത്തിനുപകരം വിശ്വാസവും വിദ്വേഷത്തിനുപകരം സ്നേഹവും അങ്കുരിപ്പിക്കുകയാണിതിനു് പ്രതിവിധി". സ്നേഹപരവശനായ ആ മഹാപുരുഷൻ ബിഹാറിന്റെ നേരെ, തല്ലണ്ടിക്കുവേണ്ടി ഒരു പ്രാണോപവാസയജ്ഞംതന്നെ നടത്തുമെന്നും അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിച്ചു. "ആ സമുദായകലാപമവസാനിപ്പിക്കുവാൻ വേണ്ടിവന്നാൽ ബാംബു ചെയ്യുമെന്നു"ള്ള പണ്ഡിററ് ജവഹരിലാൽനെഹ്രുവിന്റെ ഭീഷണിക്കോ, അധികാരശക്തികളുടെ സംയുക്തപരിശ്രമങ്ങൾക്കോ ശാന്തമാക്കുവാൻ സാധിക്കാത്ത സമുദായകലാപം, അതാ

ബീഹാറിൽ നിന്നും കാറൊഴിഞ്ഞ മാനം പോലെ പ്രസന്നമായിത്തീരുന്നു. മഹാത്മാവുശിഷ്യനായ നെഹ്രുവിൻെറ ഭീഷണിക്കു നൽകിയ പ്രതിസന്ദേശം ഇങ്ങനെയായിരുന്നു!—

"ബാംബുകൊണ്ടും പീരങ്കികൊണ്ടുമാണു് വഴക്കുകൾ അവസാനിപ്പിക്കുവാൻ ഭാവിക്കുന്നതെങ്കിൽ, എത്രയും വേഗം താങ്കളുടെ ഭരണസാരഥ്യം അവസാനിപ്പിക്കുകയായിരിക്കും നല്ലതു്!"

ഇൻഡ്യാചരിത്രത്തിൽ ഇത്രയും സംഭ്രമജനകമായ ഒരു സന്ദർഭം ഉണ്ടായിട്ടില്ല—ഇനി ഉണ്ടാവുകയുമില്ല. സംഭ്രമ ജനകമായ ഒരു സന്ദർഭമെന്നുപറഞ്ഞതു വർഗ്ഗീയ കലാപത്തെ ഉദ്ദേശിച്ചുമാത്രമല്ല. പക്ഷേ, അതു മററു വിഷമപ്രശ്നങ്ങളെ അവയുടെ പരമകാഷ്ഠയിൽ എത്തിക്കുന്നതിനു പര്യാപ്തമായിരുന്നു. വിഷമപ്രശ്നങ്ങളാണെങ്കിൽ ഇൻഡ്യയുടെ ഭാഗധേയം നിർണ്ണയിക്കുന്നതായിരുന്നു. രാഷ്ട്രീയചരിത്രത്തിൽ ആശകളും ആശങ്കകളും മാറി മാറിവന്നുകൊണ്ടിരിക്കുന്നു. ഒന്നുകിൽ ഭാരതത്തിൻെറ ചിരകാല പ്രതീക്ഷകളും പ്രാത്ഥനകളും പ്രത്യക്ഷഫലങ്ങളായിത്തീരണം; അല്ലെങ്കിൽ മറെറാരു ഭയങ്കരമായ അഗ്നിപരീക്ഷയിൽ കൂടി രാഷ്ട്രം കടന്നുപോകണം. ഒന്നുകിൽ സ്വാതന്ത്ര്യം അല്ലെങ്കിൽ അഭൂതപൂവ്വമായ മർദ്ദനം- രണ്ടിലൊന്നു് ഇതാ, അടുത്തുതന്നെ തിച്ചപ്പെടുവാൻ പോകുന്നു. കാൺഗ്രസ്സിൻെറ വിജയചിന്തകൾക്കു് വിധേയമായി കാണസംബ്ളിയും മററും രൂപീകൃതമാകുന്നുണ്ടെങ്കിലും, സ്വാ

തന്ത്ര്യം സിദ്ധിച്ചുകഴിഞ്ഞതിന്ന് ശേഷമുള്ള നയ രൂപീകരണങ്ങളിൽ അഖിലരാഷ്ട്രരക്ഷാസമിതികൾ ആലോചിക്കുന്നുണ്ടെങ്കിലും, ഇൻഡ്യൻ നേതാക്കന്മാരുടെ നിർദ്ദേശങ്ങളിൽ ഒരു സമരത്തിൻെറ സൂചനകൾ സ്പഷ്ടമായിരുന്നു.

“കാൺഗ്രസ്സ് സജീവവും ജാഗരൂകവുമാകേണ്ടിയിരിക്കുന്നു. ഏതുതരത്തിലുള്ള സ്ഥിതിവിശേഷത്തേയും നേരിടാൻ അവർ തയാറായിരിക്കണെ”മെന്നു ഡാക്ടർ രാജേന്ദ്രപ്രസാദും, “ഇൻഡ്യ ഒരു വിപ്ലവത്തിലേക്കു കുതിക്കുകയാണു്, സ്വാതന്ത്ര്യ സിദ്ധിക്കു തടസ്സമായി നില്ക്കുന്ന സകലതിനേയും അതു തട്ടിനീക്കും!” എന്നു ജയപ്രകാശ് നാരായണനും മുന്നറിയിപ്പുനൽകുന്നു. അങ്ങനെ അപകടസമ്പൂർണ്ണമായ ഒരു കാലഘട്ടം അടുത്തടുത്തുവരുന്നു—ആ സമരശംഖം, ധ്വനിച്ചു തുടങ്ങുന്നതിനുള്ള മുഹൂർത്തം നിശ്ചയിക്കുന്ന ലണ്ടൻ സംഭാഷണങ്ങളിലും, ഡൽഹിയിലെ ജനപ്രതിനിധികേന്ദ്രങ്ങളിലും, നേതാക്കന്മാരുടെ സമരാഹ്വാനങ്ങളിലും ഇന്നു രാഷ്ട്രത്തിൻെറകണ്ണും കരളും, ചെവിയും പതിഞ്ഞിരിക്കുകയാണു്.

നേതാക്കന്മാർ ഉപദേശം നേടുവാൻ വെമ്പിയെത്തിക്കൊണ്ടിരുന്ന ഭാരതത്തിൻെറ ജീവൽപ്രധാനമായ ദശാസന്ധിയിൽ, അതുവരെ അതിൻെറ ഭാഗധേയത്തിന്നു് വേണ്ടി പ്രാണപരിശ്രമം ചെയ്തിരുന്ന മഹാത്മജി, ആ രംഗം വിട്ടകന്നുനിൽക്കുവാൻ ഭാവിക്കുന്നതുകണ്ടു് ലോകം അത്ഭുതപ്പെട്ടു. പക്ഷേ, ആ അത്ഭുതം അതിമഹത്തായ

മററൊരു മഹാദർശനത്തിന് സാക്ഷ്യം വഹിച്ചു. ബംഗാളിനെ മനുഷ്യഹത്യാപാതകത്തിൽ നിന്നും വിമുക്തമാക്കുവാൻ വേണ്ടിയുള്ള ഒരു മഹായജ്ഞത്തിന്ന് അദ്ദേഹം സന്നദ്ധനായി. ഗാന്ധിജി, രക്തസ്നാനം നടത്തിയ ബംഗാൾ സന്ദർശിക്കുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ, അദ്ദേഹത്തിൻെറ പരമാഭിലാഷമായ ഹിന്ദു—മുസ്ലീം മൈത്രി അതികഠിനമായി പരാജയമടഞ്ഞ ആ പ്രദേശങ്ങളിൽ സഞ്ചരിക്കുവാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ, ലോകം അതിനെ പല കാരണങ്ങളും ചൂണ്ടിക്കാണിച്ചു തടയുവാൻ ശ്രമിച്ചു. ആ സമാഗമം നിരോധിക്കുവാൻ സർവ്വശക്തികളും ഉപയോഗിക്കുന്ന ഒരു ഗവമ്മെൻറിൻെറ പരിധിക്കകത്തു വേണ്ടിടത്തോളം രക്ഷാവ്യവസ്ഥകളൊന്നുംകൂടാതെ കടന്നുചെല്ലുന്നതു ലോകത്തിൻെറ ആവശ്യമായ ആ മഹാമതിയുടെ ജീവിതത്തിനുതന്നെയും ഹാനികരമായേയ്ക്കുമെന്നും പലരും സംശയിച്ചു. പക്ഷേ, ആ തടസ്സങ്ങളെല്ലാം കേവലം ബാലിശങ്ങളായിരുന്നു. അദ്ദേഹം ബംഗാളിലേക്കുപോകുവാനും, തൻെറ ആ പരീക്ഷണം നിർവ്വഹിക്കുവാനും തന്നെ നിശ്ചയിച്ചു.

ആ നിശ്ചയമറിഞ്ഞ നിമിഷത്തിൽത്തന്നെ ബംഗാളിലെ അന്തരീക്ഷം പ്രസന്നമായിക്കഴിഞ്ഞു തൻെറ ആദർശത്തിന് ഏററവും വലിയ തോൽവി സംഭവിച്ച നൗഖാലിതന്നെ തൻെറ പ്രവർത്തനരംഗമായി സ്വീകരിച്ചുകൊണ്ടു് അദ്ദേഹം അങ്ങോട്ടുതിരിച്ചു. സത്യത്തിൻേറയും അഹിംസയുടേയും ഏററവും വലിയ അഗ്നിപരീക്ഷണം അവിടെവെച്ചുനടത്തുവാനും ആ പരീക്ഷണത്തിനുവേണ്ടി,

വേണ്ടിവന്നാൽ ആത്മാഹുതിചെയ്യുവാനും അദ്ദേഹം നിശ്ച യിച്ചു. അതു് തന്റെ സകല സത്യഗ്രഹപരീക്ഷണങ്ങളു ടേയും മൗലികവും മഹത്തരവും അവസാനത്തേതുമാണെ ന്നാണു് അദ്ദേഹംപറയുന്നതു്.

"മനുഷ്യനെ മനുഷ്യൻ പേടിച്ചോടുന്ന ഭീരുത്വ ത്തോടു സമരം ചെയ്യണമോ? ഈശ്വരനെയല്ലാതെ മററാ രെയും പേടിക്കേണ്ട ആവശ്യമില്ല. അക്രമം പ്രവത്തിക്കുന്ന വന്റെ മുമ്പിൽ ചെറുത്തുനിന്നു് മരിച്ചുവീഴുക. ധീരന്മാ രുടെ ആയുധമാണഹിംസ. അതു് ഭീരുത്വമാണെന്നു പ റയുന്നവർ ഒന്നുമറിയാത്ത ബാലിശന്മാരാണു്. നിർഭീ കനായ ഒരു ധീരയോദ്ധാവിന്റെ മുഖത്തു നോക്കുവാൻ ഭീരുവർഗ്ഗത്തിന്നു് അസാധ്യമാണു്. ആത്മസന്തർപ്പണ വ്രതത്തോടുകൂടി മുന്നോട്ടാഞ്ഞുകയറുന്ന ധർമ്മഭടന്മാക്കു് ജയം നിശ്ചയം"സംഘടിതമായ ആക്രമത്തെ ഭയന്നു്നാടും വീടും വിട്ടുപോകുന്ന ജനങ്ങളെ അദ്ദേഹം മാടിവിളിച്ചു. എതിരാളികളുടെ സംഖ്യാബലം എത്രതന്നെ വമ്പിച്ച തായിരുന്നാലും അഹിംസാസമരംകൊണ്ടു് ആ ഭീരുക്കളെ നിഷ്പ്രയാസം ജയിച്ചടക്കാമെന്നും അങ്ങനെ നൗഖാലി ഒരു സ്നേഹരാജ്യമായി മാററാമെന്നും അദ്ദേഹം ഉപദേശി ക്കുന്നു. ഗാന്ധിജിക്കു് കീഴടങ്ങിയെന്നാൽ സ്നേഹം ജയിക്കുന്നു എന്നുമാത്രമേ അത്ഥമുള്ളു.

ഗാന്ധിജി കിഴക്കേബംഗാളിൽ വരികയാണെങ്കിൽ അദ്ദേഹത്തിന്റെ ജീവിതത്തിനുവേണ്ടിടത്തോളം ഉറപ്പു നൽകുവാൻ സാധ്യമാകുന്ന കാര്യം സംശയമാണെന്നു് ത

ദ്ദേശഗവമ്മെൻറ് പരോക്ഷമായ നിർദ്ദേശങ്ങഠം പുറപ്പെടുവിച്ചു. എന്നാൽ അക്രമികളുടെ ഹൃദയം കിടുങ്ങിത്തുടങ്ങിയതോടു കൂടി, അവർ പത്തുക്കെ മാടങ്ങളിൽ പതുങ്ങുവാൻ വെമ്പൽ പൂണ്ടു. "ബംഗാളിലെ ലീഗുമന്ത്രിസഭയെ അപമാനിക്കാനും ബീഹാർ സംഭവങ്ങളുടെ പ്രാധാന്യം കുറയ്ക്കാനുമാണ് ഗാന്ധിജിയുടെ ബംഗാഠം പര്യടന"മെന്ന് ലീഗ് പത്രമായ "ഡാൺ" അഭിപ്രായപ്പെട്ടു. പല നിരൂപകന്മാരും ആ സംരംഭത്തെ വിമർശനം ചെയ്തു. പക്ഷെ, നിഷ്പക്ഷബുദ്ധികളായ നിരൂപകന്മാക്ക് ആ സംരംഭങ്ങളിൽ ഗൂഢോദ്ദേശങ്ങഠം ദർശിക്കുവാൻ സാധിച്ചില്ല. ആ സ്നേഹസ്വരൂപൻെറ സാന്നിദ്ധ്യം സകല വിധത്തിലും സങ്കടമനുഭവിച്ച സാധുജനങ്ങഠംക്ക് ആശ്വാസപ്രദമായിരുന്നു.

# ഗാന്ധിജി കിഴക്കേബംഗാളിൽ

എതിർപ്പുകളേയും, ഭീഷണികളേയും വകവയ്ക്കാതെ ഗാന്ധിജി ആ അഭിശപ്തപ്രദേശങ്ങളിലേക്കു പ്രവേശിച്ചു. അദ്ദേഹം നൗഖാലി സന്ദർശിക്കാതിരിക്കാനും, അദ്ദേഹത്തിന്റെ സഞ്ചാരത്തിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാതിരിക്കാനും ജിന്നതുടങ്ങിയ ലീഗിലെ ഉയർന്നനേതാക്കന്മാരിൽനിന്നും മി. സുഹ്രവർദ്ദിക്ക് നിർദ്ദേശങ്ങൾ ലഭിക്കപ്പെട്ടിരുന്നു. സുഹ്രവർദ്ദി ആവുംവിധം ആ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ പരിശ്രമിച്ചെങ്കിലും, സാധിച്ചില്ല. ഗാന്ധിജിയെ ഏതാനും ദിവസത്തേയ്ക്ക് തടസ്സപ്പെടുത്തുവാൻമാത്രമേ ആ പ്രധാനമന്ത്രിക്ക് കഴിഞ്ഞുള്ളു. അഥവാ ആ പ്രസ്ഥാനം ദൈവീകമായ ഒരു ശാശ്വതസിദ്ധിക്ക് വേണ്ടിയുള്ളതായിരുന്നു. അതിനെ നിരോധിക്കുവാൻമനുഷ്യശക്തിക്കു സാദ്ധ്യമല്ല.

1946-നവംബർ 20-ാംനു- അദ്ദേഹം ലഹള ബാധിതപ്രദേശങ്ങളിലേക്ക് യാത്രതിരിച്ചു. ഒരു പത്രപ്രസ്താവനയിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു—

"ഇക്കഴിഞ്ഞ കൊല്ലങ്ങളിലെല്ലാം എന്റെ കൂടെ ഉണ്ടായിരുന്നവരിൽ നിന്നും വേർപെട്ട് ഞാൻ ശ്രീരാമപുരം എന്ന ഗ്രാമത്തിലേക്ക് പോവുകയാണ്. എന്റെ പരീക്ഷണങ്ങളെല്ലാം പരിപൂർണ്ണപരാജയത്തിൽ എത്തിയിരിക്കുന്നതു അവിടെയാണ്. ഹിന്ദു-മുസ്ലീം സമുദായങ്ങൾ പരസ്പരം യോജിക്കുന്നതുവരെ സമാധാനസ്ഥാപന

ത്തിന്ന് വേണ്ട സന്ദേശവുമായി ഞാൻ അവിടെ സഞ്ചരിക്കും. എന്നോടുകൂടി വന്നിട്ടുള്ള പ്രവർത്തകന്മാർ ഭയവും, ശങ്കയും ഉപേക്ഷിച്ചു് ഓരോരുത്തരായി പിരിഞ്ഞു് നൗഖാലിയിൽ പ്രവത്തനം നടത്തേണ്ടതാണു്. അതിശയോക്തികളുടേയും അസത്യങ്ങളുടേയും മധ്യത്തിൽ കഴിച്ചു കൂട്ടുന്നതുകൊണ്ടു് പരമാർത്ഥം കണ്ടുപിടിക്കാൻ എനിക്കു് അസാധ്യമായിരിക്കുന്നു. അറുപതുകൊല്ലമായി എന്നെ പുലത്തിക്കൊണ്ടുവന്ന സത്യവും അഹിംസയും അതിന്റെ മാഹാത്മ്യത്തെ തെളിയിക്കുന്നില്ല. അതുകൊണ്ടു് അവയെ പരിക്ഷിക്കുന്നതിനായി ഞാൻ ശ്രീരാമപുരത്തേക്കു പോകുന്നു."

തന്റെ അഹിംസാ സിദ്ധാന്തത്തിന്റെ പുതിയ പരീക്ഷണാർത്ഥം മഹാത്മജി താമസിക്കുവാൻ തയ്യാറാക്കിയ ശ്രീരാമപുരത്തെ കസീർഖിൽ ക്യാമ്പിനേയും പരിസരങ്ങളേയും പരിശോധിച്ചിട്ടു് അസോഷ്യേററഡ് പ്രസ്സ് ആഫ് ഇൻഡ്യാ ഇപ്രകാരം റിപ്പോർട്ടു ചെയ്യുന്നു:—

"സംഭാഷണങ്ങൾ ഭാഷാന്തരീകരിക്കുന്നതിനായി പ്രഫസർ നിർമ്മൽ ബോസും, സ്റ്റെനോഗ്രാഫറായി പരശുറാമും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടു്. രണ്ടാളുകളാൽ മാത്രം അനുഗതനായി ശ്രീരാംപൂരിൽ താമസിക്കാനുള്ള മഹാത്മജിയുടെ നിശ്ചയം ചില കേന്ദ്രങ്ങളിൽ ഉൽക്കണ്ഠയുണ്ടാക്കുന്നുണ്ടു്. അവിടങ്ങളിലുള്ള പാലങ്ങൾ തരണം ചെയ്യുന്നതിനു് വിഷമമേറിയവയും, മുളകൊണ്ടു് നിർമ്മിക്കപ്പെട്ടവയുമാണു്. യാത്രാസൗകര്യങ്ങൾ ഏററവും അതൃപ്തികരവും അവിടത്തെ എല്ലാ ഭവനങ്ങളും നെല്പാടങ്ങളാൽ ചുററപ്പെട്ടവയുമാണു്. ഇക്കാലത്തു് അവിടെയുള്ള തോടുകളിൽ മിക്കവാറും വെള്ളംവററാറണ്ടു്".

# മഹാത്മജിയ്ക്കു്
# മഹമ്മദീയരുടെ ഭീഷണികൾ

"ഹിന്ദു മുസ്‌ലീം മൈത്രി കൈവരുത്തുവാൻ സാധ്യമല്ലെങ്കിൽ കൂടുതൽ ജീവിച്ചിരിക്കുവാൻ തനിക്കാഗ്രഹമില്ലെന്നും, ഒരു ലീഗുമുസൽമാനോടൊത്തു തന്നെ അവിടെ താമസിക്കാൻ താൻ ഇഷ്ടപ്പെടുകയാണെന്നും" പ്രസ്താവിച്ചുകൊണ്ടു് മഹാത്മജി കസീർഘട്ടിൽ ക്യാമ്പിൽ വച്ചു് പ്രാൎത്ഥനായോഗങ്ങൾ നടത്തി. ചില മുസ്‌ലീങ്ങളിൽ നിന്നും ഭീഷണിപ്പെടുത്തുന്ന ചില കത്തുകൾ അദ്ദേഹത്തിനു് ലഭിച്ചു. തങ്ങളെ അമൎത്തുവാനാണു് ഗാന്ധിജി അവിടെ വന്നിരിക്കുന്നതെന്നായിരുന്നു അവരുടെ ഭീതി. "ബംഗാളിലെ ദുരന്തങ്ങൾ സംബന്ധിച്ചു് മുസ്‌ലീങ്ങൾക്കെതിരായി അദ്ദേഹം എന്തുകൊണ്ടു് നിരാഹാരവ്രതം അനുഷ്ഠിക്കുന്നില്ല?" എന്നു് ഹിന്ദുക്കളിൽ നിന്നും കോപകലുഷമായ കമ്പികൾ അദ്ദേഹത്തിനു് കിട്ടിക്കൊണ്ടിരുന്നു. ഇക്കാൎയ്യങ്ങളെല്ലാം റാംഗഞ്ചിൽ വച്ചുള്ള പ്രാൎത്ഥനായോഗത്തിൽ അദ്ദേഹം തന്നെ വെളിപ്പെടുത്തുകയുണ്ടായി.

അന്നത്തെ പ്രാൎത്ഥനായോഗത്തിൽ ബംഗാൾ സിവിൾ സപ്ലൈസ് മന്ത്രിയായ മി. ഗാഫ്‌റൻ ആലിഖാനും സംബന്ധിച്ചിരുന്നു. പ്രധാന മന്ത്രിയെപ്പോലെ സംഭവങ്ങളെ മറയ്ക്കുവാൻ സാഹേബ് താല്പൎയ്യപ്പെട്ടില്ല. കഴിഞ്ഞ കാലങ്ങളെപ്പററി വിചാരിക്കുന്നതുതന്നെ ലജ്ജാകരമാണെന്നും താനും ബംഗാളിലെ സകല മുസ്‌ലീങ്ങളും അ

തിൽ ഖേദിക്കുന്നു എന്നും അദ്ദേഹം വെളിപ്പെടുത്തി. അ ത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കാ മെന്നും, അപരാധികളെ കണ്ടുപിടിച്ച് ശിക്ഷിക്കുന്ന തിൽ നിഷ്പക്ഷവും ആത്മാർത്ഥവുമായ പരിപാടികൾ കൈക്കൊള്ളാമെന്നും സമ്മതിച്ചതിനു പുറമേ, ഗാന്ധിജി യുടെ പ്രാർത്ഥനായോഗങ്ങളിൽ സന്നിഹിതരാവുകയോ പ ങ്കെടുക്കുകയൊ ചെയ്യുമ്പോൾ, യാതൊരുത്തരേയും അറ സ്റ്റുചെയ്യരുതെന്ന് അദ്ദേഹം ഉത്തരവുകൾ പുറപ്പെടു വിക്കുകയും ചെയ്തു.

ഗാന്ധിജിയുടെ ഉപസംഹാരപ്രസംഗം ഇങ്ങനെയാ യിരുന്നു:—

"പ്രാർത്ഥനസ്ഥലത്ത് കാൺഗ്രസ്സിൻേറയും ലീഗി ൻേറയും കൊടികൾ ഒന്നിച്ചു പറക്കുന്നതു് കാണുന്നതിൽ എനിക്കു് സന്തോഷമുണ്ടു്. രണ്ടിനും മഹത്ത്വും യഥാർത്ഥവു മായപ്രാധാന്യം ഉണ്ടു്. ഖേ ഇദി ആസാം പറഞ്ഞതുപോ ലെനിങ്ങൾ തമ്മിൽതല്ലിക്കഴിഞ്ഞു കൂടിയാൽ ഈ രാജ്യം അടിമരാജ്യമായിത്തന്നെ തുടരുകയും പാകിസ്ഥാൻ ശൂന്യത യിലേയ്ക്കു മറയുകയും ചെയ്യുന്നതാണെന്നു് നിങ്ങൾ മന സ്സിലാക്കണം..........................................

"ബിഹാർ ഇപ്പോൾ ശാന്തമാണു്...................... മുസ്ലീങ്ങളെ അമർത്തുവാനാണു് ഞാൻ ഇവിടെ വന്നിരിക്കു ന്നതെന്നു് അവരിൽ ചിലർ ഭയപ്പെടുന്നു. ഇതുവരെ യുള്ള എൻെറ ജീവിതത്തിൽ ഞാൻ ഒരുത്തനെപ്പോലും

അമത്തിയിട്ടില്ലെന്ന് അവരെ എങ്ങനെയാണ് വിശ്വസിപ്പിക്കേണ്ടതു്? എന്തുകൊണ്ട് ഞാൻ ബീഹാറിൽ പോയില്ല—എന്ന് അവർ ചോദിക്കുന്നു. ബീഹാർഭ്രാന്തു് അവസാനിപ്പിച്ചില്ലെങ്കിൽ ഞാൻ ഉപവാസമനുഷ്ഠിക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. ബീഹാറുമായി ഞാൻ ഇടവിടാതെ സമ്പർക്കം പുലർത്തുന്നുമുണ്ട്. എന്റെ സാന്നിദ്ധ്യം അവിടെ ആവശ്യമില്ലെന്ന് ജവഹർലാൽജിയും ഡാക്ടർ രാജേന്ദ്രപ്രസാദും ഉറപ്പുനൽകിയിട്ടുണ്ടായിരുന്നു. ബീഹാർ ഇപ്പോൾ പ്രായോഗികമായി ശാന്തമാണെന്നും ഞാൻ അറിയുന്നു. വിഹ്വലത അവിടെ ഇപ്പോഴുമുണ്ട്. എന്നാൽ അതു് നീങ്ങിവരികയാണ്. മുസ്ലീങ്ങൾ സ്വന്തം ഗ്രാമങ്ങളിലേക്കു് തിരിച്ചു പൊയ്ക്കൊണ്ടിരിക്കുന്നു. ഭവനരഹിതരാക്കപ്പെട്ടവർക്ക് വീടുണ്ടാക്കിക്കൊടുക്കാനുള്ള ചുമതല ഗവമ്മെൻറ് ഏറെറടുത്തിട്ടുണ്ട്.

ബംഗാളിലെ സംഭവങ്ങളിൽ മുസ്ലീങ്ങൾക്കെതിരായി എന്തുകൊണ്ട് ഉപവസിച്ചില്ല എന്ന് കോപകലുഷിതങ്ങളായ കമ്പികൾ എനിക്ക് ഹിന്ദുക്കളും അയയ്ക്കുന്നുണ്ട്. എനിക്കു് അങ്ങനെ ചെയ്യാൻ നിവൃത്തിയില്ല. ഞാൻ അവരുടെ സുഹൃത്താണെന്നു് മുസ്ലീങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ (ഇവിടെ അദ്ദേഹത്തിൻെറ വാക്കുകൾ ഇടറി) ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും ഹൃദയങ്ങളിൽ സമാധാനം വാണുതുടങ്ങിയതിനു ശേഷമേ ഞാൻ തിരിച്ചുപോവുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ കൂടുതൽ ജീവിച്ചിരിക്കണമെന്നുതന്നെ എനിക്കു് ഇഷ്ടമില്ല.

ഇതാ ഞാൻ ഇവിടെ മുസ്ലീങ്ങളുടെ ഇടയിലാണ്. ഹിന്ദുസ്നേഹിതന്മാരോടൊത്തു് കഴിഞ്ഞു കൂട്ടുക

എന്ന ആശയം ഞാൻ ഇഷ്ടപ്പെടുന്നില്ല. കഴിയുമെങ്കിൽ ഒരു ലീഗ് മുസൽമാൻെറകൂടെ ഞാൻ താമസിക്കാൻ താല്പര്യപ്പെടുന്നു. വളരെ കുറച്ചാവശ്യങ്ങൾ മാത്രമേ എനിക്കുള്ളു. ആകപ്പാടെ എനിക്കാവശ്യമുള്ളതു് ശുചിത്വവും ശുദ്ധജലവും അനുവദനീയമായ ആഹാരവും എനിക്കിഷ്ടമുള്ള രീതിയിൽ ഈശ്വരനെ പ്രാത്ഥിക്കാനുള്ള സ്വാതന്ത്ര്യവും മാത്രമാണു്. ഒരു ലീഗുകാരനായ സ്നേഹിതനോടുകൂടി ഞാൻ താമസിക്കുന്നതു് കാണുകയാണെങ്കിൽ ഹിന്ദുക്കൾക്കു് വീണ്ടും വിശ്വാസം വരികയും അവർ വിട്ടിറങ്ങിപ്പോന്ന സ്വന്തം വീടുകളിലേക്കു് മടങ്ങിപ്പോരുകയും ചെയ്യും. അതാണു് ഈ ആശയത്തിൻെറ ഉദ്ദേശം. ഞാൻ സുഹൃത്തോ ശത്രുവോ എന്നു് അടുത്തു് കണ്ടറിയുവാനുള്ള ഒരവസരം മുസ്ലീങ്ങൾക്കു് ലഭിക്കുകയും ചെയ്യും.”

## സമാധാന സമിതികൾ

ഒരു രഹസ്യയോഗത്തിൽ പ്രമാണികളായ ഹിന്ദുമുസ്ലിം നേതാക്കന്മാർ മഹാത്മജിയുടെ സാന്നിദ്ധ്യത്തിൽ വെച്ചു് മൂന്നു മണിക്കൂർനേരത്തെ ആലോചനയ്ക്കുശേഷം ഗ്രാമീണ യൂണിയനുകളിലെല്ലാം ഹിന്ദുമുസ്ലീം തുല്യ പ്രാതിനിധ്യത്തോടുകൂടിയ സമാധാനസമിതികൾ രൂപവൽക്കരിക്കാമെന്നേററിരിക്കുന്നു. സാഹോദര്യം പുലത്തുകയും വീടുവിട്ടവരെ തിരിയെ പഴയ നിലയിലാക്കുകയും ചെയ്യുക എന്നതാണു് കമ്മററികളുടെ കത്തവ്യം. ഒരു ഗവമ്മെൻറു് ആഫീസർ ആധ്യക്ഷം വഹിക്കുന്ന

ഈ ഓരോ കമ്മററിയും അതതു സ്ഥലത്തെ സമാധാന പരിപാലനത്തിന്ന് ഉത്തരവാദിത്വം വഹിക്കേണ്ടതാണ്. പ്രസ്തുത കമ്മററികളുടെ നിശ്ചയത്തെ ജനകീയ ഗവമ്മെൻറന്ന് അഭിമാനിക്കുന്ന ബംഗാൾ ഗവമ്മെൻറ് സ്വീകരിക്കേണ്ടതാണെന്ന് ഗാന്ധിജി പ്രസ്താവിച്ചു. നേരുള്ള ഒരു ഹിന്ദുവും ഒരു മുസ്ലീമുംവീതം ഗ്രാമങ്ങളുടെ രക്ഷക്ക ജാമ്യം നിൽക്കേണ്ടതാണെന്നും വേണ്ടിവന്നാൽ അവർ മരിക്കാൻപോലും സന്നദ്ധനായിരിക്കേണ്ടതാണെന്നും അവരുടെ മരണംതന്നെയും ഗുണകരമായിരിക്കുമെന്നും അദ്ദേഹം ബലമായി അഭിപ്രായപ്പെട്ടു.

## മതങ്ങൾ മാനനീയങ്ങളാണ്

ബംഗാൾ മന്ത്രി ഷംസുദീൻ, പാർലമെൻററി സിക്രട്ടറി ഹമീദുഡീൽ തുടങ്ങിയ പ്രമുഖ വ്യക്തികളുടെ ഉത്സാഹത്തിൽ നവംബർ 23-ാം തീയതി ചാന്ദ്പൂരിൽ വച്ചു നടന്ന ഒരു പ്രാത്ഥനായോഗത്തിൽ വമ്പിച്ച ജനാവലിയെ സംബോധനം ചെയ്തുകൊണ്ടു് മഹാത്മജി ഇപ്രകാരം ഉപസംഹാരപ്രസംഗം നടത്തി:—

"ബഹുമാനപ്പെട്ട മന്ത്രി ഷംസുദീൻസാഹിബ്ബിൻെറയും പാർലമെൻററി സിക്രട്ടറി ഹമീദുഡീൽ സാഹിബ്ബിൻേറയും മററു പ്രസംഗങ്ങൾ നിങ്ങൾ കേട്ടുകഴിഞ്ഞു. അഭയാർത്ഥികളെല്ലാം അവരവരുടെ ഗ്രാമങ്ങളിലേയ്ക്കു് തിരിച്ചു പോകുവാൻ അവർ അഭ്യത്ഥിക്കുന്നുണ്ടു്- അഭയാത്ഥികളുടെ മാനവും ധനവും കാത്തുകൊള്ളാമെന്നും അവർ ഉറപ്പുനൽകുന്നു. ഇതെല്ലാം വെറും വാക്കുകൾ മാത്ര

മാണെന്ന് നിങ്ങൾ പറഞ്ഞേക്കാം. കാരണം നിങ്ങൾ അനുഭവിക്കേണ്ടിവന്ന വഞ്ചന തന്നെ. എങ്കിലും, ശരിയായ കാരണംകൂടാതെ ആരുടേയും വാക്കുകളെ അവിശ്വസിക്കുന്നതു് അന്തസ്സിനു് പററിയതല്ലെന്നു് ധരിക്കണം. മുസ്ലീങ്ങളെല്ലാം കള്ളം പറയുന്നവരാണെങ്കിൽ ഇസ്ലാം ഒരു യഥാർത്ഥ മതമാകുന്നില്ല. എന്നാൽ എൻെറ ചരിത്രജ്ഞാനം ഇങ്ങനെയുള്ള ഒരു സിദ്ധാന്തത്തെ ഖണ്ഡിക്കുന്നു. അയഥാർത്ഥമായ ഒന്നിനും ഈ ലോകത്തു് നീണ്ടാൾ നിണ്ടുനിൽക്കുവാൻ സാധ്യമല്ല. ക്രൂരപ്രവൃത്തികൾകൊണ്ടു് പാകിസ്ഥാൻ നേടാൻ കഴിയുകയില്ലെന്നും ഷംസുദ്ദീൻ സാഹിബ്ബ് നിങ്ങളോടു് വ്യക്തമായി പറഞ്ഞു കഴിഞ്ഞു.

..............................................................................

"എല്ലാഹിന്ദുക്കളും ചീത്തകളാണെങ്കിൽ ഹിന്ദുമതവും ചീത്തയായിരിക്കണം. മുസ്ലീങ്ങളെല്ലാം ചീത്തകളാണെങ്കിൽ ഇസ്ലാമും ചീത്തയാണു്. എന്നാൽ ഹിന്ദുമതമോ ഇസ്ലാം മതമോ ചീത്തയല്ല 'എന്നെ പ്രഭോ! പ്രഭോ! എന്നു് വിളിക്കുന്നവരല്ല;—എൻെറ പ്രവൃത്തികൾ ചെയ്യുന്നവൻമാത്രമാണു് എൻെറ ശിഷ്യൻ' എന്നു് ക്രിസ്തു പറഞ്ഞിട്ടുണ്ടു്. ഇതു് എല്ലാമതങ്ങളേയും സംബന്ധിച്ചുള്ള പരമാർത്ഥമാണു്!"

## ശാന്തത

അങ്ങനെ രാമഗഞ്ജിലുള്ള ശ്രീരാമപുരം എന്ന ആ ചെറിയഗ്രാമത്തിൽ ഗാന്ധിജിയുടെ സാന്നിദ്ധ്യം അനുഭവമായിട്ടു് ഒരാഴ്ചകഴിഞ്ഞു. ശാന്തത പാലിക്കപ്പെട്ടുന്നതുവരെ

നൗഖാലി വിട്ടുപോവുകയില്ലെന്ന് അദ്ദേഹം ശപഥം ചെയ്തു. അനേകം ഭവനങ്ങൾ സന്ദർശിച്ച് അദ്ദേഹം അവക്ക് സഹായം വാഗ്ദാനം ചെയ്തു. ഇതിനകം പല പ്രമുഖ നേതാക്കന്മാരും മഹാത്മജിയുടെ ദർശനാത്ഥം കിഴക്കേബംഗാളിൽ കടന്നുകൂടി. ശ്രീ. ശരത് ചന്ദ്രബോസും, മി. സത്യരാജൻ ബക്ഷും മഹാത്മജിയുടെ ഉപദേശാനുസരണം നൗഖാലിയിലെ ലഹള ബാധിത പ്രദേശങ്ങളിൽ സഞ്ചരിച്ചു.

## ഐക്യഗാനം

ശ്രീരാമപുരത്തെ ഒരു മുസ്ലീം ഗൃഹത്തിൽ വച്ച് നടത്തിയ ഗാന്ധിജിയുടെ പ്രാത്ഥനായോഗത്തിന്റെ അവസാനത്തിൽ ഹിന്ദു-മുസ്ലീം ഐക്യത്തെക്കുറിച്ചുള്ള ഒരു ഐക്യഗാനം സ്ഥലത്തെ ഒരു മൗലവി പാടി. ഗാനം രചിച്ചതും മൗലവിതന്നെയായിരുന്നു. ഖിലാഫത്ത് പ്രക്ഷോഭണകാലത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും പാടിയ തരത്തിലുള്ള ഒരു ഗാനമായിരുന്നു അതു്. ഹിന്ദുക്കളും മുസ്ലീങ്ങളും ഒരേ അമ്മയുടെ മക്കളാണെന്നു് ഗാനത്തിൽ പറയുന്നു. തെമ്മാടികളുടെ ഒരു സംഘം രാജ്യത്തെ ആക്രമിക്കുകയും തന്മൂലം സഹോദരൻ സഹോദരനെ കൊല്ലാനിടയാവുകയും ചെയ്തു. പരസ്പരബന്ധം ശിഥിലമായി. കഴിഞ്ഞകാലം മറന്നു് രണ്ടുപേരും ജനിക്കുകയും വളരുകയുംചെയ്ത ഗൃഹത്തിലേക്കു് തിരിച്ചുപോകാൻ ആ ഗാനം സഹോദരന്മാരോടു് അപേക്ഷിക്കുന്നു. ഗാന്ധിജിയുടെ സാന്നിദ്ധ്യത്തിൽ ആ ഗാനത്തിനു് ഒരു

സവിശേഷമായ ആകർഷകത്വം ഉണ്ടായിരുന്നു. പ്രാ ത്ഥനായോഗത്തിൽ വളരെയധികം ജനങ്ങൾ സംബന്ധി ച്ചിരുന്നു. അധികവും മുസ്ലീങ്ങളായിരുന്നു. അവർ ധ രിച്ചിരുന്നതു് വെള്ളത്തൊപ്പികളായിരുന്നുവത്രേ. ഗാന്ധി ജിക്കു് കുറെ മധുരനാരങ്ങ സമ്മാനിക്കപ്പെട്ടു. യോഗാന ന്തരം അദ്ദേഹം അവ കുട്ടികൾക്കു് വിതരണംചെയ്തു.

## "ജീവൻ രക്ഷപ്പെട്ടു"

പ്രാത്ഥനായോഗത്തിലേക്കു് പോകുമ്പോൾ ഗാന്ധി ജിക്കു് ഒരു മുളപ്പാലം കടക്കേണ്ടിവന്നു. പാലത്തിൽ കൂടി നടന്നുപോകുമ്പോൾ അദ്ദേഹത്തിൻെറ കാലുകൾ വിറക്കുകയും, കൈകൾ പാലത്തിൻെറ അഴികളിൽ നിന്നും വിട്ടുപോവുകയും ചെയ്തു. അദ്ദേഹം അടിയിലുള്ള തോട്ടി ലേക്കു വീഴാൻ ഭാവിക്കവേ, മുന്നിൽ നടന്നിരുന്ന നി ർമ്മൽബോസ് അതു് കാണുകയും, പെട്ടെന്നു് രക്ഷപ്പെ ടുത്തുകയും ചെയ്തു. അനിഷ്ടമൊന്നും സംഭവിച്ചില്ല........ അദ്ദേഹം വയലുകളിലെ ചെറിയ പാലങ്ങളിൽക്കൂടി ന ടന്നു ശീലിക്കുകയാണു്. "ബാലൻസിംഗി"ൽ പൂർണ്ണപരി ചയം സിദ്ധിക്കുന്നതുവരെ ഇതു് തുടരുന്നതാണെന്നു് അ ദ്ദേഹം പ്രസ്താവിച്ചു.

## "പാകിസ്ഥാൻ—അപ്രായോഗികം"

ജനങ്ങളെ വച്ചു് മാററുന്ന പദ്ധതിയെപ്പററി അ ദ്ദേഹം തൻെറ അഭിപ്രായം പ്രകടിപ്പിച്ചു. പ്രസ്തുത പ

ഝതി ആലോചിക്കുവാൻ പോലും അനർഹവും അപ്രാ യോഗികവും, രാജ്യതന്ത്രജ്ഞതയുടെയും ബുദ്ധിയുടെ ദാരിദ്ര്യത്തെയുമാണ് അതു് തെളിയിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

"ന്യൂനപക്ഷങ്ങളെ കൈമാറുന്നതുകൊണ്ടു് രാജ്യത്തെരണ്ടു് മേഖലകളായി വിഭജിക്കാമെന്നല്ലാതെ വിശേഷിച്ചു് ഒന്നും ഉണ്ടാകുന്നില്ല. ആ നയം നിരാശാജന്യമായ ഒന്നാണു്."

## ഈ തീ അണയുന്നതുവരെ ഞാൻ പോവുകയില്ല.

നൗഖാലിയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഡാ. അമിയനാഥ ചക്രവർത്തിയുടെ ചോദ്യത്തിനുത്തരമായി മഹാത്മജി ഇങ്ങനെ പറഞ്ഞു:—

"ഞാൻ ഒരു തീവ്രമായ തീയുടെ നടുവിലാണു്. അതു് കെടുന്നതുവരെ ഞാൻ പോവുകയില്ല. ക്രൂരമായ യാതനകൾ അനുഭവിക്കുന്ന സ്ത്രീകൾക്കും പുരുഷന്മാൎക്കും ജീവിക്കത്തക്കവണ്ണം ജീവിതം സുകരമാക്കേണ്ടിയിരിക്കുന്നു. സംഘടനാപ്രവർത്തനങ്ങൾ തുടർന്നുപോകണം. ശാരീരികവും സന്മാൎഗ്ഗികവുമായ സുരക്ഷിതത്വം സുനിശ്ചിതമാകണം.

..............................................................................

ഇരുട്ടു് എന്നെ വലയംചെയ്യുന്നു. ഞാൻ വെളിച്ചത്തിനുവേണ്ടി തപ്പിത്തിരയുകയാണു്. സത്യത്തിന്റെ നേതൃത്വമനുസരിച്ചാണു് എനിക്കു് പ്രവർത്തിക്കുകയോ പ്രവർത്തിക്കാ

തിരിക്കുകയോ ചെയ്യേണ്ടത്. ഈ ശോകമൂകമായ പരിതഃസ്ഥിതിയിൽ ആവശ്യമായ ക്ഷമയും തന്ത്രവും എനിക്കില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. യാതനകളും തിന്മയും എന്നെ പലപ്പോഴും മൂടിക്കളഞ്ഞു. എൻെറ ജീവരക്തത്തെത്തന്നെ തിളപ്പിക്കുകയാണ്. അതിനാൽ സൂക്ഷ്മബുദ്ധിയോടുകൂടി എന്നോടൊത്ത് സഹിക്കുകയും പ്രവൎത്തിക്കുകയും, അല്ലെങ്കിൽ പ്രവൎത്തിക്കാതിരിക്കുകയും ചെയ്യണമെന്ന് ഞാൻ എൻെറ സ്നേഹിതന്മാരോട് പറഞ്ഞിട്ടുണ്ട്. ഇന്ന് നമ്മിൽ നിന്ന് ഉണ്ടാകേണ്ടത് ഏററവും ബുദ്ധിപൂൎവകമായ പ്രവൎത്തികളാണ്. ഈ അന്ധകാരം അകലുകതന്നെ ചെയ്യും.

ഈ ഗ്രാമങ്ങളിൽ ഒരു പുതിയ അടിസ്ഥാനം കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. ഹിന്ദുക്കളും, മുസ്ലീങ്ങളും ഇവിടെ—അവരുടെ പൂൎവ്വികരുടെ ജന്മഭൂമിയിൽ—ഒരുമിച്ചുതാമസിച്ചു, ഒരുമിച്ച്കഷ്ടതകൾ അനുഭവിച്ചു; ഭാവിയിലും അവർ ഒരുമിച്ചുതന്നെ ജീവിക്കണം. ഇപ്പോൾ ഞാൻ ബംഗാളിയായിരിക്കുന്നു, ഞാൻ നൗഖാലിക്കാരനായിരിക്കുവാനും, ഇരുകൂട്ടരേയും ഒരുമിച്ചുചേക്കാനുള്ള അവരുടെ യജ്ഞത്തിൽ പങ്കുകൊള്ളാനും, അതിനുവേണ്ടി അവരുടെ ഇടയിൽ താമസിക്കാനും അല്ലെങ്കിൽ ഈ യത്നത്തിൽ നശിക്കാനുമാണു ഇവിടെ വന്നിട്ടുള്ളത്"

## അയിത്തോച്ചാടനം

മഹാത്മജിയുടെ ആഗമനത്തിനുശേഷം ശ്രീരാമപുരം സർവത്ര പ്രശാന്തമായിരിക്കുന്നു. ഒരു വൎഗ്ഗീയലഹളയും

വൈരനിര്യാതന വ്യഗ്രതയും വളൎന്നുവന്നു് രക്തച്ചൊരിച്ചിൽ നടത്തിയ ദിക്കാണതെന്നു് ആക്കും തോന്നുകയില്ല. പ്രശാന്തമായ ആ ആശ്രമപരിസരങ്ങളിൽ ഹിന്ദുവും മുസൽമാനും പുഞ്ചിരിപ്പൂതൂകലൎന്ന മുഖങ്ങളുമായി പരസ്പരം ആലിംഗനം ചെയ്യുന്നു! അയൽഗ്രാമങ്ങളിൽനിന്നും ഗാന്ധിജിയെ കാണുവാൻ കാത്തുനിന്ന മുപ്പതില്പരം മുസ്ലീംവനിതകൾ ഇപ്രകാരം അഭ്യൎത്ഥിച്ചു:—"അങ്ങയുടെ ദൎശനം നേടുവാൻ ഇടയായതു് ഞങ്ങളുടെ ഭാഗ്യാതിരേകം കൊണ്ടാണു്. എന്നും അവിടുന്നു് ഇവിടെത്തന്നെ താമസിച്ചു് ഞങ്ങളെ അനുഗ്രഹിക്കണം!" അദ്ദേഹം പുഞ്ചിരിയിട്ടുകൊണ്ടു് മറുപടിപറഞ്ഞു:- "ഞാൻ എവിടെയായാലെന്തു്?—എന്നും എൻെറ സാന്നിദ്ധ്യം നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും."

ഡിസംബർ 22-ാംതീയതി "പാനിയാല" ഗ്രാമത്തിൽ ഒരു ഉത്സവം നടക്കുന്നുണ്ടായിരുന്നു. എല്ലാജാതിക്കാൎക്കും ഒരുപോലെ പങ്കെടുക്കാവുന്ന ഒരു ഉത്സവമായിരുന്നു അതു്. തത്സംബന്ധമായി നടത്തപ്പെടുന്ന ഒരു അന്നദാനത്തിൽ സകലജാതിക്കാരേയും ഉച്ചനീചഭേദം കൂടാതെ സംബന്ധിക്കുവാൻ നിൎദ്ദേശിച്ചുകൊണ്ടു് ഗാന്ധിജി ഇപ്രകാരം ഒരു സന്ദേശമയച്ചു കൊടുത്തു:—

"ഈ അന്നദാനം അയിത്തോച്ചാടനത്തിനുള്ള ഒരു മാൎഗ്ഗമായിരിക്കും. പാനിയായിലും അയൽഗ്രാമങ്ങളിലും പാൎക്കുന്നവർ അയിത്തത്തെ ഉച്ചാടനംചെയ്യുമെന്നും അവിടത്തെ ഭൂരിപക്ഷസമുദായം ന്യൂനപക്ഷസമുദായത്തിലുള്ള അവരുടെ സഹോദരന്മാരെ സമാധാനമായി ജീവിക്കുവാൻ അനുവദിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു."

ഒരു പരീക്ഷണം മാത്രമായിരുന്നെങ്കിലും, ആ അന്ന ദാനം വിജയിക്കുകതന്നെ ചെയ്തു. ഹിന്ദുമുസ്ലീം സഹോദരന്മാർ ആ സദ്യയിൽ ഒപ്പം പങ്കുകൊണ്ടിരുന്നു. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം, അദ്ദേഹത്തിന്റെ അനുയായിയായ ശ്രീസപണ്ണബോസ് പ്രസ്തുതക്യാമ്പിൽത്തന്നെ ഒരു ലഘുഭക്ഷണവിതരണം നടത്തി. ഹിന്ദുക്കളും മുസ്ലീങ്ങളും അതിലും പങ്കുകൊണ്ടു. ആ രീതിതന്നെ മറെറാരു അയൽഗ്രാമമായ "ചണ്ഡിപുര"ത്തും അനുവർത്തിച്ചു സർവത്ര വിജയമായിരുന്നു.

കഴിഞ്ഞകാലത്തെക്കുറിച്ച് മറക്കുന്നതുകൊണ്ടുള്ള ഒരു ശാന്തി മാത്രമല്ല, ഭേദബുദ്ധിയുപേക്ഷിച്ച്, സാഹസുഖം നൽകുന്ന ഒരു പുതിയ സ്വാതന്ത്ര്യ യുഗത്തിലേക്കുകടക്കുമ്പോഴുള്ള ഉന്മേഷവും ആനന്ദവുമാണ് കസീർഖിൽ ക്യാമ്പിൽ കാണുന്നതു്. ഗാന്ധിജി ആദ്യമായി അന്ന് പുഞ്ചിരിയിട്ടു.

## തീർത്ഥയാത്ര

സ്വരാജ്യ സമ്പാദന പരിശ്രമങ്ങളിൽനിന്നും അകന്നുമാറി സർവസമുദായ സാഹോദര്യം സ്ഥാപിക്കുവാൻ വേണ്ടി കിഴക്കേബംഗാളിലേക്ക് പുറപ്പെട്ട ആ കർമ്മയോഗിയുടെ പ്രഥമപരീക്ഷണങ്ങൾ ഫലപ്രദങ്ങളായി. വിപ്ലവകരങ്ങളായ സംഭവപരമ്പരകളിൽക്കൂടി ഇൻഡ്യൻ ഭരണകൂടം ഇഴഞ്ഞിഴഞ്ഞു പൊയ്ക്കൊണ്ടിരുന്നു. കാണസംബ്ളിപ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായിരുന്ന പാകിസ്ഥാൻവാദത്തെ സമീകരിക്കേണ്ടവിധം എങ്ങനെയെ

ന്ന് പണ്ഡിററ് നെഹ്റു തുടങ്ങിയ ഭരണ തന്ത്രജ്ഞന്മാർ അധികമധികം ചിന്തിച്ചുക്ലേശിക്കുകയായിരുന്നു. മഹാത്മജിയുടെ ഉപദേശം ഏതവസരത്തിലും അത്യന്താപേക്ഷിതമാണെന്നു കാണുകയാൽ കാൺഗ്രസ്സ് പ്രവത്തകസമിതിയംഗങ്ങൾ കസീർഖിൽ ക്യാമ്പിലേക്കു പറന്നുകൊണ്ടിരുന്നു—അന്നുവരെ അറിയപ്പെടാതെ കഴിഞ്ഞുകൂടിയിരുന്ന ശ്രീരാമപുരം ലോകത്തിന്റെ സവിശേഷശ്രദ്ധയ്ക്കും പ്രശംസയ്ക്കും നേതാക്കന്മാരുടെയും സന്ദർശകരുടേയും നിരന്തര സാഹചര്യത്തിനും വിധേയമായി.

ഗ്രാമോദ്ധാരണ പരങ്ങളായും, ദുരിതാശ്വാസ ക്ഷമങ്ങളായുമുള്ള മഹാത്മജിയുടെ ഏതുപദേശങ്ങളും സ്വീകരിക്കുവാൻ തദ്ദേശഗവമ്മെൻറ് സൈന്യവും ഭണ്ഡാരവും തുറന്നിട്ടു. കൂട്ടംകൂട്ടമായിനാടുവിട്ടു പൊയ്ക്കൊണ്ടിരുന്ന അഭയാർത്ഥികൾ തിരിച്ചുവന്നുതുടങ്ങി. അദ്ദേഹത്തിന്റെ നിയമേനയുള്ള പ്രാർത്ഥനായോഗത്തിൽ ആയിരക്കണക്കിനു ജനങ്ങൾ ജാതിമതവ്യത്യാസംകൂടാതെ സന്നിഹിതരായിക്കൊണ്ടിരുന്നു. ആ പ്രാർത്ഥനാഗാനംതന്നെ ഖുറാനും, ബൈബിളും, ഗീതയും, വേദവും പ്രതിനിധീകരിക്കുന്ന ഒരു മഹത്തായ സാരോപദേശമായിരുന്നു. പണ്ഡിതപാമരന്മാരെ ഒന്നുപോലെ ആകഷിക്കുന്ന നിസ്വാർത്ഥവും നിഷ്ക്കാമവും, സനാതനവുമായ ആ പ്രാർത്ഥനായോഗങ്ങളെപ്പററി കൂടെയുണ്ടായിരുന്ന രണ്ടു് അമേരിക്കൻ സുഹൃത് സംഘപ്രവത്തകർ ഇപ്രകാരം അഭിപ്രായപ്പെടുന്നു:—

“ആ പ്രാർത്ഥനായോഗങ്ങൾ ഒരിക്കൽമാത്രം ഉണ്ടാ

കുന്നതും, ഇതിനുമുമ്പ് കാണുവാൻ കഴിഞ്ഞിട്ടില്ലാത്ത ആത്മീയപ്രഭാവത്തോടുകൂടിയവയുമാണു്".

അങ്ങനെ, അദ്ദേഹം പ്രകാശം കണ്ടുതുടങ്ങി. ഒരു മന്ദസ്മിതത്തോടുകൂടി ആ മഹാനുഭാവൻ ചുററും കടാക്ഷിച്ചു. ഭൗതികവും, മൗഢ്യവുമായ ആവേശങ്ങൾ അകന്നുകഴിയുമ്പോൾ മനുഷ്യനുണ്ടാകുന്ന മഹദാനന്ദം ആ ഗ്രാമഭൂമികളിൽ പ്രത്യക്ഷമായിരുന്നു...."എന്റെ ജീവിതത്തിൽ ഏററവും പ്രധാനവും പരീക്ഷണപരവുമായ ഒടുവിലത്തെ പരീക്ഷണം" എന്നുപറഞ്ഞുകൊണ്ടു്, അദ്ദേഹം ഒരു പുതിയ സംരംഭത്തിലേയ്ക്കു്തിരിഞ്ഞു—

പുതുവർഷം പുലരുന്നതോടുകൂടി (1947- ജനുവരി 1-ാംതീയതിമുതൽ) ആ ഗ്രാമഭൂമികളിൽ ഒരു തീർത്ഥയാത്ര നടത്തുവാൻ അദ്ദേഹം നിശ്ചയിച്ചു. ആ 77-വയസ്സുകാരനായ ഹിന്ദുസന്യാസിക്കു്, ദീർഘവും ദുഷ്കരവുമായ ആ സംരംഭം എത്രമാത്രം ഭയങ്കരമായിരിക്കുമെന്നു് ലോകം സംഭ്രമിച്ചു.ഏകനായി,നഗ്നപാദനായിമനുഷ്യൻ മനുഷ്യനെ മതത്തിൻേറയും ജാതിയുടേയും പേരിൽ വേട്ടയാടിക്കൊണ്ടിരിക്കുന്ന ആ കശാപ്പുകാരുടെ നാട്ടിൽ അങ്ങിനെ സഞ്ചരിക്കുക. ഭയം ഉപേക്ഷിക്കുകയാണെങ്കിലും, വാർദ്ധകഗ്രസ്തമായ ആ അവയവങ്ങൾക്കു് ഇത്രമാത്രം സുദീർഘമായ ഒരു സഞ്ചാരം താങ്ങുവാൻ ശക്തിയുണ്ടാവുകയില്ലെന്നും, ആ സംരംഭം അവിവേകമാണെന്നും പലരും വിമർശനം ചെയ്യാതെയുമിരുന്നില്ല. എങ്കിലും, അദ്ദേഹത്തിന്റെ നിശ്ചയത്തിൽ ആത്മവിശ്വാസമുണ്ടായിരുന്നു. അദ്ദേഹം നൗഖാ

ലിപ്രദേശങ്ങളിൽ സഞ്ചരിക്കാൻ തന്നെ സന്നദ്ധനായി. ....ഓരോദിവസവും ഓരോ ഗ്രാമങ്ങൾവീതം സന്ദർശിക്കുക. .......എന്നും നിയമേന ഓരോഗ്രാമങ്ങളിലും പ്രാർത്ഥനായോഗങ്ങൾ നടത്തുക. ഗ്രാമീണജനതയിൽ പരസ്പരവിശ്വാസവും സ്നേഹവും വളർത്തുന്നതിനും, അവരെ അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗരാജ്യത്തിലേക്കുയർത്തുന്നതിനും ഉപയുക്തമായ സത്യസന്ദേശങ്ങൾ അവരെ ധരിപ്പിക്കുക—വീണ്ടും സഞ്ചാരം ആരംഭിക്കുക.

അങ്ങിനെ സ്നേഹത്തിനും ത്യാഗത്തിനും ലോകം ജയിക്കുവാൻ ശക്തിയുണ്ടെന്നുള്ള ആപ്തവാക്യം പരീക്ഷണം കൊണ്ടുതെളിയിക്കുക.....ആ യാത്രയുടെ ഉദ്ദേശത്തെപ്പററി അദ്ദേഹം ഇപ്രകാരം വ്യക്തമാക്കിട്ടുണ്ട്:—

"..........എനിക്കൊരൊററ ഉദ്ദേശമേ ഉള്ളൂ. അതു് സ്പഷ്ടമാണ്. അതായതു് ഹിന്ദുക്കളുടേയും മുസ്ലിങ്ങളുടേയും ഹൃദയങ്ങൾ ഈശ്വരൻ പരിശുദ്ധമാക്കണം. രണ്ടുസമുദായങ്ങളും തമ്മിൽ പരസ്പരം ഭയസംശയങ്ങളിൽനിന്നും മുക്തരാകണം. സദയം ഈ പ്രാർത്ഥനയിൽ എന്റെക്രൂടെ ചേർന്നാലും. എന്നിട്ടു് പറയൂ, ഈശ്വരൻ നമ്മുടെയെല്ലാം നാഥനാണെന്നും അദ്ദേഹം നമുക്കു് വിജയം നൾകുമാറാകട്ടേയെന്നും."

തീർത്ഥയാത്ര എന്നപ്രവൃത്തിയുടെ ഉദ്ദേശം പരിശുദ്ധിക്കുവേണ്ടിയുള്ള പ്രയാണമെന്നാണ്. സ്വയം പരിശുദ്ധനാണെങ്കിൽ മാത്രമേ അന്യരോട്ട് പരിശുദ്ധരാകുവാൻ നിർദ്ദേശിക്കാവൂ. സായുധരായ അംഗരക്ഷകരോടുക്രൂടി നടക്കുന്നവനു്, അന്യനോട്ട് ആയുധമുപേക്ഷിക്കുവാൻ പറയുക സാദ്ധ്യമല്ല. അതുകൊണ്ടു് അദ്ദേഹം ഏകനായിസഞ്ചരിക്കു

വാൻ ഇഷ്ടപ്പെട്ടുന്നു. സ്വയം ഭയാധീനനായ ഒരാൾക്ക് മറെറാരാളിന്ന് ധൈര്യം നൽകുവാൻ സാധിക്കുന്നതല്ല.—ഭയവും ശങ്കയുമുപേക്ഷിച്ച് ശത്രുവാണെന്ന് തെററിദ്ധരിക്കപ്പെട്ടുന്ന ആളിന്റെ മുമ്പിലും വിശ്വാസപൂർവ്വം കടന്നു ചെല്ലുമ്പോൾ മാത്രമെ അന്യനോട്ട് ശത്രുവിനെ വിശ്വസിക്കാൻ പറയുന്നതിന്ന് പാകത വരികയുള്ളൂ. ആകക്കൂടെ ആലോചിച്ചാൽ അദ്ദേഹം ആഗ്രഹിക്കുന്ന സർവ്വസമുദായ മൈത്രിയും, സമതയും, സത്യനിഷ്ഠയും, ഈശ്വരഭക്തിയും, നിർഭയത്വവും നൽകുവാൻ ഈ ഒരു മാർഗ്ഗമേ നല്ലതായിട്ടുള്ളൂ എന്നുകാണാം. അദ്ദേഹം യാത്രയുടെ ഉദ്ദേശം ഒടുവിൽ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:—

"എന്റെ യാത്രക്കാലത്തു് ഞാൻ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന മാതൃകാപാഠങ്ങൾ ഇവയാണ്—എങ്ങനെയാണ് നിങ്ങളുടെ ഗ്രാമങ്ങളിലെ ജലത്തെയും നിങ്ങളേയും ശുചിയാക്കിവയ്ക്കുക: ഏതൊന്നുകൊണ്ടാണോ നമ്മുടെ ശരീരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു് ആ മണ്ണ് നിങ്ങൾക്കെങ്ങനെ വേണ്ടതുപോലെ ഉപയോഗിക്കാം, നിങ്ങളുടെ തലക്കു മീതെ പരന്നുകിടക്കുന്ന അനന്തമായ ആകാശത്തിൽ നിന്നെങ്ങനെ പ്രാണശക്തിനേടാം, ചുററുമുള്ള വായുവിൽ നിന്ന് എങ്ങനെ പ്രാണശക്തി വർദ്ധിപ്പിക്കാം, സൂര്യപ്രകാശം വേണ്ടതുപോലെ എങ്ങനെ ഉപയോഗപ്പെട്ടുത്താം........ ഈ ദാരിദ്ര്യം പിടിച്ചരാജ്യത്തെ പഞ്ചഭൂതങ്ങൾ ശരിക്കുപയോഗപ്പെട്ടുത്തി എങ്ങനെ സമ്പൽസമൃദ്ധമാക്കാമെന്നു് നിങ്ങളെ പഠിപ്പിക്കാൻ ഞാൻ ശ്രമിക്കാം. മുകളിൽ പറഞ്ഞതുപോലെ നിങ്ങളെ സഹായിക്കുന്നതിൽ ഞാൻ വിജയിക്കുമാറാകട്ടെ എന്നു് ഈശ്വരനോട്ട് പ്രാർത്ഥിക്കുന്നു."

# ഗാന്ധിജിയും സഹപ്രവർത്തകരും
# കിഴക്കേബംഗാളിൽ




o ശ്രീരാമപുരം

* കസീർഖിൽക്യാമ്പു്

\- ഗാന്ധിജിയുടെ സഹഗാമികൾ പ്രവർത്തനം നടത്തുന്നപ്രദേശം

# ഗാന്ധിജിയും സഹപ്രവർത്തകരും കിഴക്കേ ബംഗാളിൽ

---

o ശ്രീരാമപുരം

* കസിർ ഖിൽക്യാമ്പ്

– ഗാന്ധിജിയുടെ സഹഗാമികൾ പ്രവർത്തനം നടത്തുന്ന പ്രദേശം.

1. ചൗമഹാനി
2. ശോണൈമുറി
3. അമിഷ്പാറാ
4. ജോയാക്
5. ഗോവിന്ദ്പൂർ
6. അമ്കി
7. നവോറി
8. കാട്കിൽ
9. താപ്കാ
10. നൗഖാലാ
11. ശോൻശാകാ
12. ഖിൽപാറാ
13. കോമതാഖി

---

14. തസ്കാരിയാ

---

15. കോപ്പൻപാക്
16. ശാഖാപൂർ

---

17. കാർപാറാ

---

*18. കസിർഖിൽ
19. നന്ദൻപൂർ
20. പനിയാലാ

---

21. ചാന്ദ്പൂർ
22. ദത്തപ്പാറാ
23. പരംലിയാ
24. നന്ദിഗ്രാമം
25. പിജോയിനഗർ
26. തവാൽപജാർ
27. ചാർമണ്ഡൽ

---

28. ഷിപ്പൂർ
29. ചന്ദോരാ

---

o30. ശ്രീരാമപൂരം.

---

31. ചങ്കിർകോൺ

---

32. അങ്കിർപാറാ

---

33. ട്ട്യോൽപൂർ

---

# പ്രതിജ്ഞ

"ഞാൻ എൻെറ ജീവിതത്തിലെ ഏറവും വലിയതും ഒട്ടവിഷമത്തേതുമായ പരീക്ഷണത്തിൽക്കൂടി നടന്നുപോവുകയാണു്. ഞാൻ പോകുന്നവഴി ഈ രാജ്യത്തുള്ള എല്ലാജനങ്ങൾക്കും സഞ്ചരിക്കാവുന്ന യഥാൎത്ഥ മാൎഗ്ഗമാണോ എന്നറിയുന്നതിനായി ഞാൻ ശ്രമിക്കുന്നു. രണ്ടുസമുദായത്തിലേയും അംഗങ്ങൾ സഹോദരന്മാരെപ്പോലെ പരസ്പരം സൗഹാർദ്ദത്തോടും തികഞ്ഞഐക്യത്തോടും ജീവിക്കുമെന്നു് ഉറപ്പുനൽകിയാലല്ലാതെ ഞാൻ നൗഖാലി വിടുകയില്ല. ഒരു പരാജിതനായി ഞാൻ മടങ്ങിപ്പോവുകയില്ല. അതിൽഭേദം എൻെറ ഈ ദൗത്യത്തിൻെറവിജയത്തിനു വേണ്ടി മരിക്കുകയാണു്"

മഹാത്മാഗാന്ധി

# സമാധാന ദൗത്യം

## (പ്രഥമഘട്ടം)

(ചരിത്രപ്രസിദ്ധമായ കാൽനടയാത്ര)

ഗ്രാമപര്യടനംസംബന്ധിച്ചു മഹാത്മജി താഴെ കുറിക്കുന്ന പരിപാടി സ്വീകരിച്ചു:—

ദിവസം ഓരോ ഗ്രാമംവീതം സന്ദർശിക്കുക

രാവിലെ ൭- ന് യാത്രതുടങ്ങി ൯-൩൦- ന് അവസാനിപ്പിക്കുക.

നിയമേന ൨൴- മണിക്കൂർകൊണ്ടു് മൂന്നുമൈൽ സഞ്ചരിക്കുക; മദ്ധ്യാഹ്നത്തിനു മുമ്പു് 'മസാജു' ചെയ്യുക. ആഹാരം കഴിക്കുക. ൴- മണിക്കൂർ വിശ്രമിക്കുക. തുടന്നു ഗ്രാമവാസികളുമൊത്തു നൂൽ നൂല്പു് ആരംഭിക്കുക. ൪൴ മണിക്കു പ്രാത്ഥന. പ്രാത്ഥനാനന്തരം ഗ്രാമഭവനങ്ങൾ സന്ദർശിച്ചു, അവരുമായി സംഭാഷണത്തിൽ ഏപ്പെട്ടുക.

യാത്രയിൽ നാലുപേർ അദ്ദേഹത്തെ അനുഗമിക്കുന്നു. (1) പ്രഫസ്സർ നിമ്മൽബോസ്. (2) പരശുറാം. (3) ശ്രീമതി മനുഗാന്ധി. (4) രാമചന്ദ്രൻ. പത്രപ്രതിനിധികൾ അല്പദൂരം പിറകിലായി തന്നെ അനുഗമിച്ചുകൊള്ളുവാൻ മഹാത്മജി അനുവദിച്ചു. തന്റെ പ്രഥമസന്ദശന ഗ്രാമമായ ചാന്ദ്പുരത്തുമാത്രം 4 ദിവസം താമസിക്കുവാൻ അദ്ദേഹം തീച്ചപ്പെടുത്തി.

13ൽ- അടി നീളവും, 7ൽ- അടിവീതിയും, 2- പേക്ക മടക്കി എടുത്തുകൊണ്ടു പോകാവുന്നതുമായ ഒരു കുടിൽ കൂടെ കൊണ്ടുപോകാൻ അദ്ദേഹം സമ്മതിച്ചു.

## 1. ചാന്ദ്പുരം.

ജനുവരി രണ്ടാംതീയതി രാവിലെ 7- 35- ന് ഗാന്ധിജി ശ്രീരാമപുരത്തു നിന്നു തന്റെ തീർത്ഥാടനം ആരംഭിച്ചു. 9- മണിക്ക് ചാന്ദ്പൂരിയിലെത്തി. 1 മണിക്കൂർ 25 മിനിട്ടുകൊണ്ടു് 2ൽ മൈൽ- നടന്നു. മഹാത്മജിയുടെ നിർബന്ധപൂർവ്വമായ നിരസനം വകവയ്ക്കാതെ സായുധരായ എട്ടു പോലീസുകാർ അദ്ദേഹത്തെ അനുഗമിച്ചു.

ബീഹാർ ഗവമ്മെൻറിന്റെ നിവേദകസംഘം ഗാന്ധിജിയെക്കണ്ടു.. ലഹള ബാധിത പ്രദേശങ്ങളെ സംബന്ധിച്ചുള്ള പൂർണ്ണവിവരം ഗാന്ധിജിയെ ഏല്പിച്ചു.

റിപ്പോർട്ടിന്റെ സംഗ്രഹം താഴെചേർക്കുന്നു:—

"പാട്നാ, മോൺഗീർ, ഗയാ, ഭഗൽപൂർ, സാന്താൽ പറഗാനാസ്, ഷഹരസാ, ചാപ്രാ എന്നീ ബീഹാർ പ്രദേശങ്ങളിൽ 7488 ഗ്രാമങ്ങളിൽ ലഹള ബാധിച്ചു. 112950 അഭയാർത്ഥികൾ ഉണ്ടു്. 3746- ഭവനങ്ങൾ നശിച്ചു. ലഹളയിൽ അകപ്പെട്ടും അല്ലാതേയുമുള്ള ആകെ 60000 മുസ്ലീങ്ങൾ ബംഗാളിലേക്കു തിരിച്ചു."

## 2. മാസിംപുരം

ജനുവരി 7-ാംതീയതി രാവിലെ 7- 25-ന ചാന്ദ്പൂർ

വിട്ടു. 1 മ: 35-മി: കൊണ്ടു 2ൽ-മൈൽ നടന്നു. 9-മണിക്കു മുൻനിശ്ചയമനുസരിച്ചു മാസിംപൂർ ഗ്രാമത്തിലെത്തി.

വയലുകളിൽക്കൂടി നഗ്നപാദനായി നടന്നുപോയി. കൃപാണമുപേക്ഷിച്ച സിക്കുകാർ അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടായിരുന്നു. ഗാന്ധിജി അവരെപ്പററി ഇപ്രകാരം പറഞ്ഞു: —

"എൻെറ ക്ഷണമനുസരിച്ചല്ല ഈ സിക്കുകാർ വന്നിട്ടുള്ളതു്. ഗവർമ്മെൻറിൻെറ അനുമതിയോടുകൂടിയാണു്. ഹിന്ദു-മുസ്ലീം മൈത്രിയാണു് അവരുടെ യാത്രയുടെ ഉദ്ദേശം അവർ നിരായുധരാണു്. സമാധാനകാലങ്ങളിൽപോലും പതിവുള്ള കൃപാണം അവർ ധരിക്കുന്നില്ല. അഹിംസയുടെ അധിഷ്ഠാനത്തിൽ അവർ പ്രവർത്തിക്കുകയാണു്. സുഹൃത്തുക്കളായ അവരെ എങ്ങനെ അകററിനിർത്താനാണു്?"

"എൻെറ രക്ഷയ്ക്കായി പട്ടാളവും പോലീസും എന്നെ അനുഗമിക്കുന്നു. അങ്ങിനെയുള്ള സുരക്ഷിതത്വം ഞാൻ ഇഷ്ടപ്പെടുന്നില്ല!"

## 3. ഫത്തിപ്പൂർ

ജനുവരി 8-ാംനു- രാവിലെ 7-40 ന മാസിംപൂരിൽനിന്നും പുറപ്പെട്ടു. ഒരുമണിക്കൂർ 20- മിനിട്ടുകൊണ്ടു് 2ൽ നാഴിക സഞ്ചരിച്ചു് അദ്ദേഹം ഫത്തിപ്പൂരിലെത്തി.

മുസ്ലീംഭൂരിപക്ഷമുള്ള ഒരു വമ്പിച്ച ജനാവലി ഹർഷാരവത്തോടുകൂടി അദ്ദേഹത്തെ സ്വീകരിച്ചു.

മടക്കുകുടിൽ വേണ്ടെന്നു വച്ചു.

## 4. ദാസ്പറാ

ജ:- 9-ാം തീയതി രാവിലെ 8-20- ന ദാസ്പറാ യിലെത്തി.

കോമില്ലായിലെ അഭയാശ്രമം സന്ദർശിക്കമ്പോഠം മഹാത്മജിക്ക് 1- ലക്ഷം രൂപായുടെ പണക്കിഴി സംഭാവന ചെയ്യപ്പെടുന്നതാണെന്ന് അഭയാശ്രമം ഖജാൻജി മി. ആനന്ദപ്രസാദ് ചൗധൂരി അറിയിച്ചു.

പ്രാത്ഥനായോഗത്തിൽ സംബന്ധിച്ച വമ്പിച്ചമുസ്ലീം ജനതയെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം പ്ര സംഗിച്ചു:—

"ഞാൻ എൻെറ ജീവിതത്തിലെ ഏററവുംവലിയ പരീക്ഷണത്തിൽക്കൂടി നടന്നു പോവുകയാണ്. ഞാൻ പോകുന്നവഴി ഈ രാജ്യത്തിലുള്ള എല്ലാ ജനങ്ങഠംക്കും സഞ്ചരിക്കാവുന്ന യഥാത്ഥമാഗ്ഗമാണോ എന്നറിയുന്നതി നായി ഞാൻ ശ്രമിക്കുന്നു. രണ്ടുസമുദായത്തിലേയും അംഗ ങ്ങഠം സഹോദരന്മാരെപ്പോലെ പരസ്പരം സൗഹാർദ്ദ ത്തോടും തികഞ്ഞ ഐക്യത്തോടുംക്കൂടി ജീവിക്കുമെന്ന് എനിക്ക് ഉറപ്പുനൽകിയാലല്ലാതെ ഞാൻ നൗഖാലി വി ടുകയില്ല. ഒരു പരാജിതനായി ഞാൻ മടങ്ങിപ്പോവുക യില്ല. അതിൽഭേദം എൻെറ ഈ ദൗത്യത്തിൻെറ വിജയ ത്തിനുവേണ്ടി മരിക്കുകയാണ്.

തങ്ങളുടെ ഗവമെൻറായ ബംഗാഠം ഗവമെൻറി നോട്ട് "ഗാന്ധിജിക്കുപോലിസിൻേറയും പട്ടാളത്തിൻേറ

യും സഹായം ആവശ്യമില്ലെന്നും അദ്ദേഹത്തെ തങ്ങൾ രക്ഷിച്ചുകൊള്ളാമെന്നും, മുസ്ലീങ്ങൾ അഭ്യർത്ഥിക്കട്ടെ!" എന്ന് അദ്ദേഹം അപേക്ഷിച്ചു.

## 5. ജഗത്പുരി

ജനവരി 10-ാംതീയതി രാവിലെ 8-40ന അദ്ദേഹം ജഗത്പുരിയിലെത്തി.

വെള്ളവും മുള്ളും നിറഞ്ഞ ആ ദുസ്തരമാർഗ്ഗങ്ങൾ നഗ്നപാദനായി നടക്കുന്നതിൽ അനുകമ്പ പ്രകടിപ്പിച്ച ഒരു മുസ്ലീംവൃദ്ധനോട്ട് അദ്ദേഹം പറഞ്ഞു:—

"സ്നേഹിതാ! ഒരാൾ തീർത്ഥയാത്ര ചെയ്യുമ്പോൾ നഗ്നപാദനായിത്തന്നെ സഞ്ചരിക്കണം!"

## 6. ലംചാർ

ജനവരി 12-ാംതീയതി രാവിലെ 9: 30 ന കാർപാറ എന്ന ഗ്രാമത്തിൽ മഹാത്മജി വന്നുചേന്നു.

ഗാന്ധിജിയെ സന്ദർശിക്കുവാൻ വന്നെത്തിയ ഒട്ടധികം ഗ്രാമീണയുവതികളെ സംബോധനചെയ്തുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു:—

"സീതയേയും സാവിത്രിയേയും അനുകരിക്കുക. ധൈര്യവതികളാവുക!"

## 7. ഷാപുരം

ജനുവരി 13-ാംതീയതി രാവിലെ 9-ന ഷാപുരത്തു മഹാത്മജി വന്നുചേൎന്നു.

നൗഖാലിയിലെ സമാധാന യജ്ഞത്തിൽ കൂടുതൽ മുഴുകുവാൻവേണ്ടി അഖിലേന്ത്യാപ്രശ്നങ്ങളിൽനിന്നു പിൻമാറുവാൻ അദ്ദേഹം നിശ്ചയിച്ചു.

## 8. ഭട്യാൽപുരം

ജനുവരി 14-ാം തീയതി 7.40 നു പുറപ്പെട്ട് 9.5 ന് അദ്ദേഹം ഭട്യാൽപുരത്തു വന്നെത്തി. വഴിക്കു നാലുസ്ഥലങ്ങളിൽ വിശ്രമിക്കാനിടയായി. യാത്രമദ്ധ്യേ മുസ്ലീങ്ങളുടെ നിർബന്ധപൂർവ്വമുള്ള ക്ഷണം സ്വീകരിച്ച് അദ്ദേഹം സുശീലനയ്യാരുമായി ഏതാനും മുസ്‌ലീം ഗൃഹങ്ങൾ സന്ദർശിച്ചു. ചില മുസ്‌ലിം ഭവനങ്ങളിൽ സ്ത്രീകളുടെ ആഗ്രഹപ്രകാരം അദ്ദേഹം അവർ ഇരിക്കുന്ന സ്ഥാനങ്ങളിൽ ചെല്ലുകയും, അവരുമായി ഫോട്ടോ എടുപ്പാൻ നിന്നു കൊടുക്കുകയും ചെയ്തു.

## 9. രാമദേവപുരം—നാരായണപുരം

ജനുവരി 16-ാം തീയതി രാവിലെ 8-40 നു അദ്ദേഹം രാമദേവപുരത്തു് ചെന്നുചേൎന്നു. തലേദിവസം (ജഃ-15) ഭട്യാൽപുരത്തുനിന്നും അരികിലുള്ള നാരായണൻപുരവും മഠവും സന്ദർശിക്കുകയുണ്ടായി.

മഹാത്മജി കിഴക്കേബംഗാളിൽ വന്നതിനുശേഷം ഇന്നു് ആദ്യമായി അദ്ദേഹത്തിനു് ഖാദിത്തുണി സമ്മാനം ലഭിച്ചു. ഗാന്ധിജിയുടെ ആതിഥേയനായ ദേവേന്ദ്രകുമാർ നാഥ് ആണു് ഇതു സംഭാവന ചെയ്തതു് നൂൽ നൂല്പിനു കൂടുതൽ ഉത്സാഹം തോന്നുവാനും, ഗവർമ്മെൻറു തുണിയെ ആശ്രയിക്കാതിരിക്കാനും വേണ്ടി അദ്ദേഹം ദാനം ദാതാവിനു മടക്കികൊടുത്തു.

ഇവിടെവച്ചു് കാൺസ്റ്റിററുവൻറു് അസംബ്ളിയെപ്പററിയും ബീഹാറിനെപ്പററിയും മുസ്ലീങ്ങൾ ചോദിച്ച രണ്ടു ചോദ്യത്തിനു് അദ്ദേഹം മറുപടിപറഞ്ഞു.

ചോ:—ഹിന്ദു-മുസ്ലീം മൈത്രിയാണു് ഉദ്ദേശമെങ്കിൽ ആസ്സാമിലെയും, പഞ്ചാബിലെ സിക്കുകാരെയും എങ്ങിനെഗ്രൂപ്പുകളിൽനിന്നും മാറി നില്ക്കുവാൻ മഹാത്മജി ഉപദേശിച്ചു? ഇതിനുശേഷം മുസ്ലീങ്ങൾക്കു് എങ്ങനെ കാൺസ്റ്റിററുവൻറ് അസംബ്ളിയിൽ ചേരാൻസാധിക്കും?

ഉത്തരം:—എൻെറ ലക്ഷ്യത്തിൽ "പക്ഷേ" എന്നുള്ള പദമില്ല കഴിഞ്ഞ 60 കൊല്ലങ്ങളായി പരീക്ഷിക്കപ്പെടുന്ന എൻെറ ലക്ഷ്യം ഹിന്ദു-മുസ്ലീം മൈത്രിയാണു്. അതിനു് ഇതുവരെയും ഇടിവൊന്നും വന്നിട്ടില്ല. ഇപ്പോഴും ആ ലക്ഷ്യത്തിൽനിന്നുകൊണ്ടുതന്നെയാണു് പ്രവർത്തിക്കുന്നതു്. അതുകൊണ്ടു് തന്നെയാണു് അതിത്തിദ്ദേശത്തോടും മററും ഗ്രൂപ്പിലൊ സെക്ഷനിലോ ഉൾപ്പെടരുതെന്നു് ഞാൻ വിധിക്കുന്നതു്.

ചോ:—ഇരുസമുദായങ്ങളുടേയും സ്നേഹിതനാണ് താനെന്ന് ഗാന്ധിജി അവകാശപ്പെട്ടന്നെങ്കിലും നൗഖാലിയിൽ സ്വന്തം സമുദായത്തെ ശിശ്രൂഷിച്ചു പൂർവസ്ഥിതിയിൽ വരുത്തുകയാണ് അദ്ദേഹം ചെയ്യുന്നതു്. വളരെയധികം ദുരിതമനുഭവിച്ച ബീഹാറിലെ മുസ്ലീങ്ങളുടെ കാര്യമെന്താണ്?—

ഉത്തരം:—ഞാൻ ഇരുസമുദായങ്ങളിലും പെട്ടവനാണ്, എനിക്ക് സ്വന്തമായി ഒരു സമുദായവുമില്ല. നൗഖാലിയിലെ ഹിന്ദുക്കൾക്ക് ആശ്വാസമുണ്ടാക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടു്—പക്ഷേ, അതു് മുസ്ലീംങ്ങൾക്ക് എതിരായിട്ടല്ല. നിരൂപകന്മാർ അഭിപ്രായപ്പെടുന്നതുപോലെ ഞാൻ ബീഹാറിൽച്ചെന്നു പ്രവർത്തനം നടത്തുകയാണെങ്കിൽ അതു ഗുണത്തിനുപകരം ദോഷം ചെയ്യും. ബംഗാൾഗവർമ്മെൻറുമായി യോജിച്ചു് ഒരു നിഷ്പക്ഷാന്വേഷണം നടത്തണമെന്നും ഞാൻ ബീഹാർ ഗവർമ്മെൻറിനെ ഉപദേശിച്ചിട്ടുണ്ടു്. ബീഹാർഗവമ്മെൻറ് എൻെറ ഉപദേശം സ്വീകരിച്ചിരിക്കുന്നു."

അക്രമികളെ വെളിയിൽ കൊണ്ടുവരേണ്ടതാണെന്നു നിർദ്ദേശിച്ചുകൊണ്ടു് അദ്ദേഹം മുസ്ലിംജനതയെ ഉപദേശിച്ചു:—

"പകരം വീട്ടലല്ല, പരിഷ്കരണമാണ് ആവശ്യം. നിയമക്കോടതിയുടെ മുമ്പാകെയുള്ള വിചാരണയേക്കാൾ മികച്ചതു പൊതുജനാഭിപ്രായമാകുന്ന കോടതിയുടെ മുമ്പാകെയുള്ള വിചാരണയാണ്."

11. തന്പ്പാരിയാ

12. പാക്കോട്ട്

ജനവരി 17-ാം തീയതി രാവിലെ 8- 15 ന മഹാത്മജി പാക്കോട്ടഗ്രാമത്തിലെത്തി. വെറം 45 മിന്നിട്ടകൊണ്ടു്, പാദരക്ഷപോലും ഉപയോഗിക്കാതെ അദ്ദേഹം 2 മൈൽ സഞ്ചരിച്ചു.

മി. ജിന്നായുടെ ഒരു പ്രസംഗം (മിസ്സ്. ഫാത്തിമാ ജിന്നാ കറാച്ചിയിലെ പെൺപള്ളിക്കൂടത്തിൻെറ ശിലാസ്ഥാപനം നിവ്ഹിച്ചപ്പോഠം വായിച്ചതു്) വായിച്ചു. പ്രാത്ഥനായോഗത്തിനശേഷം പ്രസംഗത്തിൻെറ ഒരു ഭാഗം മഹാത്മജി പരിഭാഷപ്പെടുത്തിപ്പറഞ്ഞു. "മുസ്ലീങ്ങഠം മികച്ച ഉത്തരവാദിത്വ ബോധവും നീതിയും നൈമ്മല്യവും, പുലത്തണമെന്നു് പ്രസംഗത്തിൽ മി. ജിന്നാ പ്രതിപാദിച്ചിട്ടുണ്ടു്. അബദ്ധം അനകരിക്കുന്നതെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. സ്വന്തം അന്തഃകരണ ശോധനക്കശേഷം മാത്രമേ, ആരും പ്രവൃത്തികഠം ചെയ്യാവൂ—തെററാണെന്നു് മനസ്സാക്ഷിക്കു് ബോദ്ധ്യപ്പെടുന്നതു് അന്യർ എത്ര നിർബ്ബന്ധിച്ചാലും സ്വീകരിക്കരുതു്. മനസ്സാക്ഷിക്കു് അനസരിച്ചു് രൂപീകൃതമാകുന്ന പാകിസ്ഥാൻ ആക്ഷേപാർഹമല്ല. ആരും അതിനെ സ്വാഗതംചെയ്യും. പക്ഷേ, ബലപ്രയോഗം അസാധുവും അധാമ്മികവുമായ ദുരന്തങ്ങളെ സൃഷ്ടിക്കുകയെ ഉള്ളു. സ്വാതന്ത്ര്യം കൈയ്യൂക്കുകൊണ്ടു് നേടാവുന്നതല്ല!"

## 13. ബദൽക്കോട്ട്

ജനുവരി- 18-ാം തീയതി രാവിലെ 8-30 ന് മഹാത്മാ ഗാന്ധി ബദൽക്കോട്ടിൽ വന്നുചേർന്നു.

മഹാത്മജിയോടു് സഹകരിച്ചു് സിക്കുവാളണ്ടിയർ സംഘം പ്രവർത്തിക്കുന്നതുസംബന്ധിച്ചു് ഐ. എൻ. എക്കാരായ കേണൽ നിരഞ്ജൻ സിംഗ്, കേണൽ ജീവൻ സിംഗ് എന്നിവർ അദ്ദേഹവുമായി ആലോചിച്ചു. വനിതകളും ഉൾപ്പെട്ട ഒരു സിക്കു വാളണ്ടിയർ സംഘംപ്രവർത്തനംനടത്തുവാൻ അദ്ദേഹം സമ്മതം നൽകി.

ഡാക്ടർ ചക്രവർത്തിയും ശ്രീമതി സുചേതാകൃപലാനിയും ഗാന്ധിജിയെ സന്ദർശിച്ചു.

## 14. അത്ഖോറാ

ജ:— 19-ാംതീയതി രാവിലെ 8-45 ന് അതിഖോറായിലെത്തി.

## 15. സിരോന്ധി

ജ;—20-ാം തീയതി രാവിലെ 9-5 ന് മഹാത്മ ഗാന്ധി, മിസ്സ് അംതസ്സാലം ഉപവസിക്കുന്ന സിരോന്ധിഗ്രാമത്തിൽ വന്നുചേർന്നു. സത്യധർമ്മങ്ങൾക്കുവേണ്ടി തീക്ഷ്ണമായ നിരാഹാരവ്രതമനുഷ്ഠിക്കുന്ന ആ ധീരവനിതയെ കാണുവാൻ അദ്ദേഹം അത്യധികം ഉൽക്കണ്ഠ പ്രദർശിപ്പിച്ചു. തലേദിവസം മദ്ധ്യാഹ്നം മുതൽ മൗനവ്രതം അനുഷ്ഠിച്ചിരുന്നതുകൊണ്ടു് ഗാന്ധജി നിശ്ശബ്ദനായിരുന്നു.

സാലത്തിന്റെ ശിരസ്സിൽ ഒരു കൈവച്ചുകൊണ്ടു്— ആ മുഖത്തു് തന്നെ ഉൽക്കണ്ഠയോടുകൂടി അദ്ദേഹം നോക്കിയിരുന്നു. മൗനവ്രതമായിരുന്നതുകൊണ്ടു് മഹാത്മജിയും ക്ഷീണംകൊണ്ടു് സാലവും സംസാരിച്ചില്ല. ഭയതരളിതവും ദൈന്യവുമായ രംഗം!

മിസ്. അംതസ്സ് സാലം

അനേകം കൊല്ലങ്ങൾക്കുമുൻപു് മഹാത്മഗാന്ധി നർവാദാജയിലിൽ അടയ്ക്കപ്പെട്ടിരുന്നപ്പോൾ, സബർമതിയിലെ സത്യാഗ്രഹസമരത്തിൽ മിസ്സ് സാലം അംഗമായിച്ചേർന്നു. പാട്ടിയാലാ സ്റ്റേററിലെ ഒരു മാന്യ കുഡുംബത്തിലെ അംഗം. അവരുടെ അമ്മ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. സഹോദരന്മാർ ഉയന്ന ഉദ്യോഗങ്ങളിൽ കഴിയുന്നു. ഇൻേറാറിലെ ചീഫ്ജസ്റ്റീസായിരുന്ന മി. റഷീദ്ഖാൻ ഇവരുടെ സഹോദരനാണ്.

പല സഹനസമരങ്ങളിലും അവർ സംബന്ധിച്ചു. ലഹളക്കാലത്തു് അവർ സമാധാനം സ്ഥാപിക്കുവാൻ ശ്രമിക്കുകയായിരുന്നു. ഒരു ഹിന്ദുവിന്റെവീട്ടിൽ പ്രാത്ഥനാ സ്വാതന്ത്ര്യത്തിന്റെ ചിഹ്നമായി സൂക്ഷിക്കപ്പെട്ടിരുന്ന ഒരു ഖഡ്ഗം ആരോ മോഷ്ടിച്ചുകൊണ്ടു് പോയതിനെ തുടന്നു്, ന്യൂനപക്ഷസമുദായങ്ങളുടെ ജീവനും വസ്തുവകകൾക്കും സംരക്ഷണം സിദ്ധിക്കുന്നതിനുവേണ്ടിയാണു് ഈ ഗാന്ധിശിഷ്യ ഉപവാസം ആരംഭിച്ചതു്. ഇന്നു്, അവർ വ്രതമാരംഭിച്ചിട്ടു് ഇരുപത്തഞ്ചുദിവസമാകുന്നു.

മഹാത്മാഗാന്ധി നൽകിയ നാരങ്ങാനീര് പാനം ചെയ്തതോടുകൂടി സാലം നിരാഹാരവ്രതം വെടിഞ്ഞു. അതിനുകാരണമായിത്തീൎന്ന സംഭവഗതി ഹിന്ദു-മുസ്ലീംമൈത്രിയുടെ ചരിത്രത്തിൽ ഒരു ശാശ്വതമുദ്രയായിരുന്നു.

"ഈ കുട്ടി ജീവിക്കുകയാണെങ്കിൽ അതു് ഹിന്ദു-മുസ്ലീംമൈത്രിയുടെ പുനസ്ഥാപനത്തിന് വഴിതെളിക്കും" എന്ന വാക്കോടുകൂടിയാണു് ഗാന്ധിജി മിസ്സ്. സാലത്തിനു മധുരനാരങ്ങാനീരു് സംഭാവനചെയ്തതു്. ആ സമയം ഒരു മൗലവി ഖുറാൻ വായിക്കുകയും, ഹിന്ദുക്കളും മുസ്ലീങ്ങളുമായി അനേകംപേർ കട്ടിലിനുചുററും കൂടിനിൽക്കുകയും ചെയ്തു. ഡാക്ടർ സുശീലനയ്യാരും, ശ്രീമതി ആഭാഗാന്ധിയുംകൂടി മിസ്. സാലത്തിനെ താങ്ങിപ്പിടിച്ചുകൊണ്ടിരുന്നു.

സാലത്തിൻെറ ദൃഢനിശ്ചയം മനസ്സിലാക്കിയ മുസ്ലീംപ്രമാണികൾ കൂടിയാലോചന നടത്തിയതിൻെറ ഫലമായിട്ടാണു് ഗാന്ധിജിയുമായി തിങ്കളാഴ്ച ഉച്ചമുതൽ രാത്രി 9-മണിവരെ സംഭാഷണം നടത്തിയതു്. സംഭാഷണം സുദീർഘമായിരുന്നു. മതസഹിഷ്ണുതയും അന്യോന്യവിശ്വാസവും അത്യന്താപേക്ഷിതമാണെന്നും, പാകിസ്ഥാൻെറ അടിസ്ഥാനതത്വമായ ന്യൂനപക്ഷസംരക്ഷണം തന്നെ മുസ്ലിങ്ങൾ ഇപ്പോൾ ബംഗാളിൽ മാതൃകാപരമായി പ്രദർശിപ്പിക്കണമെന്നും, മററുമായിരുന്നു അതിൻെറ സാരം. ഇസ്ലാമിനെ വിജയത്തിൻെറ പരമകാഷ്ഠയിലെത്തിക്കുകയാണു് മിസ്സ്. സാലം ഈ ത്യാഗംമൂലം ചെയ്തിട്ടുള്ളതെന്നു് ഗാന്ധിജി അഭിപ്രായപ്പെട്ടു. മുസ്ലീങ്ങളുടെ വ

ക്താവായി ഈ ചരിത്രപ്രധാനമായരംഗത്തിൽ പങ്കെടു ത്തതു് മൗലവി അമനുള്ളാ ആയിരുന്നു. ഗാന്ധിജി ആവ ശ്യപ്പെടുന്ന ഉറപ്പുനൽകുവാൻ മുസ്ലീങ്ങൾ ഒരുക്കമാണെ ന്നു് അദ്ദേഹം തുറന്നുപറഞ്ഞു. ഈ ഉറപ്പു് ഒരു രേഖയാ ക്കണമെന്നു് ഗാന്ധിജി ആവശ്യപ്പെട്ടതനുസരിച്ചു് മുസ് ലീങ്ങൾ വീണ്ടും ഒരു കാര്യാലോചനായോഗം നടത്തി, ഒരു നക്കൽസമ്മതപത്രിക എഴുതിയുണ്ടാക്കി. ന്യൂനപക്ഷ(ഹി ന്ദു)സമുദായത്തിൻെറ ആരാധനാസ്വാതന്ത്ര്യം മാത്രമല്ല, കലാപങ്ങൾ ഇനി ആവർത്തിക്കുകയില്ലെന്നുകൂടി അതിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ വ്യവസ്ഥകൾക്കു് ഭംഗംനേരിട്ടാൽ ഗാന്ധിജിതന്നെ നേരിട്ടു് നിരാഹാരവ്രതം തുടങ്ങുന്നതാ ണെന്നു് ഒരു വാചകംകൂടി അതിൽ ഉണ്ടായിരുന്നു.

പതിനേഴു മുസ്ലീം പ്രമാണികൾ പ്രമാണത്തിൽ ഒപ്പുവച്ചു. സിരോന്ധി, രാജാറാംപൂർ, ശാക്തോലാ, മദ്യ പ്പാറ എന്നീഗ്രാമങ്ങളാണു് പ്രമാണത്തിൻെറ അധികാര പരിധിയിൽ പെടുത്തിയിട്ടുള്ളതു്. സംഭാഷണപര്യവസാന ത്തിൽ ഗാന്ധിജി എല്ലാപേൎക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

ഹിന്ദു—മുസ്ലീം മൈത്രിക്കുവേണ്ടിയുള്ള സഞ്ചാരയ ജ്ഞത്തിലെ ഒന്നാമത്തെ രേഖാമൂലമായവിജയമാണിതു്. "വന്ദേമാതരവും, അല്ലാഹുഅക്ബറും" ഒന്നിടവിട്ടു് മുഴ ങ്ങിക്കൊണ്ടിരിക്കേ ഗാന്ധിജി അടുത്തഗ്രാമത്തിലേക്കു് പു റപ്പെട്ടു.

16. കേത്തുരി—സിരോന്ധിയിൽ നിന്നും അന്നുത ന്നെ മഹാത്മജി കേത്തുരിഗ്രാമത്തിലെത്തി.

16. പനിയാല

17. ഡാരട്ടാ

ജനവരി 22-ാംതീയതി രാവിലെ മഹാത്മജി ഡാരട്ടായിലെത്തി.

## നേതാജി

അന്ന് ശ്രീ. സുബാഷ് ചന്ദ്രബോസിന് 51 വയസ്സ് തികഞ്ഞു. വൈകുന്നേരത്ത് കൂടിയ പ്രാർത്ഥനായോഗത്തിൽ ഇപ്രകാരം ഗാന്ധിജി പറഞ്ഞു;—

"നേതാജി ശ്രീ. സുബാഷ്ചന്ദ്രബോസ് തരണം ചെയ്തിട്ടുള്ള ദുർഘടസന്ധിയിൽ അദ്ദേഹമല്ലാതെ മററാരായിരുന്നാലും അടിപെട്ടുപോകുമായിരുന്നു. "ധീരന്മാരെ സംബന്ധിച്ചിടത്തോളം എല്ലാം ഭംഗിയായി കലാശിക്കുന്നു."എന്നുള്ള തുളസീദാസവചനത്തെ അദ്ദേഹം സ്വജീവിതംകൊണ്ട് തെളിയിക്കുകയായിരുന്നു."

18. മുറിയാം.
19. ഹിർപൂർ ഹസ്നാബാദ്
20. ബൻസ—മഹമ്മദ്പൂർ

ജനവരി 26-ാംതീയതി സ്വാതന്ത്ര്യദിനമായിരുന്നിട്ടും ഗാന്ധിജിയുടെ അപേക്ഷപ്രകാരം, ബൻസായിലെ യോഗത്തിൽ ത്രിവർണ്ണപതാക പറപ്പിച്ചിരുന്നില്ല. മുസ്ലീം

സഹോദരന്മാരുടെ വികാരങ്ങളെ മാനിച്ചാണ് താൻ കൊടി ഉയർത്താതിരുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ബംഗാൾ ഗവൺമെന്റിന്റെ പ്രതിനിധിയായ മി മഹമ്മദ് അഹമ്മദ് ഹുണാർ ഹിന്ദുസ്ഥാനിയിൽ സ്വാതന്ത്ര്യപ്രതിജ്ഞ വായിക്കുകയും, എല്ലാവരും അംഗീകരിക്കുകയും ചെയ്തു.

ഗാന്ധിജിയുടെ സാന്നിദ്ധ്യത്തിൽ ബൻസായിൽ വച്ച് നടത്തപ്പെട്ട അന്നത്തെ വിരുന്നിൽ വർണ്ണഭേദം കൂടാതെ എല്ലാവരും പങ്കുകൊണ്ടു.

അന്നത്തെ പ്രാർത്ഥനായോഗത്തിൽ ഹിന്ദുക്കൾ ഖുറാൻ വായിക്കുന്നതിനെപ്പററി അദ്ദേഹം അനുകൂലിച്ച് സംസാരിച്ചു.

21. പല്ലാ
22. ബദൽക്കോട്ട്
23. ശാദ്ഗിൽ
24. പാവോർ
25. ജോയാക്ക്
26. അമ്കി
27. നവോരി

ഫെബ്രുവരി ഒന്നാം തീയതി ഗാന്ധിജി നാഭായിലുള്ള നവോരി ഗ്രാമത്തിലെത്തി. അടുത്തുള്ള ശ്രീനഗരിൽ

വച്ചു് അക്രമികൾക്കു് കീഴ്‌വഴങ്ങാതെ ആത്മഹത്യ ചെയ്യുന്നതു് നല്ലതാണോ എന്നു് ചില സ്ത്രീകൾ ചോദിച്ചതിനു് അദ്ദേഹം ഇപ്രകാരം മറുപടിനൽകി:—"ആത്മഹത്യ എന്ന വാക്കിൻെറ അൎത്ഥം എനിക്കു് മനസ്സിലാകുന്നില്ല. അതിനുള്ള മനോധൈൎയ്യവും, അതിനിടയാക്കിയ സങ്കടാധിക്യവും കാണുമ്പോൾ അക്രമികൾ തീൎച്ചയായിട്ടും സ്വകൃത്യത്തിൽനിന്നും വിരമിക്കേണ്ടതാണു്. അക്രമിയെ വധിക്കുന്നതോ സ്വയം വധിക്കപ്പെടുന്നതോ നല്ലതെന്നുള്ള ചോദ്യത്തിനു് ഞാൻ പറയുന്നതു, ഇതാണു്. അക്രമിയെ വധിക്കുന്നതിനേക്കാൾ, സ്വയം വധിക്കപ്പെടുക."

-oꕥꕥ-ꕥ-ꕥꕥo-

# ഗാന്ധിജി സന്ദർശിച്ച ഗ്രാമങ്ങൾ



# ഗ്രാമങ്ങളും
# അവ സന്ദർശിച്ച ദിവസങ്ങളും

| ഗ്രാമങ്ങളുടെ നമ്പർ | ഗ്രാമങ്ങൾ | സന്ദർശിച്ച സമയം മുതൽ - | വരെ |
|---|---|---|---|
| 1. | ചാന്ദ്പൂർ | ജനുവരി 2 | 6 ,, |
| 2. | മാസിംപൂർ | ,, | 7 ,, |
| 3. | ഫത്തിപ്പൂർ | ,, | 8 ,, |
| 4. | ദസ്പാറാ | ,, | 9 ,, |
| 5. | ജഗത്പൂർ | ,, | 10 ,, |
| 6. | ലംചാർ | ,, | 11 ,, |
| 7. | കാർപാറാ | ,, | 12 ,, |
| 8. | ഷാപൂരം | ,, | 13 ,, |
| 9. | ട്യാൽപൂരം | ,, | 14 ,, |
| 10. | നാരായണപൂരം | ,, | 15 ,, |
| 11. | തസ്കാരിയ | ,, | 16 ,, |
| 12. | പാക്കോട്ട് | ,, | 17 ,, |
| 13. | ആത്ഖോറ | ,, | 18 ,, |
| 14. | സിരാന്ധി | ,, | 19 ,, |
| 15. | കേത്തുരി | ,, | 20 ,, |
| 16 | പനിയാംല | ,, | 21 ,, |
| 17. | ട്ടാൽഡാ | ,, | 22 ,, |
| 18. | മുറിയാം | ,, | 23 ,, |
| 19. | ഹസ്നാംബാദ് | ,, | 24 ,, |
| 20. | മഹമ്മദ്പൂർ | ,, | 25 ,, |
| 21. | പല്ല്യാ | ,, | 26 ,, |
| 22. | ഖമൽക്കോട്ട് | ,, | 27 ,, |
| 23. | ശാദ്ഗിൽ | ,, | 28 ,, |
| 24. | പാവോർ | ,, | 29 ,, |
| 25. | ജോയാക്ക് | ,, | 30 ,, |
| 26. | അമ്കി | ,, | 31 ,, |
| 27. | നവോരി | ഫെബ്രുവരി 1-ാംതിയതി | |

# സമാധാനദൗത്യം

(ഉപസംഹാരം)

കിഴക്കേബംഗാളിലുള്ള ഹിന്ദുക്കളുടേയും, മുസ്ലീങ്ങളുടേയും ഇടയിൽ സാഹോദര്യം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള മഹാത്മജിയുടെതീൎത്ഥയാത്ര നൗഖാലിജില്ലയിലുള്ള ശ്രീരാമപുരത്തുനിന്നും 1947-ജനുവരി 2-ാംതീയതി ആരംഭിച്ചു. ആയാത്രയുടെ പ്രഥമപാദം "ശ്രീനഗരം" എന്ന ഗ്രാമത്തിൽ അവസാനിപ്പിച്ചു. യാത്രയുടെ ദ്വിതീയപാദം ഫെബ്രുവരിമാസം 5-ാംതീയതി ആരംഭിച്ചിട്ട് 24-ാംതീയതി ഹെയിംസാർ എന്നഗ്രാമത്തിൽ അവസാനിപ്പിച്ചു. ആദ്യഘട്ടം, നൗഖാലിജില്ലയിലും, അനന്തരഘട്ടം തിപ്പേരാഡിസ്ട്രിക്ടിലും സഞ്ചരിച്ചു. നൗഖലിജില്ലയിൽ 4-ഗ്രാമങ്ങളും, തിപ്പേരായിൽ 7- ഗ്രാമങ്ങളും സന്ദർശിച്ചു. ദിവസവും വൈകുന്നേരം ഓരോമൈൽ ചുററിനടക്കുന്നതുകണക്കാക്കാതെ, ആകെ 116 മൈൽ അദ്ദേഹം നടന്നുകഴിഞ്ഞു.

തന്റെ സഞ്ചാരം, പുണ്യക്ഷേത്രഭൂമികളിലേയ്ക്കുള്ള തീൎത്ഥയാത്രയാണെന്നു് സങ്കല്പിച്ചതുകൊണ്ടാണു് ഗാന്ധിജി പാദരക്ഷ ഉപയോഗിക്കാത്തതു്. ദിവസവും രാവിലെ 7-30-നു് മുൻപേ യാത്ര തുടങ്ങും. അദ്ദേഹത്തിനുമുൻപിൽ പ്രഫസർ നിർമ്മൽബോസും, പിറകേ, 20-വയസ്സുമാത്രം പ്രായമുള്ള ശ്രീമതി മനുഗാന്ധിയും നടന്നുപോകും.

ഗാന്ധിജി നടന്നുപോകുമ്പോൾ, വഴിയിൽക്കാണുന്ന മുസ്ലീങ്ങളെ വന്ദിക്കുക സാധാരണമാണു്. പ്രത്യഭിവാ

ദനം വേണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നില്ല. മഹാത്മജിയുടെ ഉപദേശമനുസരിച്ചു് അദ്ദേഹം സഞ്ചരിക്കുന്ന ഗ്രാമങ്ങളിൽ അദ്ദേഹത്തിൻെറ അനുയായികൾ സമാധാനസ്ഥാപനത്തിനും, സമുദായോദ്ധാരണത്തിനും വേണ്ട പ്രവൎത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. ഓരോ ഗ്രാമങ്ങളിലും അദ്ദേഹം അവരെസന്ധിക്കുകയും അവരുടെപ്രവൃത്തികളെപരിശോധിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഗ്രാമീണസ്ത്രീജനങ്ങളെസംബോധനചെയ്യുമ്പോൾ, ഗ്രാമങ്ങളെ ശുചിയാക്കിവെയ്ക്കുന്നതിനും, അയിത്താചാരം ഉപേക്ഷിക്കുന്നതിനും വേണ്ടി അദ്ദേഹം ഉപദേശം നൽകിക്കൊണ്ടിരുന്നു. മുസ്ലിംഭവനങ്ങൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു; മുസ്ലിംവനിതകൾ അദ്ദേഹവുമൊത്തു് ഛായാപടം എടുക്കുന്നതിനു് താല്പര്യപ്പെട്ടു. മുസ്ലീമെന്നും ഹിന്ദുവെന്നുമുള്ള ഭേദം അദ്ദേഹത്തിൻെറ സന്ദർശനഗ്രാമങ്ങളിൽനിന്നും അകററപ്പെട്ടു!

ഭയം വെടിഞ്ഞു, സമുദായങ്ങൾ പരസ്പരം സൗഹാർദ്ദം പുലർത്തുന്നതിനു് അദ്ദേഹം ഗ്രാമവാസികളെ ഉപദേശിച്ചു. ടിപ്പേരാഡിസ്റ്റ്റിക്ടിൽ "സാർ" എന്നപ്രകൃതിയിൽ അധികവും താമസിച്ചിരുന്നതു, അവർണ്ണവർഗ്ഗക്കാരിലും അധഃപതിതരെന്നു് ഗണിക്കപ്പെട്ടിരുന്ന "നാമസൂത്ര" എന്ന ജാതിക്കാരായിരുന്നു. ഗാന്ധിജി അവിടെ താമസിച്ചതു് അവരുടെ ഗൃഹങ്ങളിലായിരുന്നു. അവർ അദ്ദേഹത്തിൻെറ സമാഗമം, "ജയ്ഹിന്ദ്!" ഘോഷങ്ങളോടുകൂടി സ്വീകരിച്ചു. അയിത്തവിചാരം തദ്ദേശവാസികളുടെ ഹൃദയങ്ങളിൽനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു.

ഹെയിംസാർഗ്രാമത്തിൽ ഏതാനും ദിവസങ്ങൾ ശരി

രായാസം നിർവഹിച്ചിട്ട് വീണ്ടും, തൻെറ യാത്രയുടെ തൃതീയപാദം ആരംഭിക്കണമെന്നായിരുന്നു ഗാന്ധിജിയുടെ ആഗ്രഹം. പക്ഷേ, ചില പ്രത്യേകപരിതസ്ഥിതികളാൽ ആ നിശ്ചയത്തിന് താല്ക്കാലികമായ ഒരു വിരാമം നൽകേണ്ടിവന്നു. അദ്ദേഹം പെട്ടെന്ന് ബീഹാറിലേക്കുപോകേണ്ടതു് അവശ്യമായി വന്നുകൂടി. തൽസംബന്ധമായി അദ്ദേഹം നടത്തിയ ഒരു പ്രസംഗത്തിൽ ഇപ്രകാരം കാണുന്നു:-

"ബംഗാളിൽ മുസ്ലീങ്ങൾ അനുഷ്ഠിച്ചിട്ടുള്ളതിൽനിന്നും, എത്രയോ ഭയങ്കരമാണ് ബിഹാറിലെ ഹിന്ദുക്കൾ അനുവർത്തിച്ചിട്ടുള്ള അക്രമങ്ങൾ. എന്നെ ബീഹാറിലേക്കുപോകുന്നതിന് മുസ്‌ലീങ്ങൾ നിർബന്ധിച്ചിരുന്നു. എങ്കിലും, എൻെറ യാത്രകൂടാതെതന്നെ ബിഹാർഹിന്ദുക്കൾ ശാന്തരായും, ന്യായസ്ഥരായും വർത്തിക്കുമെന്ന് ഞാൻ കരുതിയിരുന്നു. ഇപ്പോഴാകട്ടെ അതിനുവിപരീതമായ ഒരനുഭവമാണുണ്ടായിക്കൊണ്ടിരുന്നതു്. എൻെറ ഉദ്ദേശംപോലെ ബീഹാർ ശാന്തമായിട്ടില്ലെന്നും, എൻെറ സാന്നിദ്ധ്യം ബംഗാളിലെന്നപോലെ ബീഹാറിലും അത്യന്താപേക്ഷിതമാണെന്നും, ബിഹാർ ഗ്രാമോദ്ധാരണമന്ത്രിയായ ഡാക്ടർ സെയിദ്മഹമ്മദ് തൻെറ കാര്യദർശിയുടെ കൈയ്യിൽ എനിക്ക് ഒരു കത്തു് കൊടുത്തയച്ചിരിക്കുന്നു. ബംഗാളിൽവന്ന്, ഹിന്ദുക്കളുടെക്ഷേമം അന്വേഷിക്കുന്നതുപോലെ ബീഹാറിൽച്ചെന്ന് മുസ്ലീങ്ങളുടേയും ക്ഷേമം അന്വേഷിക്കേണ്ടതു് എൻെറ കടമയാണെന്ന് അദ്ദേഹം ഉൽബോധിപ്പിക്കുന്നു. അതിനെ എനിക്ക് അവഗണിക്കുവാൻ സാധ്യമല്ല."

അങ്ങിനെ, മാർച്ചുമാസം 2-ാംതീയതി, മദ്ധ്യാഹ്നം രണ്ടുമണിക്ക് ആ മഹായോഗി, ക്രുപ്പിയകൈകളുമായി ഹൈയിംസാറിലുള്ള തൻെറ കുടിലിൽനിന്നും വെളിയിലേക്ക് ഇറങ്ങി. രണ്ടുമാസക്കാലത്തോളം, ഉപയോഗിക്കാതെ ഉപേക്ഷിച്ചിരുന്ന പാദരക്ഷ വീണ്ടും ധരിച്ചുകൊണ്ട് അദ്ദേഹം ജനങ്ങളുടെമുമ്പിൽ പ്രത്യക്ഷപ്പെട്ടു. അനന്തരം ഒരു "ജീപ്"കാറിൽ കയറി ചാന്ദ്പൂരിലേക്ക്പുറപ്പെട്ടു. പരേതനായ ദേശഭക്തൻ ശ്രീ. ഹരിദയാലിൻെറ ഗൃഹത്തിൽ താമസിച്ചുകൊണ്ട്, അന്നുവൈകുന്നേരം അവിടെവച്ചുകൂടിയ ഒരു മഹായോഗത്തിൽ അദ്ദേഹം പ്രസംഗിച്ചു. അവിടെനിന്നും യാത്രതിരിച്ച്, രാത്രി 9-30-ന് കൽക്കട്ടായുടെ സമീപമുള്ള ജോത്പുരത്തിൽ വന്നുചേന്നു.

നൗഖാലിയിൽ നടത്തിയ തൻെറ ശാന്തിയജ്ഞം സമാപ്തിയിൽ എത്തിച്ചേർന്നില്ലെന്ന് അദ്ദേഹം കരുതുന്നു. അതിൻെറഫലം ഏതുരൂപത്തിലായിരിക്കുമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നില്ല. പക്ഷേ, ആ യജ്ഞം എന്നെങ്കിലും സമ്പൂർണ്ണവിജയം പ്രാപിക്കുമെന്നുതന്നെയാണ് അദ്ദേഹത്തിൻെറ നിശ്ചയം. ഇന്നല്ലെങ്കിൽ നാളെ അതു് ജയിക്കും. ജയം അനുഭവിക്കുവാൻ, ഒരുപക്ഷേ, തനിക്കുഭാഗ്യമുണ്ടായില്ലെങ്കിൽത്തന്നെയും അതുകൊണ്ടു് ഖേദിക്കാനില്ല. ഒരു മഹത്തായ കാര്യലാഭത്തിനുവേണ്ടി ജീവിതം സമർപ്പിച്ചതായി അദ്ദേഹം അഭിമാനിക്കുന്നു. ലക്ഷ്യം നിശ്ചയിച്ചിട്ട് യാത്രതുടരുകയും, ശക്തിയും ഫലവും ഈശപാദേത്തിൽ സമർപ്പിക്കുകയും ചെയ്യുന്നു. രക്തത്തിൽനിന്നും,സ്വാതന്ത്ര്യം വിളയിച്ചെടുക്കുവാനുള്ള കർമ്മയജ്ഞം. അതുവിജയിക്കുകതന്നെ ചെയ്യും.

താൻ വിഭാവനം ചെയ്യുന്ന "രാമരാജ്യം" അടുത്തുതന്നെ സമാഗതമാകുമെന്നും ഗാന്ധിജി ആഗ്രഹിക്കുന്നു. "രാമരാജ്യം" എന്നുപറയുന്നതിന്റെ അർത്ഥം എന്താണെന്നു് ചോദിച്ച ഒരു മുസൽമാൻസഹോദരനോട്ടു് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:—

"ഇൻഡ്യയിൽ രാമരാജ്യം സ്ഥാപിതമാകുന്നതു് ഈ കണ്ണുകൊണ്ടുകാണുവാൻ, ആത്തിപൂവ്വം കാത്തിരിക്കുന്നവനാണു് ഞാൻ. "രാമരാജ്യം" എന്നുപറയുമ്പോൾ, അതു് ഒരു ഹിന്ദുഭരണ വേഴ്ചയാണെന്നു് ആരും കരുതേണ്ടതില്ല. രാമൻ എന്നു് ഞാൻ പറയുന്നതു് ഈശ്വരൻ എന്ന അത്ഥത്തിലാണു്. അതുകൊണ്ടു്, ഞാൻ ഭൂമിയിൽസ്ഥാപിതമായിക്കാണുവാൻ ആഗ്രഹിക്കുന്നരാജ്യം ഈശ്വരന്റെ രാജ്യം അല്ലെങ്കിൽ ഖുദായുടെ രാജ്യമാണു്. ഇതിനു് സദൃശമായ ഒരുരാജ്യം ആ "കാലിഫ്ഫുകൾ" നാലുപേരുടെ ഭരണകാലത്തുണ്ടായിരുന്നു. അതുപോലുള്ള ഒരു രാജ്യം സ്ഥാപിതമായാൽഇൻഡ്യയിലുള്ളഎല്ലാപേർക്കും മാത്രമല്ല,ലോകത്തിലുള്ളഎല്ലാപേക്കും തന്നെ ക്ഷേമമുണ്ടാകുന്നതാണു്."

# ശ്രീ മഹാത്മാ മോഹനദാസ് കരംചന്ദ് ഗാന്ധി

(ജീവചരിത്രക്കുറിപ്പ്)

കത്തിയവാർ സംസ്ഥാനത്തിലെയും പോരബന്ത രിലെയും ദിവാനായിരുന്ന ശ്രീ കരംചന്ദ് ഗാന്ധിയുടെ പുത്രനായി 1869-ഒക്ടോബർ 5 ാംതീയതി ഗാന്ധിജി അവതരിച്ചു. രാജാക്കോട്ട, ഭവനഗർ എന്നീസ്ഥലങ്ങളിൽനിന്നും ബാല്യവിദ്യാഭ്യാസം നേടിയിട്ട്, ലണ്ടനിൽച്ചെന്ന് അവസാനമായി ബാരിസ്റ്റർബിരുദം സമ്പാദിച്ചു. ബോംബേ, കത്തിയവാർ, ദക്ഷിണ ആഫ്രിക്ക എന്നിവിടങ്ങളിൽ അദ്ദേഹം വക്കീൽപ്പണി നടത്തിയിരുന്നു. 1894-ൽ നേററലിൻഡ്യൻ കാൺഗ്രസ്സ് സ്ഥാപിച്ചു. 1895-ൽ ഇൻഡ്യയിലേക്ക് മടങ്ങിവന്നു. നേററലിലേയും, ട്രാൻസ്വാളിലേയും ഇൻഡ്യാക്കാക്കുവേണ്ടി അദ്ദേഹം ഇൻഡ്യയിൽ ഒരു പ്രക്ഷോഭണം ആരംഭിച്ച് ഡർബാനിലേക്ക് മടങ്ങിപ്പോയി. കപ്പലിൽനിന്നും തുറമുഖത്തിറങ്ങുവാൻ തുടങ്ങിയ ഗാന്ധിജിയെ ഒരു വലിയജനക്കൂട്ടം ക്രൂരമായി ആക്രമിച്ചു. ആത്മശക്തികൊണ്ടും ഈശ്വരാനുകൂല്യം കൊണ്ടും ആ പ്രാണാപായത്തിൽനിന്നും രക്ഷപ്പെട്ടു. നേററലിൽവച്ചുണ്ടായ "ആംഗ്ലോ-ബോർ" "സുലാ" എന്നീസമരങ്ങളിൽ ഒരു ഇൻഡ്യൻരക്ഷകസൈന്യത്തെ നയിച്ചു. നഷ്ടപ്പെട്ടുപോയ ആരോഗ്യം വീണ്ടെടുക്കുന്നതിനായി 1901-ൽ അദ്ദേഹം വീണ്ടും ജന്മദേശത്തേക്കുമടങ്ങി. ചേംബർലൈനുനേരേ ഒരു ഡെപ്യൂട്ടേഷൻനയിക്കുന്നതിനു

വേണ്ടി അദ്ദേഹം ഉടൻതന്നെ ദക്ഷിണാഫ്രിക്കയിലേക്ക് മടങ്ങിപ്പോയി.—1907-ലെ "ആൻറി ഏഷ്യാററിക്-ആക്ടി"നെ എതിർത്തുകൊണ്ടു് അദ്ദേഹം ഒരു പ്രക്ഷോഭണം തുടങ്ങി.

കഴിവുള്ളിടത്തോളം പ്രസ്തുതനിയമത്തെ എതിർത്തുനില്ക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. ജനറൽസ്മട്സ്സുമായി ഇണങ്ങിയും പിണങ്ങിയും വാദം നടത്തി. അവസാനം ഒരു ഒത്തുതീർപ്പിലെത്തി—എങ്കിലും സ്മട്സ് വാഗ്ദാനലംഘനംചെയ്തു. ഗാന്ധിജി നിയമം നിഷേധിച്ചു. ആ നിയമലംഘനത്തിൻ അദ്ദേഹം രണ്ടുപ്രാവശ്യം ജയിലിൽ അടയ്ക്കപ്പെട്ടു. ഇൻഡ്യാക്കാരുടെ സ്ഥിതികളുടെ വാസ്തവരൂപം ധരിപ്പിക്കുവാൻവേണ്ടി അദ്ദേഹം 1909-ൽ ഇംഗ്ലണ്ടിലെത്തി. ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടുള്ള അഞ്ചുകൊല്ലത്തെ അദ്ദേഹത്തിൻെറ നിരന്തരപരിശ്രമത്തിൻെറ ഫലമായി ദക്ഷിണാഫ്രിക്കയിലെ ഇൻഡ്യാക്കാൎക്കുവേണ്ടിയുള്ള ഒരു വ്യാവസായികനയം രൂപീകൃതമായി.

അക്കാലങ്ങളിൽ അദ്ദേഹത്തിൻെറ സഹനസമരവേളയിൽ അനേകം സന്നദ്ധഭടന്മാർ ചേൎന്നുകൊണ്ടിരുന്നു. സത്യഗ്രഹപ്രസ്ഥാനം ആരംഭിച്ചു് അല്പാല്പം അഭിവൃദ്ധമായിക്കൊണ്ടിരുന്നു. 1915_ൽ അദ്ദേഹം ഇൻഡ്യയിലേക്കുമടങ്ങിവരുകയും അഹമ്മദബാദിൽ ഒരു സത്യാഗ്രഹാശ്രമം സ്ഥാപിക്കുകയും ചെയ്തു. 1917-ൽ ചാംപരൻ എന്നസ്ഥലത്തുണ്ടായ തൊഴിലാളിക്കുഴപ്പത്തിനും, 1918-ൽ അഹമ്മദ്ബാദ് കെയിറോ എന്നിവിടങ്ങളിലുണ്ടായ സ്റ്റ്റൈക്കുകളിലും അദ്ദേഹം തൻെറ പുതിയ സത്യാഗ്രഹായുധം പ്രയോഗിച്ചു.

1919-ലെ റൗലത്തു് ആക്ടിനെ പ്രതിക്ഷേധിച്ചുകൊണ്ടുണ്ടായ സത്യാഗ്രഹപ്രസ്ഥാനത്തിൻെറ നേതൃത്വം വഹിച്ചതുകൊണ്ടു്, ഡൽഹിയിലേക്കു് യാത്രചെയ്തിരുന്ന അദ്ദേഹം, പാംമാം എന്ന സ്ഥലത്തുവച്ചു് അറസ്ററു ചെയ്യപ്പെട്ടുകയും തിരിച്ചു് ബാംബേയിലേക്കു് അയക്കപ്പെട്ടുകയും ചെയ്തു. 1919-ൽത്തന്നെ പഞ്ചാബിൽ നടന്ന അതിഭയങ്കരമായ വിപ്ലവകാലത്തു്, ജലയിൻവാലാബാഗിൽ നടന്ന പട്ടുകൊലകളുടെ പരമാൎത്ഥം ഗ്രഹിക്കുവാൻ അദ്ദേഹം കാൺഗ്രസ്സിൻെറ അന്വേഷകസമിതിയുടെ അദ്ധ്യക്ഷനായിപ്പോന്നിരുന്നു.

1920—21- എന്നീകാലങ്ങളിലെ "ഖിലാഫത്തു്" പ്രക്ഷോഭണത്തിലും, നിസ്സഹകരണപ്രസ്ഥാനത്തിലും അദ്ദേഹം പങ്കുകൊണ്ടു. 1921-മേ മാസം പ്രസ്തുതവിപ്ലവങ്ങൾക്കുവേണ്ടി അദ്ദേഹം ലാർഡു റീഡ്ഡിംഗിനെ സമീപിച്ചു. 1921-ൽത്തന്നെ കാൺഗ്രസ്സിൻെറ പരമാധികാരം അദ്ദേഹത്തിനു് സിദ്ധിച്ചു. 1922-ൽ സിവിൾ നിയമലംഘന പ്രസ്ഥാനം ആരംഭിച്ചു. ചൗരി-ചൗരാ (Chauri-Chaura) പ്രക്ഷോഭണത്തിൽപങ്കുകൊള്ളാതിരിക്കുവാൻവേണ്ടി അദ്ദേഹം സെൻട്രൽ ഡിസ്ററ്റിക്കുകളിൽനിന്നും തടയപ്പെട്ടു. ഇൻഡ്യൻവാദം അദ്ദേഹം ലോകമുഖങ്ങളിൽ വ്യാപരിപ്പിച്ചു.

1922-മാർച്ചു 12-ാംതീയതി അദ്ദേഹം വീണ്ടും ആറുകൊല്ലം വെറുംതടവിനു ശിക്ഷിക്കപ്പെട്ടുവെങ്കിലും 1924-ഫെബ്രുവരിയിൽ മോചിതനായിത്തീർന്നു.

1925-ൽ ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിൻെറ അദ്ധ്യക്ഷപദം അലങ്കരിച്ചു.

ഗ്രാമോദ്ധാരണം, ഹരിജനസേവാ, ഖാദി, മുതലായ പ്രസ്ഥാനങ്ങൾ ആരംഭിച്ചു അഭിവൃദ്ധമാക്കി.

1930 ലെ ഉപ്പുനിയമലംഘനപ്രസ്ഥാനത്തിൽ ദണ്ഡിയിൽ വച്ചു അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. 1931-ജനുവരിയിൽ വീണ്ടും വിമോചിതനായി.

"ഗാന്ധി-ഇർവ്വിൻ" കൂടിക്കാഴ്ചകളുടെ ഫലമായി അദ്ദേഹം 1931-ൽ രണ്ടാം വട്ടമേശസമ്മേളനത്തിൽ ഇൻഡ്യയെ പ്രതിനിധീകരിക്കുവാൻ ഇംഗ്ലണ്ടിൽ എത്തി.

സമ്മേളനഫലം ശൂന്യമാകയാൽ അദ്ദേഹം വീണ്ടും ഇൻഡ്യയിൽ വന്നു ജയിൽശിക്ഷവരിച്ചു് നിരാഹാരവ്രതം തുടങ്ങി. 1932-ജനുവരിയിൽ ജയിലിലടയ്ക്കപ്പെട്ടു അദ്ദേഹം 1933-മേ മാസം വീണ്ടും വിമോചിതനായി!

1935-ൽ ഗാന്ധിജി കാൺഗ്രസ്സുമായുള്ള തൻെറ കെട്ടുപാടുകൾ അകററിനിർത്തിയിട്ടു, ഹരിജനോദ്ധാരണ പരിശ്രമങ്ങൾക്കുവേണ്ടി മുഴുവൻ സമയവും ഉപയോഗിച്ചു.

ബംഗാളിലെ രാഷ്ട്രീയത്തടവുകാരെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള അദ്ദേഹത്തിൻെറ ശ്രമം ഫലമായി.

"രാജക്കോട്ട" സംസ്ഥാനത്തേയ്ക്കുവേണ്ടി 1939-ൽ അദ്ദേഹം വീണ്ടും നിരാഹാരവ്രതം സ്വീകരിച്ചു.

അഖിലേന്ത്യാ കാൺഗ്രസ്സ് സമിതി "ക്വിററ്—ഇൻഡ്യാ" വാദം അവതരിപ്പിച്ചതോടുകൂടി 1942-ആഗസ്ററ സമരത്തിൽ അദ്ദേഹം വീണ്ടും അറസ്ററുചെയ്യപ്പെട്ടു.

ക്വിററിൻഡ്യാവാദം അവതരിപ്പിച്ചുകൊണ്ടു് അഖിലേന്ത്യാകാൺഗ്രസ്സ്കമ്മററി മഹാത്മജിയുടെ ഉപദേശം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ സന്ദേശം ഇതായിരുന്നു:—

"പ്രവർത്തിക്കുക—
അല്ലെങ്കിൽ—മരിക്കുക!"



309
R. Krishnan Nadar.
Teacher
Kidarakuzhi

# ജൈത്രയാത്ര

309
JAWAHAR SMARAKA GRANDHA SALA
REG. NO: 3273
VENGANOOR P.O.
KIDARAKUZHY



ഗ്രന്ഥകർത്താ-

തിരുനയിനാർകുറിച്ചി

**കെ. മാധവൻനായർ.**

CENTRAL PRESS, TRIVANDRUM.